പുതുപ്പള്ളി ഗ്രാമപഞ്ചായത്ത്

വികസനരേഖ



54-4




ഒൻപതാം പദ്ധതി ജനകീയ പദ്ധതി

വികസന റിപ്പോർട്ട്

പുതുപ്പള്ളി ഗ്രാമപഞ്ചായത്ത്

പുതുപ്പള്ളി പഞ്ചായത്ത്






"ബ്രിട്ടീഷുകാരുടെ നുകത്തിൻ കീഴിൽനിന്ന് ഇൻഡ്യയെ മോചിപ്പിക്കുക എന്നതു മാത്രമല്ല എന്റെ ലക്ഷ്യം. എല്ലാത്തരം അടിമത്തത്തിൽനിന്നും രാജ്യത്തെ മോചിപ്പിക്കാൻ ഞാൻ ദൃഢപ്രതിജ്ഞ ചെയ്തിരിക്കുകയാണ്. ഒരു രാജഭരണത്തിനുപകരം മറ്റൊരു രാജഭരണം ഏർപ്പെടുത്തുന്നതിൽ എനിക്ക് താല്പര്യമില്ല. രാജ്യത്തിലെ ഏറ്റവും എളിയവൻപോലും സ്വതന്ത്രനാവുക എന്നതാണ് എന്നെ സംബന്ധിച്ചിടത്തോളം സ്വരാജിന്റെ അർത്ഥം. അധികാരം ഏതാനും വ്യക്തികളിലേക്ക് പകർന്നു കിട്ടുന്നതു കൊണ്ട് യഥാർത്ഥ സ്വരാജ് സ്ഥാപിതമാകുമെന്ന് ഞാൻ കരുതുന്നില്ല. സ്വരാജ് യാഥാർത്ഥ്യമാകുന്നത്, അധികാരം ദുർവിനിയോഗം ചെയ്യുമ്പോൾ അതിനെയെതിർക്കാൻ ജനതയാകെ ശക്തി സംഭരിക്കുന്ന അവസരത്തിൽ മാത്രമായിരിക്കും."

– ഗാന്ധിജി


അറിവാണ് ജനങ്ങളിലേക്ക്

പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതി



സാബു പുതുപ്പറമ്പിൽ
വൈസ് പ്രസിഡൻറ്



ശ്രീമതി ജോയിസ് മാത്യു
പ്രസിഡൻറ്




ശ്രീമതി. അന്നമ്മ കുര്യൻ
സ്റ്റാൻഡിംഗ് കമ്മറ്റി
ചെയർപേഴ്സൺ




ശ്രീമതി ജസ്സിമോൾ മനോജ്
മെമ്പർ വാർഡ് 1




ശ്രീമതി ഏലിയാമ്മ ഇട്ടി
മെമ്പർ വാർ 3



പൊന്നോശൻ ഗോപാലൻ
മെമ്പർ വാർഡ് 4



സണ്ണി ഇഞ്ചക്കാടൻ
മെമ്പർ വാർഡ 5




അഡ്വ: ബിനോ ഐ. ടോം
മെമ്പർ വാർഡ് 6




ശ്രീ. തോമസ് ചെറിയാൻ
മെമ്പർ വാർഡ് 8




ശ്രീ. റ്റി., ജെ. ജോസഫ്
മെമ്പർ വാർഡ് 9




ശ്രീ. സി.ജി. ജോർജ്
മെമ്പർ വാർഡ് 11



ശ്രീ. കെ.കെ. ദിവാകരൻ
സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി



അജിത് പ്രസാദ്
കൺവീനർ, ജനകീയാ
സൂത്രണ സമിതി



ജോർജ് കെ. എബ്രഹാം
ബ്ലോക്ക് പഞ്ചാ: മെമ്പർ



കുമാരി ജോളി ജോർജ്
ബ്ലോക്ക് പഞ്ചാ: മെമ്പർ




































പുതുപ്പള്ളി ഗ്രാമ പഞ്ചായത്ത് ആഫീസ്



പഞ്ചായത്ത് സ്റ്റാഫ് അംഗങ്ങൾ പ്രസിഡൻറിനോടും വൈസ് പ്രസിഡൻറിനോടുമൊപ്പം





ഉള്ളടക്കം

ആമുഖം

ചരിത്രപശ്ചാത്തലം

ഭൂപ്രകൃതിയും വിഭവങ്ങളും

വികസനമേഖലകൾ

കൃഷി ജലസേചനം

മൃഗസംരക്ഷണം മത്സ്യപരിപാലനം

വിദ്യാഭ്യാസം

ആരോഗ്യം, കുടിവെള്ളം

വ്യവസായം

റോഡുകൾ ഊർജ്ജം

ഭവനനിർമ്മാണം സാമൂഹ്യക്ഷേമം

സംസ്കാരം

വനിത

സഹകരണം

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

വിഭവസമാഹരണം

ഉപസംഹാരം

അനുബന്ധം

ഈ രേഖ എഡിറ്റു ചെയ്തു തയ്യാറാക്കിയത്

- ആ . അജിത് പ്രസാദ്
- വി.പി. ചന്ദ്രചൂഡൻ നായർ
- കുമാരി ജോളി ജോർജ്ജ്
- അഡ്വ. ബിനോ ഐ. ടോം
- മാത്യു പി. ജേക്കബ്
- കെ.എൻ. മനോജ്

ഗ്രൂപ്പ് സബ് കമ്മറ്റി അംഗങ്ങൾ

ജോസഫ്, വാഴവേലിൽ ● പ്രൊഫ. നൈനാൻ എബ്രഹാം; കടുപ്പിൽ ● എം. ഐ. ഐയപ്പ്., വലിയ പറമ്പിൽ ● ബിജു പി. റ്റി, പാലയ്ക്കൽ ● എം. എൻ. വിജയകുമാരി, പായിക്കാടം ● റ്റി. സി. മോനി, അടിച്ചിലിൽ ● ഏ. പി ജോസ്, അമ്മകുന്നേൽ ● സി.ഐ. കരുണാകരൻ, ചെങ്ങളക്കാട്ട് ● വി. എം. ബിജു, വരേപ്പള്ളിൽ ● തോമസുകുട്ടി, കാവുങ്കൽ ● ഐസൽ കുര്യൻ, കൊല്ലംപറമ്പിൽ ● പി. സി. അനിൽ കുമാർ, അടിച്ചിലിൽ ● കെ. എൻ. സുരേഷ്, കക്കുഴിയിൽ ● പി. കെ. ബാബു, പാറപ്പുറമ്പിൽ ● കെ. എൻ. ശശി, പുത്തൻ പുരയിൽ ● ജഗദമ്മ ഗോപാലൻ, ചാലക്കുഴി ● തോമസ് ഫിലിപ്പ്,, കുറ്റിക്കൽ ● കൃഷ്ണൻ നമ്പ്യാർ, നമ്പ്യാർ മഠം ● ജോൺ ജോർജ്ജ്, പാറപ്പള്ളിച്ചിറ ● പി. ഐ. എബ്രഹാം, പുരയിടത്തിൽ പറമ്പിൽ ● എം. എം. ജേക്കബ്, വാര്യ വീട്ടിൽ ● വീ. സി. കോര, വാഴേട്ട് ● രാജൻ, നടുവത്തുചിറ ● രവീന്ദ്രൻ നായർ, രാധാലയം ● കെ. ഐ. എബ്രഹാം, പുള്ളതേമറ്റത്തിൽ ● പി. കെ. കോശി, പുരയിടത്തി പറമ്പിൽ ● സാംകുട്ടി, മറ്റത്തിൽ ● ശാന്തമ്മ തോമസ് പരക്കുന്നേൽ ● സരസ്വതി രാജൻ കുന്നേൽ ● എം. എൻ. നളിനാക്ഷി, മേച്ചരിൽ ● സരസമ്മ കെ. വി. കൊല്ലം പറമ്പിൽ ● ശാന്തമ്മ ദാമോദരൻ, ശാന്തി ഭവൻ ● റ്റി. എം. തോമസ്, തോങ്ങുകണ്ടം ● റോഷൻ പി. ഇട്ടി, മച്ചുകാട് ● കെ. ജോൺ കുര്യൻ, വടക്കേക്കര ● രാജു കുളത്തറ ● റെജിമോൻ വി. സി. വാഴേപറമ്പിൽ ● പി. ജി. വിജയൻ കൊച്ചുമറ്റം ● വി. കെ. കേശവൻ, ചെമ്പോലയിൽ ● ജോൺ പി. മാത്യു, പുതുപറമ്പിൽ ● പി. ജോർജ്ജ് ജോസഫ്, കൊച്ചു ചാലയ്ക്കൽ ● മുരളീധരൻ നായർ.

Typeset & Printed at :
Graphic Systems, Kottayam. Ph: 565553

ആമുഖം

അധികാരം ജനങ്ങളിലേക്ക്

ഭരണഘടനയുടെ 73, 74 ഭേദഗതികളിലൂടെ ത്രിതല പഞ്ചായത്തീരാജ് സമ്പ്രദായം നടപ്പിലാക്കുന്നതിനു സംസ്ഥാനങ്ങൾ നിർബന്ധിക്കപ്പെട്ട സാഹചര്യത്തിലാണു 1994-ൽ കേരള നിയമസഭ പഞ്ചായത്തുരാജ് നിയമത്തിനു രൂപംകൊടുത്തത്. 1995 ഒക്ടോബർ 2-നു പുതിയ സമ്പ്രദായത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ അധികാരത്തിൽവന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഘടനയിലും അധികാരത്തിലും വലിയ മാറ്റങ്ങളാണ് ഈ ഭരണഘടനാ ഭേദഗതിയിലൂടെ ഉണ്ടാക്കുവാൻ കഴിഞ്ഞത്. കേവലം മാർഗ്ഗനിർദ്ദേശക തത്വങ്ങൾ എന്ന നിലയിൽനിന്നും പഞ്ചായത്തുരാജ് നഗരപാലികാ സ്ഥാപനങ്ങൾ ഇന്ന് ഇന്ത്യൻ ഭരണക്രമത്തിന്റെ അവിഭാജ്യവും അനിവാര്യവുമായ ഘടകങ്ങളായി മാറിയിരിക്കുന്നു. എല്ലാ വോട്ടറന്മാർക്കും പ്രത്യക്ഷ പങ്കാളിത്തമുള്ള ഗ്രാമസഭകളും ഈ നിയമം വിഭാവനം ചെയ്യുന്നു. മാത്രമല്ല നിർബന്ധമായും പഞ്ചായത്ത്/മുനിസിപ്പൽ തെരഞ്ഞെടുപ്പുകൾ കാലാകാലങ്ങളിൽ നടത്തണം. സ്ത്രീകൾക്കു മൂന്നിലൊന്ന് അംഗത്വവും ഭാരവാഹിത്വവും സംവരണം ചെയ്യപ്പെട്ടിരിക്കുന്നു.

എല്ലാറ്റിനുമപരിയായി ജില്ലാ ആസൂത്രണസമിതി നിലവിൽവന്നു. ജില്ലയിലെ ആസൂത്രണ പ്രവർത്തനങ്ങളെ ഏകോപിക്കുന്നതിനുള്ള ചുമതല ഈ സമിതിക്കാണ്. പ്ലാനിംഗ് ബോർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി താഴെ തട്ടിൽനിന്നുള്ള ആസൂത്രണം പൂർണ്ണമായി വിവിധ തട്ടുകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണു നിർവഹിക്കേണ്ടത്. ഈ കടമ നിർവഹിക്കുന്നതിനാണു ജനകീയാസൂത്രണ പ്രസ്ഥാനം.

പഞ്ചായത്തുരാജ് നഗരപാലിക സംവിധാനങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന ആസൂത്രണ പ്രക്രിയയിലൂടെ രൂപം നൽകാൻ ശ്രമിക്കുന്ന പുതിയ വികസന രാഷ്ട്രീയ സംസ്കാരത്തിനു തുടക്കം കുറിച്ചത് 1996 ആഗസ്റ്റ് 17-ന് (ചിങ്ങം 1) ആണ്. സാമൂഹ്യ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വികസനപ്രശ്നങ്ങളുടെ മുൻഗണനാക്രമം നിശ്ചയിക്കുകയും അതുപ്രകാരം വിഭവങ്ങൾ നീക്കിവയ്ക്കുകയും ചെയ്യുന്ന പ്രക്രിയയാണ് ആസൂത്രണം. എട്ട് പഞ്ചവത്സരപദ്ധതികളും ആസൂത്രണം ചെയ്തു നടപ്പിലാക്കിയിരുന്നതു ജനങ്ങളുടെ ആവശ്യങ്ങൾക്കോ തീരുമാനങ്ങൾക്കോ അനുസൃതമായിരുന്നില്ല. നേരേമറിച്ച് കേന്ദ്രീകൃതവും ഉദ്യോഗസ്ഥ മേധാവിത്വപരവുമായിരുന്നു. വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയിലൂടെ ഇത്തരം പോരായ്മകൾ പരിഹരിക്കാൻ സാധിക്കും. ജനങ്ങളുടെ ആവശ്യങ്ങളേയും ഓരോ പ്രദേശത്തിന്റെയും ഭൂപ്രകൃതിയുടെ സാധ്യതകളേയും കണക്കിലെടുത്തു പദ്ധതികൾ പ്രാദേശികാടിസ്ഥാനത്തിൽ തയ്യാറാക്കുന്നതിനു കഴിയും തന്മൂലം വിവിധ മേഖലകളുടെ പരസ്പരബന്ധങ്ങൾ മനസ്സിലാക്കുന്നതിനും സംയോജിതമായി വികസന പരിപാടികൾ നടപ്പിലാക്കുന്നതിനും സാധിക്കും. കൂടാതെ പ്രദേശിക വികസനത്തിനാവശ്യമായ വിഭവങ്ങൾ സമാഹരിക്കുന്നതിനും സാധിക്കും. ഒമ്പതാം പദ്ധതിയുടെ ആസൂത്രണം താഴെത്തട്ടിൽനിന്നും ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുവാന തീരുമാനിച്ചതു മേൽ പറഞ്ഞ സമീപനത്തിന്റെ അടിസ്ഥാനത്തിലാണ്.

ആസൂതണ പ്രവർത്തനത്തിൽ ഗ്രാമപഞ്ചായത്തുകളെ സഹായിക്കുന്നതിനായി കോട്ടയം ജില്ലാ ആസൂത്രണസമിതി 96 സെപ്റ്റംബർ മാസത്തിൽ നടത്തിയ ത്രിദിന പരിശീലന പരിപാടിയിൽ 8 പേരെ പങ്കെടുപ്പിച്ചുകൊണ്ടാണു പുതുപ്പള്ളി പഞ്ചായത്തിലെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ജില്ലാതലത്തിൽ പരിശീലനം നേടിയവരുടെ നേതൃത്വത്തിൽ 19.9.'96-നു തെരഞ്ഞെടുക്കപ്പെട്ട 122 പേർക്ക് ഏകദിന പരിശീലനം നൽകി. സെപ്റ്റംബർ 29 മുതൽ വിശേഷാൽ ഗ്രാമസഭകൾ ചേരുന്നതിനു പഞ്ചായത്തുസമിതി തീരുമാനമെടുക്കുകയും പ്രചരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. എല്ലാ വാർഡുകളിലും സ്വാഗതസംഘങ്ങൾ രൂപീകരിക്കുകയും വിശേഷാൽ ഗ്രാമസഭയുടെ പ്രാധാന്യത്തെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കു

കയും ചെയ്തു. അയൽക്കൂട്ടങ്ങൾ ചേരുകയും പ്രാദേശിക പ്രശ്നങ്ങൾ പഠിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു. ഇതു ഗ്രാമസഭകളിലെ ചർച്ചകൾ ജീവസുറ്റതാക്കുന്നതിനു സഹായിക്കുകയുണ്ടായി. 13.10.'96 ഓടെ പഞ്ചായത്തിലെ 11 വാർഡുകളിലും ഗ്രാമസഭകൾ യോഗം ചേർന്നു കഴിഞ്ഞു.

ഗ്രാമസഭകളിലെ ജനപങ്കാളിത്തം

വാർഡ്	1	2	3	4	5	6	7	8	9	10	11	ആകെ
പുരുഷന്മാർ	108	304	123	93	95	164	126	150	148	230	73	
സ്ത്രീകൾ	7	106	35	65	38	95	20	75	4	74	28	
ആകെ	115	410	158	158	133	259	146	225	152	304	101	

ഗ്രാമസഭകളിൽനിന്നു വിഷയ ഗ്രൂപ്പുകളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ടവർ ചേർന്നു പഞ്ചായത്തുതലത്തിൽ അതാതു മേഖലകളെ സംബന്ധിച്ചു വിശദമായി ചർച്ച നടത്തുകയും വാർഡുതല വിവരങ്ങളെ ക്രോഡീകരിക്കുകയും ചെയ്തുകൊണ്ടു രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു. 1993-ൽ പഞ്ചായത്തിൽ നടത്തിയ വിഭവ ഭൂപട നിർമ്മാണം ഈ സന്ദർഭത്തിൽ പ്രയോജനപ്പെട്ടു. തുടർന്നു വിവിധ തലങ്ങളിലുള്ള ചർച്ചകളും യോഗങ്ങളും സംഘടിപ്പിക്കപ്പെട്ടു. രണ്ടാംഘട്ട പരിശീലനത്തെത്തുടർന്നു ദ്വിതീയ വിവരശേഖരണത്തിലൂടെ ലഭ്യമായ സ്ഥിതിവിവര കണക്കുകളും നാട്ടറിവും കേട്ടറിവും പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ടു വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ശ്രമങ്ങൾ ഊർജ്ജിതമായി. വികസന സെമിനാറിൽ അവതരിപ്പിക്കപ്പെടുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്യേണ്ട ഈ വികസനരേഖ തയ്യാറാക്കുന്നതിനു പിന്നിൽ നിരവധി പേരുടെ പ്രയത്നവും സഹകരണവുമാണുള്ളതെന്ന കാര്യം സ്മരിക്കപ്പെടേണ്ടതാണ്.

പൊതുവിവരം

ഗ്രാമ പഞ്ചായത്ത്	:	പുതുപ്പള്ളി
വില്ലേജ്	:	പുതുപ്പള്ളി
ബ്ലോക്ക്	:	പള്ളം
താലൂക്ക്	:	കോട്ടയം
നിയമസഭാ മണ്ഡലം	:	പുതുപ്പള്ളി
വിസ്തീർണ്ണം	:	22.40 ച. കി.മീ.
ജനസംഖ്യ	:	27701 (91 സെൻസസ്)
വീടുകളുടെ എണ്ണം	:	5802
വാർഡുകളുടെ എണ്ണം	:	11

അതിരുകൾ:

വടക്ക്	:	വിജയപുരം ഗ്രാമപഞ്ചായത്ത്
കിഴക്ക്	:	മീനടം ഗ്രാമപഞ്ചായത്ത്
തെക്ക്	:	വാകത്താനം ഗ്രാമപഞ്ചായത്ത്
പടിഞ്ഞാറ്	:	പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്

പ്രസിഡൻറ്	:	ശ്രീമതി ജോയ്സ് മാത്യു
വൈസ് പ്രസിഡൻറ്	:	സാബു പുതുപ്പറമ്പിൽ
സ്റ്റാൻ. കമ്മിറ്റി ചെയർ പേഴ്സൺ	:	ശ്രീമതി അന്നമ്മ കുര്യൻ.

1953-ൽ ഇരവിനല്ലൂർ, എറികാട്, പരിയാരം, പുതുപ്പള്ളി, തോട്ടയ്ക്കാട് എന്നീ കരകളെ സംയോജിപ്പിച്ചുകൊണ്ട് പുതുപ്പള്ളി പഞ്ചായത്തൻ രൂപംകൊണ്ടു. പഞ്ചായത്തിന്റെ അതിർത്തികളിൽ പിന്നീട് മാറ്റങ്ങളൊന്നും തന്നെ ഉണ്ടായിട്ടില്ല. 1953 ജൂലൈ 27-ന് ആദ്യത്തെ പഞ്ചായത്ത് കമ്മറ്റി നിലവിൽ വന്നു. ശ്രീ. പി. എ. കോരുള പാറക്കൽ പ്രസിഡൻറും ശ്രീ വി. എം. വർക്കി കക്കുഴി വൈസ് പ്രസിഡൻറും ആയിട്ടുള്ള പ്രസ്തുത കമ്മിറ്റിയിൽ സർവ്വശ്രീ കെ. എം. കുരുവിള കന്നുകുഴി, കെ. എം. ഗോപാലൻ, എൻ. വി. കുര്യൻ നടുവിലേപ്പറമ്പ്, കെ. എം. തോമസ് തേവരടിയിൽ, കെ. എ. അയ്യപ്പൻപിള്ള തുരുത്തിഞായപ്പള്ളി, എ. എം. തൊമ്മി ഇടത്തോട്ട്, ചക്കുംമൂട്ടിൽ പി. ജെ. ഏബ്രഹാം, കെ. എ. കുമാരൻ വാഴക്കുളത്ത് എന്നിവർ അംഗങ്ങളായിരുന്നു.

1963-ലെ തെരഞ്ഞെടുപ്പിൽ ശ്രീ സി. കെ. മാണിയുടെ നേതൃത്വത്തിലുള്ള പുതിയ സമിതി അധികാരത്തിൽവന്നു. ആ കമ്മിറ്റിയിൽ ശ്രീ പി. സി. ജോസഫ് പൊടിമറ്റം വൈസ് പ്രസിഡൻറായിരുന്നു. സർവ്വശ്രീ എം. ജി. ഗോപാലപ്പണിക്കർ മഴുവഞ്ചേരിൽ, കെ. ജെ. ഏബ്രഹാം കൊച്ചുപറമ്പ്, പി. എം. മാണി പട്ടച്ചേരിൽ, പി. എ. കോരുള പാറയ്ക്കൽ, കെ. സി. ഈപ്പൻ പുന്നൂച്ചേരിൽ, എം. കെ. ഗോവിന്ദൻ ഇഞ്ചക്കാട്ടുകുന്ന്, കെ. സി. വർഗീസ് കക്കുഴിയിൽ, പി. ഇ. പുന്നൂസ് പുള്ളോലിക്കൽ എന്നിവരായിരുന്നു അംഗങ്ങൾ. ശ്രീമതി

മറിയം തോമസ് വനിതാ പ്രതിനിധിയായി നോമിനേറ്റ് ചെയ്യപ്പെട്ടു. ശ്രീ പി. ഇ. പുന്നൂസ് രാജിവച്ച സന്ദർഭത്തിൽ ശ്രീ സി. ജി. ജോർജ് ചാലുംതലയ്ക്കൽ തെരഞ്ഞെടുക്കപ്പെട്ടു.

1979-ൽ ശ്രീ ഏബ്രഹാം കോര വാഴക്കാല പ്രസിഡൻറായും ശ്രീ കെ. കെ. കരുണാകരൻനായർ കൈമൂക്കിൽ വൈസ് പ്രസിഡൻറായും ഉള്ള ഒരു കമ്മിറ്റി നിലവിൽവന്നു. ഈ കമ്മിറ്റിയിൽ സർവ്വശ്രീ എം. കെ. സുകുമാരൻ ചെങ്ങളക്കാട്ട്, പി. വി. ആൻഡ്രൂസ് പാറങ്ങാട്ട്, പി. സി. ജോസഫ് പൊടിമറ്റം, ടി. ജെ. മാത്യു തോപ്പിൽ, കുര്യൻ കോരുള ആലഞ്ചേരിൽ, കെ. എ. രവീന്ദ്രൻ കാട്ടിപ്പറമ്പിൽ, കെ. എം. മാണി പുള്ളോലിക്കൽ കടുപ്പിൽ, ശ്രീമതി മറിയാമ്മ പീലിപ്പോസ് മേമന എന്നിവർ അംഗങ്ങളായിരുന്നു.

1988-ൽ നിലവിൽവന്ന കമ്മിറ്റിയുടെ പ്രസിഡൻറ് ശ്രീ സി. ജി. ജോർജ് ചാലുംതലയ്ക്കലായിരുന്നു. വൈസ് പ്രസിഡൻറ് ശ്രീ പി. സി. ജോസഫ് പൊടിമറ്റവും താഴെപ്പറയുന്നവരായിരുന്നു കമ്മിറ്റിയംഗങ്ങൾ. സർവ്വശ്രീ ജോർജ് ചാത്തമ്പടം, കെ. ബി. ഗിരീശൻ കാലായിൽ, ജോർജ് മാണി പട്ടച്ചേരിൽ, തോമസ് ചെറിയാൻ വടക്കേക്കര, കെ. എ. രവീന്ദ്രൻ കാട്ടിപ്പറമ്പിൽ, റ്റി. ജെ. ജോസഫ് തോണിപ്പുരയ്ക്കൽ, എബി ജോൺ കൊച്ചുപാറയ്ക്കൽ, ശ്രീമതിമാരായ വത്സാ ജോർജ് വെട്ടത്ത്, ലക്ഷ്മിക്കുട്ടിയമ്മ, ലക്ഷ്മിഭവൻ, ഇരവിനല്ലൂർ എന്നിവർ വനിതാ പ്രതിനിധികളായിരുന്നു.

പഞ്ചായത്തുരാജ് നിയമം പ്രാബല്യത്തിലായതിനു ശേഷം നടന്ന തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽവന്ന പുതിയ കമ്മിറ്റിയുടെ പ്രസിഡൻറ് ശ്രീമതി ജോയ്സ് മാത്യുവാണ്. ശ്രീ സാബു പുതുപ്പറമ്പിൽ വൈസ് പ്രസിഡൻറായുള്ള ഈ കമ്മിറ്റിയിൽ സർവ്വശ്രീ പൊന്നേശൻ, അഡ്വ. ബിനോ ഐ. ടോം, ജേക്കബ് ഉലഹന്നാൻ, തോമസ് ചെറിയാൻ, ടി. ജെ. ജോസഫ്, സി. ജി. ജോർജ്, ശ്രീമതിമാരായ ജസ്സി മോൾ, ഏലിയാമ്മ ഇട്ടി, അന്നമ്മ കുര്യൻ എന്നിവർ അംഗങ്ങളാണ്.

പുതുപ്പള്ളി പഞ്ചായത്തുൾപ്പെടുന്ന പുതുപ്പള്ളി അസംബ്ലി മണ്ഡലത്തിൽനിന്നും താഴെപ്പറയുന്നവർ മുൻകാലങ്ങളിൽ പ്രതിനിധീകരിച്ചിരുന്നു. സർവ്വശ്രീ എം. സി. മാത്യു, കെ. എം. കോര, ഡോ. പി. ടി. തോമസ് പാലാമ്പടം, പി. സി. ചെറിയാൻ, ഇ. എം. ജോർജ്. ഇപ്പോൾ പുതുപ്പള്ളി നിയോജകമണ്ഡലത്തെ പ്രതിനിധാനം ചെയ്യുന്നത് ശ്രീ ഉമ്മൻ ചാണ്ടിയാണ്. നമ്മുടെ ഡപ്യൂട്ടി സ്പീക്കറായി ശ്രീ സി. എ. കുര്യൻ, എം. എൽ. എ.മാരായ ശ്രീമതി റോസമ്മ ചാക്കോ എന്നിവർ പുതുപ്പള്ളിക്കാരാണ്.

പുതുപ്പള്ളി പഞ്ചായത്തുൾപ്പെടുന്ന ലോക്സഭാ മണ്ഡലത്തിൽനിന്നും താഴെപ്പറയുന്നവർ മുൻകാലങ്ങളിൽ പ്രതിനിധികരിച്ചിരുന്നു. സർവ്വശ്രീ സി. പി. മാത്യു, മാത്യു മണിയങ്ങാടൻ, കെ. എം. ഏബ്രഹാം, വർക്കി ജോർജ്, സ്കറിയാ തോമസ്, സുരേഷ് കുറുപ്പ്. ഇപ്പോൾ നമ്മുടെ എം. പി. ശ്രീ രമേശ് ചെന്നിത്തലയാണ്.


പുതുപ്പള്ളിയുടെ ചരിത്ര പശ്ചാത്തലം

കോട്ടയം പട്ടണത്തിൽനിന്നും ഏഴു കിലോമീറ്റർ തെക്ക് കിഴക്ക് മാറി സ്ഥിതിചെയ്യുന്ന ഒരു ഗ്രാമപ്രദേശമാണ് പുതുപ്പള്ളി. പഴമകൊണ്ടും പെരുമകൊണ്ടും ശ്രദ്ധേയമായ ഈ ഭൂവിഭാഗം കുന്നുകളും താഴ്വാരങ്ങളും നിറഞ്ഞ ഒന്നാണ്. പുതുപ്പള്ളിയുടെ അറിയപ്പെടുന്ന ചരിത്രം മറ്റെല്ലാ ഗ്രാമങ്ങളെയുംപോലെ തന്നെ രാജഭരണ കാലത്തോളം എത്തി നിൽക്കുന്നു. പണ്ട് കേരളദേശം ഭരിച്ചിരുന്ന അവസാനത്തെ ചേരമാൻ പെരുമാൾ ഒരിക്കൽ തിരുവഞ്ചിക്കുളത്തുനിന്നു ജലമാർഗ്ഗമായി തെക്കൻദിക്കുകളിലേക്കു പുറപ്പെട്ടു കോട്ടയത്തിനു പടിഞ്ഞാറുവശം വേമ്പനാട്ടുകായലിൽ എത്തി. അപ്പോൾ കിഴക്കുഭാഗത്തായി നക്ഷത്രങ്ങൾ പ്രത്യേക ശോഭയോടെ നൃത്തം ചെയ്യുന്നതായി കാണപ്പെട്ടു. ആ ഭാഗത്ത് എന്തെങ്കിലും സവിശേഷത ഉണ്ടാകുമെന്നു കണക്കാക്കി അദ്ദേഹം രണ്ട് മൂന്ന് നാഴിക ദൂരം വഞ്ചി കിഴക്കോട്ടു വിടുകയും പുതുപ്പള്ളിയിൽ പ്രസിദ്ധനായിരുന്ന പാലൂർ പണിക്കർ എന്നയാളുടെ കടവിൽ എത്തുകയും ചെയ്തു. പണിക്കരിൽനിന്നും വെന്നിമലയുടെ പ്രാധാന്യം മനസിലാക്കിയ രാജാവ് പണിക്കരെയും കൂട്ടി വെന്നിമലയിലെത്തി മഹർഷിമാർ തപസനുഷ്ഠിച്ചിരുന്നുവെന്നു കരുതുന്ന വെന്നിമലയ്ക്കു മറ്റൊരു നാമധേയമാണ് വിജയാദ്രി. മഹർഹിമാരുടെ തപസ്സിന് വിഘ്നം വരുത്താൻ ശ്രമിച്ച രാക്ഷസന്മാരെക്കുറിച്ച് അറിഞ്ഞ ശ്രീരാമചന്ദ്രൻ രാക്ഷസനിഗ്രഹത്തിനായ് ലക്ഷ്മണനെ അയച്ചുവെന്നും ലക്ഷ്മണനു വിജയം സിദ്ധിച്ച സ്ഥലമായതിനാൽ വിജയാദ്രി എന്ന് ആ സ്ഥലത്തിനു പേരുകിട്ടിയെന്നും ഐതിഹ്യം. മഹർഷിമാരുടെ സാന്നിദ്ധ്യം ഇന്നും വിജയാദ്രിയിലുണ്ടെന്നു വിശ്വസിക്കപ്പെടുന്നു. ആ മലയിൽ ഏഴു വലിയ സരസ്സുകളും എഴുപത്തിരണ്ട് അല്പരസ്സുകളും വേനൽ വർഷ കാലഭേദമില്ലാതെ സ്ഫടികതുല്യമായ നിർമ്മലജലത്താൽ നിറഞ്ഞുകിടക്കുന്നു. മേൽപറഞ്ഞ പുണ്യതീർത്ഥങ്ങളിൽ പിതൃക്രിയകളും സ്നാനതർപ്പണങ്ങളും ചെയ്താൽ മോക്ഷം ലഭിക്കുമെന്നു ഹിന്ദുക്കൾ വിശ്വസിക്കുന്നു.

ഐതിഹ്യം മനസ്സിലാക്കിയ രാജാവ് അവിടെ താമസമുറപ്പിച്ചുകൊണ്ടു വെന്നിമല ക്ഷേത്രം പണികഴിപ്പിക്കുകയാണുണ്ടായത്. നാലമ്പലം, ബലിക്കൽപ്പുര, വാതിൽമാടം മുതലായ്വയോടുകൂടി പണിത ക്ഷേത്രത്തിന്റെ വടക്കേ വഴിയമ്പലം കൂത്തമ്പലമായി ഉപയോഗിക്കുവാൻ തക്കവണ്ണം അതിൽ അരങ്ങും അണിയറയും കൂടി നിർമ്മിക്കുകയുണ്ടായി. ചേരമാൻ പെരുമാൾ ചാക്യാർകൂത്തിൽ വളരെ പ്രതിപത്തിയുള്ളയാളായിരുന്നതിനാൽ ക്ഷേത്രത്തിൽ എന്നും ചാക്യാർകൂത്ത് നടത്തണമെന്നു കല്പിച്ചു. ചാക്യാർകൂത്ത് മുടങ്ങിയാൽ പ്രായച്ചിത്തമായി കൂടിയാട്ടം നടത്തണമെന്നും കൂടാതെ ആണ്ടുതോറും അംഗുലിയാങ്കം കൂത്തുകൂടി നടത്തണമെന്നും (ഉൽസവത്തിന് മുമ്പായി) തീയാട്ട് വേണമെന്നും രാജാവ് നിശ്ചയിച്ചു. ഇവ ക്രമമായി നടത്തുന്നതിനു വേണ്ട വരുമാനം ലഭിക്കുന്നതിലേക്ക് ആവശ്യമായ വസ്തുവകകൾ ദേവസ്വം പേരിൽ പതിച്ചു കൊടുക്കുകയും ചെയ്തു. ക്ഷേത്രകാര്യങ്ങളുടെ നടത്തിപ്പിനാവശ്യമായ ആളുകളെ പുറമെനിന്നു വരുത്തി അവർക്കു താമസിക്കുന്നതിനു ഗൃഹങ്ങൾ പണികഴിപ്പിക്കുകയും ചെയ്തു. കുറച്ചുകാലം കൂടി ചേരമാൻ പെരുമാൾ അവിടെ താമസിക്കുകയും പിന്നീടു ബന്ധുക്കൾക്കും ആശ്രിതന്മാർക്കും മറ്റുമായി



പുതുപ്പള്ളി സെൻറ് ജോർജ്ജ് വലിയപള്ളി



വെന്നിമല ശ്രീരാമലക്ഷ്മണ ക്ഷേത്രം

കേരളദേശം വിട്ടുകൊടുക്കുകയും ചെയ്തതിനുശേഷം അവിടം വിടുകയും ചെയ്തു എന്നു പറയപ്പെടുന്നു.

വെന്നിമലയും പരിസരപ്രദേശങ്ങളും പിന്നീട് തെക്കുംകൂറിന്റെ അധീനതയിലായി. പ്രസിദ്ധനായിരുന്ന രാമവർമ്മന്റെ ഭരണകാലത്തു തെക്കുംകൂറിന്റെ തലസ്ഥാനമായിരുന്നു വെന്നിമല. ഇക്കാലത്ത് ഇവിടെ കോട്ട കൊത്തളങ്ങളും, തെരുവുകളും രൂപം കൊണ്ടു.

സ്ഥലനാമങ്ങളെക്കുറിച്ചുള്ള വ്യുൽപത്തി പരിശോധിച്ചാൽ 'പുള്ളി പള്ളി'യാണ് ക്രമേണ പുതുപ്പള്ളിയായിത്തീർന്നത് എന്നു കാണാം. സേനാവ്യൂഹം നിൽക്കുന്നയിടം എന്നയർത്ഥത്തിലാണു പുള്ളി പുള്ളി എന്നു പറഞ്ഞുവന്നിരുന്നത്. പാടി എന്ന പദത്തിനു തെരുവ് എന്ന അർത്ഥം ഉണ്ട്. പയ്യപ്പാടി, തലപ്പാടി തുടങ്ങിയവ അക്കാലത്ത് രാജധാനിയോടു ചേർന്നു കിടന്നിരുന്ന പ്രധാന ജനപദങ്ങളായിരുന്നിരിക്കണം. തെക്കുംകൂർ രാജാക്കന്മാരുടെ ഭരണകാലത്ത് ഈ പ്രദേശം വളരെ അഭിവൃദ്ധി പ്രാപിച്ചിരുന്നതായി മനസിലാക്കാം. ഇന്നത്തെപ്പോലെ റോഡ് ഗതാഗതത്തിനു സാധ്യത കുറവായിരുന്ന അക്കാലത്തു ജലപാതകളായിരുന്നു മുഖ്യ സഞ്ചാരമാർഗ്ഗങ്ങൾ. വ്യാപാരത്തിനും യാത്രയ്ക്കും യോഗ്യമായ ജലമാർഗ്ഗങ്ങൾ ഉണ്ടായിരുന്നുവെന്നതു വാണിജ്യകേന്ദ്രങ്ങളുമായുള്ള ജനസമ്പർക്കത്തിനു വഴിതെളിച്ചു. കൊടൂരാറുമായി ബന്ധിച്ചു കൊണ്ട് ആലപ്പുഴ മുതൽ കൊച്ചിവരെയും വാണിജ്യബന്ധങ്ങൾ പുലർത്തിപ്പോന്നിരുന്ന പുതുപ്പള്ളിപ്പള്ളിക്കു സമീപമുള്ള അങ്ങാടി അക്കാലത്തെ ഒരു പ്രമുഖ വ്യാപാരകേന്ദ്രമായിരുന്നു.

ഫലഭൂയിഷ്ടമായ മണ്ണും ഭൂപ്രകൃതിയും കാർഷികമേഖലയെ ഉത്തേജിപ്പിച്ചിരുന്നു. ഒരു തലസ്ഥാനത്തിനു വേണ്ട എല്ലാ സൗകര്യങ്ങളും വെന്നിമലയ്ക്കുണ്ടായിരുന്നു. യാത്രാസൗകര്യവും സുരക്ഷിതത്വവും അതിൽ പ്രധാനമായിരുന്നു. പുതുപ്പള്ളിയിലും പരിസരപ്രദേശങ്ങളിലും കണ്ടിട്ടുള്ള ഗുഹാമാർഗ്ഗങ്ങളും വെന്നിമലയുടെ അടക്കമുള്ള ചരിത്ര സൂചനകളും മഹത്തായ ഒരു പൂർവകാല സംസ്കാരത്തെ അനുസ്മരിപ്പിക്കുന്നു.

കൂടുതൽ സൗകര്യപ്രദമായ കോട്ടയത്തേക്കു തെക്കുംകൂർ രാജാവ് തലസ്ഥാനം മാറ്റിയപ്പോൾ വെന്നിമലയുടെയും പരിസരപ്രദേശങ്ങളുടെയും സുവർണ്ണ കാലഘട്ടം അവസാനിക്കുകയായിരുന്നു രാജവാഴ്ചകാലത്തു ക്രിസ്ത്യാനികൾക്കും നല്ല ഭരണസ്വാധീനമുണ്ടായിരുന്നു. ഭരണകാര്യങ്ങളിൽ രാജാവിനെ സഹായിക്കുന്നതിൽ ഇവർ നല്ലപങ്ക് വഹിച്ചിരുന്നു. അങ്ങനെയുള്ളവർക്ക് സ്ഥാനമാനങ്ങളും സമ്മാനങ്ങളും നൽകി രാജാവ് അവരെ അംഗീകരിക്കുകയും ചെയ്തിരുന്നു. അക്കൂട്ടത്തിൽ ഏറെ പ്രമുഖനായിരുന്ന അഞ്ചേരിയിലുണ്ടായിരുന്ന പുന്നൂസ് മാപ്പിള തെക്കുംകൂർ രാജാവിന്റെ മന്ത്രിയായിരുന്നു. പുതുപ്പള്ളി പള്ളിയുടെ നിർമ്മാണത്തിൽ സ്വാധീനം ചെലുത്താൻ ഇദ്ദേഹത്തിനു കഴിഞ്ഞതായി പറയപ്പെടുന്നു.

മാർ ഗീവറുഗീസ് സഹദായുടെ നാമത്തിലുള്ള ചരിത്രപ്രസിദ്ധമായ പുതുപ്പള്ളിപ്പള്ളി, പുന്നൂർക്കോട്ട് മനദാനമായി നൽകിയ സ്ഥലത്തു പണികഴിപ്പിച്ചിട്ടുള്ളതാണ്. പിൽകാലത്ത് ആയിരങ്ങളുടെ തീർത്ഥാടനകേന്ദ്രമായി മാറിയിട്ടുള്ള ഈ പള്ളിയിലെ വെച്ചൂട്ട് വളരെ പ്രസിദ്ധമാണ്. പള്ളിയുമായി ബന്ധപ്പെട്ടു മാർഗ്ഗംകളി, പരിചമുട്ടുകളി തുടങ്ങിയ കലാരൂപങ്ങളും പരിപോഷിപ്പിക്കപ്പെട്ടിരുന്നു. നാനൂറുവർഷത്തോളം പഴക്കമുള്ള ഈ പള്ളിയിലെ കോഴിവെട്ടിനും ചരിത്രപരമായ പ്രാധാന്യവും ഐതിഹ്യവും ഉള്ളതാണ്. സമീപസ്ഥങ്ങളായ ക്ഷേത്രങ്ങളും ഈ പള്ളിയും


സൂചിപ്പിക്കുന്നതു മതമൈത്രിയുടെയും സ്നേഹത്തിന്റെയും മഹത്തായ പാരമ്പര്യം പുതുപ്പള്ളിക്കു ഉണ്ടായിരുന്നുയെന്നുള്ളതാണ്. ഇന്നും അത് അഭംഗുരം തുടരാൻ കഴിയുന്നതിൽ അഭിമാനിക്കുകയും ചെയ്യാം. 1749-ൽ മാർത്താണ്ഡവർമ്മ മഹാരാജാവ് തെക്കുംകൂർ തിരുവിതാംകൂറിനോടു ചേർത്തു.

കലാ സാംസ്കാരികരംഗത്തു പുതുപ്പള്ളിക്ക് ഉന്നതമായ ഒരു പാരമ്പര്യമാണുള്ളത്. കൂടിയാട്ടം, കൂത്ത്, കഴകം, തിയാട്ടം, മാർഗ്ഗംകളി, പരിചമുട്ടുകളി മുതലായവയ്ക്കു വലിയ പ്രചാരം കിട്ടിയിരുന്നു. സ്വാതി തിരുനാൾ രാജാവിനു പ്രിയങ്കരനായിരുന്ന ഷഡ്ക്കാല ഗോവിന്ദമാതർ വെന്നിമലക്കാരനായിരുന്നുയെന്നു ചില ചരിത്ര സൂചനകൾ കാട്ടുന്നു. അദ്ദേഹത്തിനു സ്വാതി തിരുനാൾ നൽകിയ 'പൊന്നിടയ്ക്ക' ഏറെക്കാലം വെന്നിമലയിൽ ഉണ്ടായിരുന്നു. അടുത്തകാലം വരെ ഇവിടെയുള്ള ചില ബ്രാഹ്മണ ഗൃഹങ്ങളിൽ 'സംഘക്കളി'യും മറ്റും നടന്നുവന്നിരുന്നു. ഇരവിനല്ലൂരിലുള്ള കാളിമലയിലും അക്കാലത്തു വളരെ പ്രാധാന്യം ഉണ്ടായിരുന്ന ഒരു ക്ഷേത്രസങ്കേതം ആയിരുന്നു. പതിമൂന്നു ക്ഷേത്രങ്ങളും ഇരുപത്തിരണ്ടു പള്ളികളും ഈ പഞ്ചായത്തിലുണ്ട്. കൂടാതെ ശ്രീനാരായണ പ്രസ്ഥാനത്തിന്റെ സജീവ സാന്നിദ്ധ്യവും ഇതര സമുദായങ്ങളുമായി ബന്ധപ്പെട്ട ആരാധനക്രമങ്ങളും നിലനിൽക്കുന്നു. വേലൻപാട്ട്, വില്ലടിച്ചാൻ പാട്ട്, പാണൻപാട്ട്. ഇവിടെ അടുത്തകാലം വരെ നന്നായി പ്രചരിച്ചിരുന്നു. തിരുവാതിരകളി ഇന്നും പ്രചാരത്തിലുണ്ട്.

ആധുനിക കാലത്തു കലാ സാംസ്കാരികരംഗത്തു പുതിയ തലമുറ ഉണർവ് ഉണ്ടാക്കിയെടുക്കുന്നതിൽ ശ്രദ്ധ പതിപ്പിച്ചു. നാടകത്തിനു വമ്പിച്ച പ്രചാരം ഉണ്ടായിരുന്ന പ്രദേശമാണു പുതുപ്പള്ളി. ഒരുകാലത്തു പുതുപ്പള്ളിയിൽ സ്ഥിരം 'നാടകവേദി' ഉണ്ടായിരുന്നു. സിനിമയിലും നാടകത്തിലും പ്രമുഖരായ പലരും പുതുപ്പള്ളിയെ ഈ കലയിലൂടെ ധന്യമാക്കിയിരുന്നു. നാടകരംഗവുമായി ബന്ധപ്പെട്ടു പുതുപ്പള്ളിക്കാരായ വിജയലക്ഷ്മി, പൊന്നപ്പ ഭാഗവതരെയും അദ്ദേഹത്തിന്റെ കുടുംബത്തെയും പ്രത്യേകം സ്മരിക്കേണ്ടതാണ്. യശഃശരീരനായ കാണക്കാലിൽ (പുളിമൂട്ടിൽ) ശ്രീ. കെ. വി. ഏബ്രഹാം നിരവധിപേർക്കു പരിശീലനം നൽകി നാടകരംഗം ജീവസുറ്റതാക്കി മാറ്റി. അദ്ദേഹത്തിന്റെ ശിഷ്യത്വത്തിൽ ഗായകരുടെ ഒരു നിരതന്നെ ഉണ്ടായി. മാർഗ്ഗംകളി, പരിചമുട്ടുകളി എന്നിവയ്ക്കു നേതൃത്വം കൊടുത്തിരുന്നതു ശ്രീ വയലാറ്റ് മർക്കോസ് ആയിരുന്നു.

പുതുപ്പള്ളിക്കു തനതായ ഒരു കായിക വിനോദമുണ്ട്. നാടൻ പന്തുകളി ആയിരക്കണക്കിനാളുകളെ ആകർഷിച്ചുകൊണ്ടു വിവിധ കരക്കാർ പങ്കെടുക്കുന്ന നാടൻ പന്തുകളി മൽസരങ്ങൾ പുതുപ്പള്ളിയുടെ പ്രത്യേകതയായിരുന്നു. ഇതുകൂടാതെ ഗുസ്തിമൽസരവും ഇവിടുത്തെയൊരു കായിക വിനോദമായിരുന്നു.

വളരെ അഭിമാനിക്കാവുന്ന പാരമ്പര്യം ഉള്ള ഒരു മേഖലയാണു വിദ്യാഭ്യാസരംഗം. വെന്നിമല പിഷാരടിമാരാണു തിരുവിതാംകൂർ രാജാക്കന്മാരെ എഴുത്തിനിരുത്തിയിരുന്നത്. 1916-ൽ ആരംഭിച്ച സെൻറ് ജോർജ് ഹൈസ്കൂൾ കോട്ടയം ജില്ലയിലെ തന്നെ പഴക്കമുള്ള സ്കൂളുകളിൽ ഒന്നാണ്. പ്രതിഭാ സമ്പന്നരായ നിരവധി പേരെ സംഭാവന ചെയ്യാൻ ഈ സ്കൂളിനു കഴിഞ്ഞിട്ടുണ്ട്. മലയാള സാഹിത്യ ശാഖയ്ക്ക് വില



എസ്. എൻ.ഡി.പി. ബ്രാഞ്ച് നമ്പർ - 148
പുതുപ്പള്ളി ഗുരുമന്ദിരം

പ്രമുഖനായിരുന്നു. അദ്ദേഹം പുരാണങ്ങളേയും ഇതിഹാസങ്ങളെയും അധികരിച്ചു. "ഹൈന്ദവധർമ്മസുധാകരം" എന്നൊരു ഗ്രന്ഥം രചിക്കുകയുണ്ടായി. തിരുവിതാംകൂർ രാജാവിൽ നിന്നും "റാവുബഹാദൂർ" എന്ന സ്ഥാനപേരു ലഭിച്ച അദ്ദേഹം പിൽക്കാലത്ത് വിദ്യാഭ്യാസ ഡയറക്ടറായി സേവനം അനുഷ്ഠിക്കുകയുണ്ടായി. മറ്റൊരു ശ്രദ്ധേയനായ വ്യക്തിയാണ് "പരിഷ്ക്കാരപതി" എന്ന ഗ്രന്ഥത്തിന്റെ രചയിതാവ് ശ്രീ കൊച്ചു തൊമ്മൻ അപ്പോത്തിക്കിരി. പുരാണനിഘണ്ടു എഴുതിയ വെട്ടം മാണിയും പുതുപള്ളിയുടെ ചരിത്രം എഴുതിയ ശ്രീ.ഇസഡ്.എം പാറേട്ടും 'താറാവ്' എന്ന നോവൽ എഴുതിയ ശ്രീ സോമൻ എന്നിവരും ഈ രംഗത്ത് പ്രശസ്തി നേടിയവർ ആണ്.

ഒരു കാലത്ത് തിരുവിതാംകൂറിലെ ഭരണം നിയന്ത്രിച്ചിരുന്നത് പുതുപ്പള്ളിക്കായിരുന്നുയെന്നു പറയാം. ശ്രീ.സി.റ്റി. തൊമ്മൻ ചെമ്പോല, സർ.സി.പി.ദിവാൻ ആയിരുന്ന കാലത്ത് തിരുവിതാംകൂറിലെ ചീഫ്സെക്രട്ടറിയായിരുന്നു. ദിവാൻ അവധിയിലായിരുന്ന അവസരത്തിൽ അദ്ദേഹം ദിവാന്റെ ചാർജ്ജും വഹിച്ചിരുന്നു. കൊട്ടാരം വൈദ്യൻ എന്ന സ്ഥാനം വഹിച്ചിരുന്ന ശ്രീമതി ഡോക്ടർ പുന്നൻ മേരി ലൂക്കോസ്, കുരുവിള എൻജിനീയർ, എന്നിവർ പുതുപ്പള്ളി കന്നുകുഴി കുടുംബാംഗങ്ങൾ ആയിരുന്നു. ഹൈക്കോടതി ജഡ്ജിയായിരുന്ന ശ്രീ. കെ.കെ ലൂക്കോസ് ചീഫ് എൻജിനീയർ ശ്രീ ജോർജ് ഫിലിപ്പ് അഞ്ചൽ സൂപ്രണ്ടായിരുന്ന റ്റി.ജോസഫ്, മേമന തുടങ്ങിയ പ്രശസ്തരും ഇതേ കാലയളവിൽ ഉണ്ടായിരുന്നവർ ആണ്. സ്വാതന്ത്ര്യ സമരവുമായി അങ്ങേയറ്റം സുദൃഢമായി ബന്ധമുള്ള ഒരു ജനതയാണ് പുതുപ്പള്ളിയിൽ ഉണ്ടായിരുന്നത്. സർ.സി.പിയുടെ ഏകാധിപത്യ ഭരണത്തിനെതിരെ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ജനകീയ സമരത്തിൽ പുതുപ്പള്ളി നിവാസികൾ ഒന്നടങ്കം സജീവമായി പങ്കെടുത്തു. സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് പുതുപ്പള്ളിയിൽ ഉണ്ടായ പോലീസ് വെടി വെയ്പ്പ് ഒരു സുപ്രധാന സംഭവമാണ്. 1938 സെപ്റ്റംബർ നാലിന് പുതുപ്പള്ളി കവലയിൽ യോഗം ചേർന്ന കോൺഗ്രസ്സ് പ്രവർത്തകർക്കെതിരെ പോലീസ് നടത്തിയ വെടിവെയ്പ്പിൽ ശ്രീ.കുറ്റിക്കൽ കുഞ്ഞപ്പൻ മരണമടഞ്ഞു മറ്റു മൂന്നു പേർക്ക് വെടി ഏല്ക്കുകയും നിരവധി പേർക്ക് പരിക്ക് ഏല്ക്കുകയും ഉണ്ടായി. ശ്രീ.വി.റ്റി.ചെറിയാൻ, കുരുവിള ഉലഹന്നാൻ, ശ്രീ ഉമ്മൻ പാപ്പി എന്നിവർക്കാണ് വെടി ഏറ്റത്. ശ്രീ.റ്റി.ജെ.ചാണ്ടി (ചിന്നക്കുട്ടി), എടാട്ട് നാരായണൻ ജോസഫ് ചേരിയിൽ തുടങ്ങിയവരായിരുന്ന ഈ സമരങ്ങൾക്ക് നേതൃത്വം നൽകിയത്. 1950 കളിൽ ഗ്രന്ഥശാലാ പ്രസ്ഥാനം സജീവമായതോടെ സാംസ്ക്കാരിക രംഗത്ത് പ്രവർത്തനങ്ങൾ ത്വരിത ഗതിയിലായി. ഇതു നമ്മുടെ വളർച്ചയെ സ്വാധീനിച്ചു. സഹകരണരംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവച്ച ആളായിരുന്നു. മുൻ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ.സി.കെ.മാണി കേരളാ സംസ്ഥാന സഹകരണയൂണിയന്റെ പ്രസിഡൻറായി ദീർഘകാലം സേവനം അനുഷ്ഠിച്ചിട്ടുള്ള അദ്ദേഹം പുതുപ്പള്ളിയിൽ സഹകരണപ്രസ്ഥാനം വ്യാപിപ്പിക്കുന്നതിൽ നിസ്തുലമായ പങ്കാണ് വഹിച്ചിട്ടുള്ളത്.

മലങ്കര ഓർത്തഡോക്സ് സഭയുടെ കോട്ടയം ഭദ്രാസനാധിപനായിരുന്ന ദിവംഗതനായ് പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് തിരുമേനിയും യാക്കോബായ സഭയുടെ ഇപ്പോളത്തെ കോട്ടയം ഭദ്രാസനാധിപൻ ഡോ. ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തയും ഈ പഞ്ചായത്തിൽപ്പെട്ടവരാണ്.


പുതുപ്പള്ളിക്കാരായ കലാമണ്ഡലം ബാബു ചലച്ചിത്ര കലാസംവിധായകൻ കൃഷ്ണൻകുട്ടി എന്നിവർ പ്രസിദ്ധരാണ്.

ഒരുകാലത്ത് ദേവസ്വം അധീനതയിലായിരുന്ന പുതുപ്പള്ളിയിലെ ഭൂമി മുഴുവൻ വിവിധ കാലങ്ങളിലായി രാജാക്കന്മാരും സാമന്തന്മാരും പതിച്ചു കൊടുത്തതിനെ തുടർന്ന് ഏക്കർ കണക്കിനു വരുന്ന ഭൂമി



പുതുപള്ളി വിശ്വകർമ്മ ക്ഷേത്രം

യുടെ ഉടമസ്ഥത ഏതാനും വ്യക്തികളിലേക്കും കുടുംബങ്ങളിലേക്കും മാറി 1947-ൽ നമ്മുടെ രാജ്യം ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്നും മോചിതയായി. നമ്മുടെ സംസ്ഥാനത്ത് രാജവാഴ്ച അവസാനിപ്പിക്കാൻ കഴിഞ്ഞെങ്കിലും തിരുവിതാംകൂറിൽ രാജപ്രമുഖൻ തുടർന്നുപോന്നു. ജന്മിനാടുവാഴിത്വത്തിന്റെ അവശിഷ്ടങ്ങൾ എല്ലാരീതിയിലും തുടർന്നു വരികയും അടിമ ഉടമ ബന്ധം ഉൽപാദന മേഖലയിൽ നിലനില്ക്കുകയും ചെയ്തു. ഭൂമിയും സമ്പത്തും ഏതാനും പ്രമാണി വർഗ്ഗത്തിന്റെ കൈപ്പിടിയിൽ ഒതുങ്ങുകയും ബഹുഭൂരിപക്ഷം വരുന്ന ദരിദ്രകർഷകരെയും കർഷകത്തൊഴിലാളികളെയും അടിമകളാക്കി വെച്ചുകൊണ്ട് പാടപറമ്പുകളിൽ രാപകൽ ഭേദമെന്യേ പണി എടുപ്പിക്കുകയും ചെയ്തു. വിശപ്പിന് ആഹാരമോ വേലചെയ്യുന്നതിന് കൂലിയോ അവർക്കു നൽകിയിരുന്നില്ല. എല്ലാവിധ സാമൂഹ്യ അസമത്വങ്ങളുടെയും കാലഘട്ടമായിരുന്നു അത്. ഈ സാമൂഹ്യ വ്യവസ്ഥിതി നിലനിന്നിരുന്ന 1951, 52 കാലഘട്ടത്തിലാണ് കമ്മ്യൂണിസ്റ്റു പാർട്ടിയും ഇടതു പക്ഷപ്രസ്ഥാനങ്ങളും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ചത്. പാവപ്പെട്ട ജനവിഭാഗത്തിന്റെ അവശതകൾക്കെതിരായും കുടികിടപ്പുകാരെയും പാട്ടക്കാരെയും ഒഴിപ്പിക്കുന്നതിനെതിരായിട്ടുള്ള പ്രവർത്തനത്തിൽ ആണ് കമ്മ്യൂണിസ്റ്റുപാർട്ടി ആദ്യം ശ്രദ്ധിച്ചത്. പാർട്ടിയുടെ പ്രമുഖ നേതാക്കളിൽ പലരും 52-വരെ ജയിലിൽ ആയിരുന്നു. അൻപത്തിരണ്ടിലെ തെരഞ്ഞെടുപ്പിനെ തുടർന്നു തിരുകൊച്ചി സംസ്ഥാനം രൂപീകരിക്കുകയും 56-ൽ കേരള സംസ്ഥാനം നിലവിൽ വരികയും ചെയ്തു 57-ൽ ഇ.എം.എസ്.ന്റെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റ് ഗവൺമെൻറ് അധികാരത്തിൽ വരികയും കുടികിടപ്പുകാരെയും കൈവശകൃഷിക്കാരെയും ഒഴിപ്പിക്കുന്നതു തടഞ്ഞുകൊണ്ടുള്ള ഗവൺമെൻറ് പ്രഖ്യാപനം നമ്മുടെ സംസ്ഥാനത്ത് വലിയമാറ്റം ഉണ്ടാക്കി. അതിന്റെ അലയൊലികൾ നമ്മുടെ പഞ്ചായത്തിലും ആഞ്ഞു വീശുകയുണ്ടായി ഒഴിപ്പിക്കലിനെതിരായി പാട്ട കൃഷിക്കാരും കുടികിടപ്പുകാരും കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിൽ സംഘടിതമായ പ്രക്ഷോഭണ സമരവുമായി രംഗത്തുവന്നു. ഈ സമരത്തിൽ പ്രധാനപ്പെട്ട ഒന്നാണ് ചാഴ്വലത്ത് ജന്മിക്കെതിരായി കൃഷിക്കാർ നടത്തിയ പോരാട്ടം. രാഷ്ട്രീയ അഭിപ്രായ വ്യത്യാസത്തിനും



അഞ്ചേരി പുഞ്ചമൺ ഇല്ലം

ജാതിമത ചിന്തകൾകക്കും അതീതമായ ആയിരക്കണക്കിന് പാട്ടകൃഷിക്കാരും കുടികിടപ്പുകാരും 1958-ൽ നടത്തിയ സമരം ജന്മിത്വത്തിനെതിരായി നമ്മുടെ പഞ്ചായത്തിൽ ഉജ്വലമായ പോരാട്ടം ആയിരുന്നു. നിരവധി കേസ്സുകളേയും മർന സംവിധാനങ്ങളെയും നേരിട്ടുകൊണ്ട് നടത്തിയ ഒരു സമരമായിരുന്നു അത്.


തുടർന്ന് കൂലി വർദ്ധനവിനും വേലസമയത്തിനും വേണ്ടി നിരവധി സംഘടിതമായ പോരാട്ടങ്ങൾ തുടർന്നുവന്നു. ഈ കാലഘട്ടം പുതുപ്പള്ളിയെ സംബന്ധിച്ചിടത്തോളം ഇവിടുത്തെ സാധാരണക്കാരെയും തൊഴിലാളികളെയും മൃഗങ്ങളെപ്പോലെ പണിയെടുപ്പിച്ച ഒരു കാലഘട്ടമായിരുന്നു. കർഷകത്തൊഴിലാളികളെ അടിമകളാക്കി കരുതിയിരുന്ന ആ കാലഘട്ടത്തിൽ പറമ്പിൽ കുഴികുത്തി പാളയോ ഇലയോ കുഴിയിൽ വെച്ച് അവർക്ക് കഞ്ഞികൊടുത്തിരുന്നു. "തമ്പ്രാ)" 'കിടാത്തൻ' വിളിയും 'കൂലിയാൻ' 'കള്ളപ്രയും' 'ഇല്ലിമുളകൊണ്ടുള്ള നാഴിയും' 'കണിയാൻപൊലിയും' ഒക്കെ ഈ കാലഘട്ടത്തിന്റെ പ്രത്യേകതകളാണ്. പാവപ്പെട്ട കൃഷിക്കാരെ ഗുണ്ടാസംഘങ്ങളെക്കൊണ്ട് അടിച്ചുഒതുക്കിയിരുന്ന രെ വൃത്തികെട്ട സാമൂഹ്യ വ്യവസ്ഥിതി നിലനിന്നിരുന്ന കാലഘട്ടത്തിൽ ഇതിനെതിരായി കർഷകത്തൊഴിലാളികളെയും കർഷകരെയും സംഘടിപ്പിച്ചുകൊണ്ടു പുതുപ്പള്ളിയിൽ നടത്തിയ ഐതിഹാസിക സമരപോരാട്ടം പുതുപ്പള്ളിയെ മാത്രമല്ല കേരളമൊട്ടാകെ ഇളക്കി മറിക്കുവാൻ പര്യാപ്തമായിരുന്നു ഈ പ്രക്ഷോഭണ സമരം ശക്തിപ്പെട്ട സാഹചര്യത്തിൽ ഇ.എസ്സിന്റെ നേതൃത്വത്തിലുള്ള ഗവൺമെൻറ് അധികാരത്തിൽ വരികയും 1967-ൽ സമഗ്രമായ ഭൂപരിഷ്ക്കരണ ഭേദഗതി നിയമം

പാസ്സാക്കുകയും ചെയ്തു. ഇത് കേരളത്തിന്റെ കാർഷിക മേഖലയിലും ഭൂവുടമ സമ്പ്രദായത്തിലും സമൂലമായ അഴിച്ചുപണിക്ക് നിദാനമായി. ഏതാണ്ട് രണ്ടായിരത്തോളം കുടുംബങ്ങൾക്ക് കൈവശാവകാശവും കുടികിടപ്പവകാശവും നമ്മുടെ പഞ്ചായത്തിൽ ലഭിച്ചു. മേൽപറഞ്ഞ ആവേശകരമായ സമരവും പ്രക്ഷോഭണങ്ങളും നമ്മുടെ പഞ്ചായത്തിന്റെ സാമ്പത്തിക സാമൂഹ്യ രംഗത്ത് അടിസ്ഥാനപരമായ മാറ്റങ്ങളുണ്ടാകുന്നതിന് സഹായിച്ചു. ഈ സാമൂഹ്യമാറ്റങ്ങൾക്ക് നേതൃത്വം കൊടുത്ത ദേശാഭിമാനികളായ ഇ.എം. ജോർജ്, എം.കെ.സുകുമാരൻ, വി.കെ.കുമാരൻ യശശ്ശരീരനായ രാമൻകുട്ടി (കുഞ്ഞമ്മൻ), എഴുമാവിൽ, കേശവൻ കുന്നേപറമ്പിൽ, ചിന്ന, മുത്തവേലി, വലിയ വീട്ടിൽ പോത്തൻ, എം.എസ്.എസ്. വാര്യർ, വി.സി.കോര വാഴേട്ട് പാപ്പൻ യോഹന്നാൻ, റ്റി. സി. പൗലൂസ് തുടങ്ങിയവരെ പ്രത്യേകം സ്മരിക്കാതെ നമ്മുടെ ചരിത്രം പൂർത്തിയാക്കാൻ കഴിയില്ല.

രണ്ടു ദശകങ്ങളായി കൃഷിമേഖലയിൽ വൻ വ്യതിയാനങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. മുഖ്യവിളറബ്ബറായി മാറി. തെങ്ങ്, മരച്ചീനി മുതലായവ കൃഷിയിടങ്ങളിൽ നിന്നും അപ്രത്യക്ഷമായി. കരിമ്പ് തുടങ്ങിയവ നേരത്തെ തന്നെയില്ലാതായി. ഈ മാറ്റങ്ങൾ പുതുപ്പള്ളിയെ പുതിയൊരു കാർഷിക സംസ്ക്കാരത്തിലേയ്ക്കു നയിച്ചുകൊണ്ടിരിക്കുന്നു.

ഇന്ത്യയിലെ റബ്ബർ ഗവേഷണ കേന്ദ്രം സ്ഥാപിച്ചിരിക്കുന്നത് പുതുപ്പള്ളിയിലാണ്. ആധുനിക വൽകരണവും നഗരവൽക്കരണവും ജനജീവിതത്തിൽ ഒരു പുതിയ ഉപഭോഗ സംസ്ക്കാരം സൃഷ്ടിച്ചു കഴിഞ്ഞിരിക്കയാണിന്ന്.

ഇത്രയും സമൃദ്ധമായ ഒരു ചരിത്ര സാംസ്കാരിക പശ്ചാത്തലം നമുക്കുണ്ടായിരുന്നിട്ടും കഴിഞ്ഞ രണ്ടു മൂന്ന് ദശകങ്ങളായി സമീപ പഞ്ചായത്തുകൾ വികസനരംഗത്ത് അതിവേഗം കുതിച്ചു കയറുമ്പോൾ നമ്മുടെ പഞ്ചായത്തിന് വികസന പാതയിൽ എത്ര വേഗത്തിത്ത് സഞ്ചരിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നത് ഇനിയും ചർച്ച ചെയ്യപ്പെടണം.



ഇരവിനല്ലൂർ കാളിമല ക്ഷേത്രം

ഭൂപ്രകൃതിയും വിഭവങ്ങളും


സമുദ്രനിരപ്പിൽ നിന്നും 20 മീറ്റർ മുതൽ 120 മീറ്റർ വരെ വിവിധ ഉയരങ്ങളിലായുള്ള കുന്നുകളും അവയുടെ ചെരിവുകളും താഴ്വാരങ്ങളും അല്പം സമതലങ്ങളും ചേർന്ന ഒരു ഭൂപ്രദേശമാണ് ഇത്. അപ്പർ കുട്ടനാടിന്റെ ഭാഗമെന്ന് വിശേഷിപ്പിക്കാവുന്ന സമുദ്ര നിരപ്പിൽ നിന്നും താഴ്ന്നു കിടക്കുന്ന പുഞ്ചപ്പാടങ്ങളും ഈ പഞ്ചായത്തിലുണ്ട്. പ്രകൃതി നിർമ്മിതമായ കൊടൂരാറും അതിന്റെ ചില കൈവഴികളും മറ്റു ചില ചെറുതോടുകളുമാണ് ജല ലഭ്യതക്കുള്ള മാർഗ്ഗങ്ങൾ. മുഖ്യമായും മഴയെ ആശ്രയിക്കുന്ന കൃഷി സമ്പ്രദായമാണ് ഇവിടെയുള്ളത്. വേനൽ കാലങ്ങളിൽ തോടുകളിലെയും മറ്റും ജല നിരപ്പ് വളരെയധികം താഴുന്നു. കിഴക്കോട്ടുള്ള ഭാഗങ്ങളിൽ വരൾച്ചയനുഭവപ്പെടുകയും ചെയ്യുന്നു. വർഷകാലത്ത് സമീപ പ്രദേശങ്ങളിൽ നിന്നും കുന്നുകളിൽ നിന്നും എത്തുന്ന വെള്ളം ഈ തോടുകളിൽ വെള്ളപ്പൊക്ക ഭീഷണിഉയർത്തുന്നുണ്ട് പടിഞ്ഞാറൻ ഭാഗങ്ങളിൽ വൈള്ളപ്പൊക്കം മൂലം കൃഷിയിടങ്ങളിലും മറ്റും നാശനഷ്ടങ്ങളുണ്ടാകാറുണ്ട്. വേനൽക്കാലത്താവട്ടെ കുന്നിൻ പ്രദേശങ്ങളിൽ രൂക്ഷമായ ജലക്ഷാമവും അനുഭവപ്പെടുന്നു.

മിക്കവാറും എല്ലാ താഴ്ന്ന പ്രദേശങ്ങളിലും സമൃദ്ധിയായി ജലം ലഭിക്കുമ്പോൾ ചരിവ് പ്രദേശങ്ങളിൽ മഴയുടെ തോതനുസരിച്ച് ജല ലഭ്യതയുടെ കാല ദൈർഘ്യം കൂടിയും കുറഞ്ഞും വരുന്നു. ചരിവ് കൂടിയ കുന്നിൻ പ്രദേശങ്ങൾ എല്ലാം തന്നെ മണ്ണൊലിപ്പ് ഭീഷണി നേരിടുന്നവയാണ്. മഴയുടെ ഏറ്റക്കുറച്ചിലുകൾ കൃഷിയെയും ഉൽപാദനത്തേയും സാരമായി ബാധിക്കുന്നുണ്ട്.

എക്കൽ മണ്ണും ചെളിയും നിറഞ്ഞുകിടക്കുന്ന താഴ്ന്ന പാടശേഖരങ്ങളിൽ ഒരുപ്പൂ നെൽകൃഷിയാണ് നടത്തുന്നത്. മറ്റു കാലങ്ങളിൽ ഇത് വെള്ളം കയറി കിടക്കുന്ന പ്രദേശമാണ്. ഉയർന്ന പാടങ്ങളിൽ അപൂർവ്വമായി ഇരുപ്പൂ കൃഷി നടത്താറുണ്ട്. കരഭൂമിയിലാകട്ടെ പശ്ചിമരാശി മണ്ണാണ് പൊതുവെ കാണപ്പെടുന്നത്. ചില പ്രദേശങ്ങളിൽ ചരൽ കൂടുതലായി കാണപ്പെടുന്നുണ്ട്. മിക്ക കുന്നുകളിലും കരിങ്കൽ പാറകളുടെ സാന്നിദ്ധ്യം ഉണ്ട്. പാറ മടകളുടെ പ്രവർത്തനം നിരവധി ആളുകൾക്ക് തൊഴിൽ നൽകുന്ന ഒന്നായി വളർന്നിട്ടുണ്ട്.

മഴയുടെ ലഭ്യത - മുൻവർഷങ്ങളിൽ (മില്ലി. മീറ്ററിൽ)

വർഷം	ജനുവരി	ഫെബ്രു.	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലായ്	ആഗസ്റ്റ്	സെപ്തം.	ഒക്ടോ.	നവം.	ഡിസം	ആകെ പെയ്ത ദിനങ്ങൾ
1986	0.0	15.0	41.0	108.3	178.0	559.3	353.9	221.9	279.6	133.4	270.2	6.1	117
1987	0.0	16.6	0.0	112.3	192.8	698.6	181.7	651.2	24.8	10.5	267.5	74.7	133
1988	0.0	48.8	144.1	226.1	120.2	501.2	515.7	568.5	623.6	101.8	163.9	67.3	141
1989	9.6	0.0	12.8	160.0	251.9	701.4	706.9	343.6	316.6	417.0	143.4	10.8	132
1990	30.7	5.5	49.4	32.0	489.4	578.2	594.3	220.0	122.1	410.0	238.5	18.5	140
1991	2.0	7.2	58.5	215.1	171.9	1373.4	648.6	438.4	38.3	461.4	171.9	22.9	128
1992	0.0	3.1	0.0	120.3	298.0	940.3	1018.4	605.6	356.4	419.7	317.7	1.2	142
1993	0.0	27.0	12.3	159.6	266.4	1034.7	996.0	217.1	95.1	432.7	258.8	77.2	133
1994	35.6	97.2	60.1	262.0	252.3	622.8	646.9	564.2	203.7	477.9	116.0	1.6	147
1995	0.0	0.0	21.2	407.4	539.7	569.8	678.9	540.7	334.4	269.3	325.6	0.0	135
1996	22.8	4.4	0.0	166.1	116.9	522.7	608.8	300.4	414.0	342.8	217.0	-	-



പുതുപ്പള്ളിയിൽ ലഭിച്ച മഴയുടെ കണക്ക്. ഒരു രേഖാചിത്രം (മി. മീറ്റർ)

1991-ലെ സെൻസസ് പ്രകാരം പുതുപ്പള്ളി പഞ്ചായത്തിലെ ജനസംഖ്യ 27701 ആണ്. ഇത് 1981-ൽ 25317 ആയിരുന്നു. ഇപ്പോഴുള്ള ജനസംഖ്യാ വർദ്ധനയുടെ തോത് വച്ച് കണക്കാക്കിയാൽ 2000 മാണ്ട് ആകുമ്പോഴേക്കും ഇത് 31000-ത്തോളം ആകും. സാക്ഷരതയിൽ വളരെ മുന്നിട്ടു നിൽക്കുന്ന ഒരു പഞ്ചായത്താണിത്. സ്ഥിരമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന 7764 പേരാണുള്ളത്. മറ്റു സംസ്ഥാനങ്ങളിലും വിദേശത്തും ജോലി ചെയ്യുന്നവർ ധാരാളം ഉണ്ടെങ്കിലും അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ അതിരൂക്ഷമാണ്.

വികസന മേഖലകൾ

കൃഷി/ജലസേചനം

ഉയർന്ന കുന്നുകളും പുൽമേടുകളും ചെരിവു പ്രദേശങ്ങളും താഴ്വാരങ്ങളും നിലങ്ങളും (പാടങ്ങൾ) ഉൾപ്പെട്ട ഭൂപ്രദേശമാണ് പുതുപ്പള്ളി. ജൈവസമൃദ്ധമായ മണ്ണും വറ്റാത്ത ജലാശയങ്ങളും വേണ്ടുവോളം ഉണ്ടായിരുന്ന പഴയ കാലത്ത് നെല്ലും, കരിമ്പും, തെങ്ങും, കുരുമുളകും, മരച്ചീനിയും, വാഴയും പ്രധാന വിളകളായി കൃഷി ചെയ്തു പോന്നിരുന്നു. ചേന, ചേമ്പ്, കാച്ചിൽ, ചെറുകിഴങ്ങ് ഇവ ഇടവിളകളായിരുന്നു. പുരയിടങ്ങളിൽ മാവ്, പ്ലാവ് തുടങ്ങിയ ഫല വൃക്ഷങ്ങളും ധാരാളമായി വളർത്തിയിരുന്നു. കാലിവളവും പച്ചിലവളവും മാത്രമായിരുന്നു കൃഷിയ്ക്ക് ഉപയോഗിച്ചിരുന്നത്. പാലിനും ചാണകത്തിനുമായി ഓരോ കുടുംബത്തിനും കന്നുകാലികൾ ധാരാളമുണ്ടായിരുന്നു. കാളകളെയാണ് ഉഴവു നടത്തുന്നതിനായി ഉപയോഗിച്ചിരുന്നത്. നെൽപാടങ്ങളിൽ കൃഷിയാവശ്യത്തിനുള്ള വെള്ളം കയറ്റുന്നതിനും അധിക ജലം നീക്കം ചെയ്യുന്നതിനും ചക്രങ്ങൾ ഉപയോഗിച്ചിരുന്നു. ജന്മി കുടിയാൻ സമ്പ്രദായം നിലനിന്നുപോന്നിരുന്ന കാലഘട്ടത്തിൽ പോലും മണ്ണിൽ പണിയെടുക്കുന്ന കർഷകർ തമ്മിൽ കൃഷിയിടങ്ങളിൽ ജോലികൾ ചെയ്തു സഹായിച്ചു പോന്നിരുന്നു. തൊഴിലാളികൾക്ക് വ്യക്തമായ സേവന വേതന വ്യവസ്ഥ അന്നുണ്ടായിരുന്നില്ല. കൃഷിയെ ആത്മാർത്ഥമായി സ്നേഹിച്ചിരുന്ന കർഷകർ പ്രകൃതിയും മണ്ണും കനിഞ്ഞു നൽകുന്ന വരദാനമായി ഉല്പന്നങ്ങളെ കരുതിയിരുന്നു.

ഭൂപരിഷ്ക്കരണ നിയമങ്ങളിൽ കൂടിയും ഭൂവുടമാ സമ്പ്രദായത്തിലൂടെയും കാർഷിക മേഖലയിൽ 19-ാം നൂറ്റാണ്ടിൽ സമൂലമായ മാറ്റം ഉണ്ടായിട്ടുണ്ട്. ഇന്ന് കൃഷി ഭൂമിയുടെ വിസ്തൃതി 2224 ഹെക്ടറും ഭൂവുടമസ്ഥത 11655 കർഷകരിലുമാണ്.

വിസ്തീർണ്ണം സെൻറുകളിൽ				ഭൂവുടമകളുടെ എണ്ണം
5	മുതൽ	10	വരെ	1096
10	"	50	"	3706
50	"	100	"	3730
100	"	200	"	1568
200	"	300	"	1340
300	"	400	"	110
400	"	500	"	25
500	"	600	"	30
600	"	700	"	10
700	"	800	"	7
800	"	900	"	9
900	"	1000	"	8
1000	"	1100	"	4
1100	"	1200	"	7
1200	"	1300	"	3
1300	"	1400	"	3
1400	"	1500	"	3
1500 നു മേൽ				2
			5500 സെൻറ്	11655
			(2224 ഹെക്ടർ)	

പണ്ടുണ്ടായിരുന്ന ജൈവ സന്തുലിതാവസ്ഥയ്ക്കും പരിസ്ഥിതിയ്ക്കും കോട്ടം വരത്തക്ക രീതിയിൽ കൃഷിയിൽ നിന്നും കർഷകർ മാറിയിരിക്കുകയാണ്. കുടുംബങ്ങളുടെ എണ്ണം പെരുകുകയും അതോടൊപ്പം തന്നെ ശുദ്ധജലത്തിനായി കിണറുകളുടെ എണ്ണം കൂടുകയും ചെയ്തു. ജനബാഹുല്യം മൂലം കൃഷിഭൂമി തന്നെ ഭവന നിർമ്മാണത്തിനായി കൂടുതൽ തുണ്ടുകളായി മാറ്റപ്പെട്ടു. സാമ്പത്തികവും സാംസ്ക്കാരികവുമായ മുന്നേറ്റത്തിൽ യഥാർത്ഥ കാർഷിക വൃത്തിയിൽ ഏർപ്പെടുന്നവരുടെ എണ്ണം കുറഞ്ഞു വന്നു. കാലാവസ്ഥയിലും കൃഷിയിലും വന്നിട്ടുള്ള മാറ്റം മൂലം ജല സമൃദ്ധമായിരുന്ന കൃഷി ഭൂമി ജല സേചന സൗകര്യ കുറവു മൂലം തരിശായിക്കിടക്കുകയാണ്. കാർഷിക വികസനത്തിനായി ഗവ. പല പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നുണ്ടെങ്കിലും യഥാർത്ഥ കർഷകർക്കോ കാർഷിക മേഖലയ്

ക്കോ കാര്യമായ പുരോഗതിയുണ്ടാക്കാൻ സാധിച്ചിട്ടുണ്ടോയെന്നുള്ളത് പരിശോധിക്കേണ്ടതാണ്. ഇന്നത്തെ വിള ചേരുവകളെ സംബന്ധിച്ച് കൃഷി ഭവനിൽ നിന്നും ലഭിച്ച കണക്കുകൾ താഴെ ചേർക്കുന്നു.

വിള	വിസ്തീർണ്ണം	ഉല്പാദനക്ഷമത
നെല്ല്		
1-ാം വിള	10	ഹെക്ട. 3 ടൺ
2-ാം വിള		
3-ാം വിള	240	" 3.5 "
പയർ	8	" 5 "
പച്ചക്കറികൾ	60	" 4 "
തെങ്ങ്	320	" 3000 തേങ്ങ
വാഴ	100	" 20 ടൺ
മരച്ചീനി	70	" 20 "
കുരുമുളക്	150	" 4 "
പ്ലാവ്	80	" 4 "
മാവ്	30	" 12 "
റബ്ബർ	700	" 2.5 "
കമുക്	12	" 2000 എണ്ണം
കൊക്കോ	150	" 3.5 ടൺ

ഭക്ഷ്യ വിളകൃഷി മുൻകാലങ്ങളെ അപേക്ഷിച്ച് വളരെ കുറയുകയും നാണ്യവിളകളായ റബ്ബർ കൊക്കോ തുടങ്ങിയവയിലേയ്ക്ക് കർഷകർ ശ്രദ്ധകേന്ദ്രീകരിക്കുകയും ചെയ്തു വരുന്നു. കാർഷിക മേഖലയിൽ തൊഴിലാളികളെ കിട്ടാനുള്ള ബുദ്ധിമുട്ടും ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തതയും ഇത്തരം കൃഷിയിലേയ്ക്കു തിരിയുന്നതിന് കർഷകരെ പ്രേരിപ്പിച്ചിട്ടുണ്ട്. പുതിയ തലമുറയ്ക്കു കൃഷി തരം താണ ജോലിയാണെന്നുള്ള തോന്നൽ കാരണം ഭൂമി സ്വന്തമായിട്ടുള്ളവർ പോലും കൃഷിയിൽ നിന്നും പിൻ മാറുന്നുണ്ടെന്നുള്ളതും പല വിധ കൃഷിയിലും കുറവുണ്ടാകുന്നതിനുള്ള കാരണമായി തീർന്നിട്ടുണ്ട്. കർഷക തൊഴിലാളികളേക്കാൾ വരുമാനത്തിൽ കുറവാണെങ്കിൽ പോലും സാമൂഹ്യമാന്യതയും തൊഴിൽ സുരക്ഷിതത്വവുമാണ് മറ്റു മേഖലകളിലേയ്ക്ക് ജനങ്ങളെ ആകർഷിക്കുന്നത്.

4 പൊതു ജലസേചന കിണറുകളും 6 കുഴൽ കിണറുകളും 42 കുളങ്ങളുമാണ് പഞ്ചായത്തിലെ ജലസേചനത്തിന് നിലവിലുള്ള സ്രോതസ്സുകൾ. കൊടൂറാറും അതിന്റെ കൈവഴികളായ 3 പ്രധാന തോടുകളുമാണ് ഈ പ്രദേശത്തുള്ളത്. ഇവയിൽ വേനൽക്കാലത്ത് (5 മാസത്തോളം) ജല ലഭ്യത തീരെയില്ല. തോടുകളിൽ ജലം തിരിച്ചു വിടുന്നതിനായി 15 ചീർപ്പുകൾ (ക്രോസ് ബാറുകൾ) ഉണ്ട്. അവയിൽ ഒരെണ്ണം മാത്രമേ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുള്ളൂ. ജലസേചനത്തിനായി 25 പോർട്ടബിൾ പമ്പുസെറ്റുകൾ ഉപയോഗിക്കുന്നതായിട്ടാണ് കൃഷിഭവനിലെ കണക്കുകൾ കാണിക്കുന്നത്. മണ്ണിൽ കാർഷിക മുറകൾ (മണ്ണിളക്കൽ) കൂടുതൽ ആവശ്യമില്ലാത്ത റബ്ബർ കൃഷി കൂടുതൽ വ്യാപിച്ചതിനാൽ മഴക്കാലത്തു ലഭിക്കുന്ന ജലം മണ്ണിൽ താഴുവാനുള്ള സൗകര്യങ്ങൾ ഇല്ലാതായി. തന്മൂലം കിണറുകളിലും കുളങ്ങളിലും ആവശ്യത്തിനു വെള്ളം കിട്ടുന്നില്ല. അഥവാ ഭൂമിയിൽ താഴുന്ന ജലത്തിന്റെ നല്ലൊരു പങ്കും സ്ഥായിയായ റബ്ബർ മരങ്ങൾക്കാവശ്യമായി ഭൂമിയിൽ നിന്നും വലിച്ചെടുക്കുന്നുവെന്ന് അനുമാനിക്കാം. മഴ ലഭിക്കുന്ന കാലദൈർഘ്യകുറവും അളവു കുറഞ്ഞതും ജലവിഭവ ലഭ്യതയ്ക്കു തടസ്സമായിട്ടുണ്ട്.

പുതുപ്പള്ളി കവലയിൽ വിപുലമായ തോതിൽ പ്രവർത്തിച്ചു വന്നിരുന്ന ഒരു സസ്യമാർക്കറ്റും അതിന്റെ ഉപമാർക്കറ്റായി 10-ാം വാർഡിൽ കൈതേപ്പാലത്തിനു സമീപം മാർക്കറ്റും ഉണ്ടായിരുന്നു. പ്രസ്തുത മാർക്കറ്റുകൾ യഥാക്രമം ബസ്സ് സ്റ്റാൻറും ഷോപ്പിംഗ് കോംപ്ലക്സും ആയുർവ്വേദ ആശുപത്രിയും ആയി മാറി. റബ്ബർ ഒഴികെയുള്ള ഉല്പന്നങ്ങളുടെ വിപണനത്തിന് കോട്ടയം മാർക്കറ്റിനെ ആശ്രയിക്കേണ്ടതായി വരുന്നു. തന്മൂലം കാർഷിക വിളകളുടെ വിപണനത്തിനായി കർഷകന് കൂടുതൽ അദ്ധ്വാനഭാരവും കൂലിച്ചെലവും ഉണ്ടാകുന്നതോടൊപ്പം തന്നെ ഇടത്തട്ടുക്കാരായ കച്ചവടക്കാരുടെ ചൂഷണത്തിന് കർഷകർ ഇരയാവുകയും ചെയ്യുന്നു. കാർഷിക വൃത്തിയിൽ നിന്നും കർഷകർ പിന്മാറുന്നതിന് ഇതു കാരണമായി.

അശാസ്ത്രീയമായ വളപ്രയോഗങ്ങളും കീടനാശിനികളുടെ ഉപയോഗവും കൃഷിചെലവു വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്. പഞ്ചായത്തിൽ സഹകരണമേഖലയിലും സ്വകാര്യമേഖലയിലും ഉള്ള രാസവളകീടനാശിനി വില്പന ശാലകളിൽ നിന്നും 1996 കാലയളവിൽ വില്പന നടത്തിയ വളങ്ങളുടേയും കീടനാശിനികളുടേയു അളവ് താഴെ ചേർക്കുന്നു.

ക്രമനമ്പർ	സ്ഥാപനത്തിന്റെ പേര്	രാസവളം	ജൈവവളം	കീടനാശിനി	
				ദ്രവം	ഖരം
1.	വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക് വക പുതുപ്പള്ളി, തോട്ടയക്കാട്, പയ്യപ്പാടി, ഇരവിനെല്ലൂർ, ഡിപ്പോകൾ വഴി	187 ടൺ	15 ടൺ	-	-
2.	എറികാട് കൺസ്യൂമർ സ്റ്റോർ	52.8 ടൺ	-	-	-
3.	ഫാക്ട് ഏജൻസി പുതുപ്പള്ളി	122 ടൺ	-	18 ലി.	333 കി.
4.	പ്യാരി ഏജൻസി പുതുപ്പള്ളി	125 ടൺ	-	20 "	40 "
5	ഫാക്ട് ഇരവിനെല്ലൂർ	125 ടൺ	-	21.75	75 "

കൂടാതെ കൃഷി ഭവന്റെ ആഭിമുഖ്യത്തിൽ 30 ടൺ തെങ്ങുവളം വിതരണം ചെയ്തിട്ടുണ്ട്.

കാർഷിക മേഖലയിൽ തൊഴിലാളികളുടെ ലഭ്യത വളരെ കുറവാണ്. തന്മൂലം കൃഷി ഭൂമിയിൽ സ്വയം ജോലികൾ ചെയ്യാൻ തയ്യാറാകാത്ത ഉടമകൾ ഭൂമി കൃഷി ചെയ്യാതെ ഇട്ടിരിക്കുകയാണ്. കെട്ടിട നിർമ്മാണം, പെയിന്റിംഗ്, വ്യാപാരങ്ങൾക്കു ഇടനിലക്കാർ എന്നീ തുറകളിലേയ്ക്ക് തൊഴിലാളികൾ മാറിക്കൊണ്ടിരിക്കുന്നു. ഓരോ കൃഷി ജോലികൾക്കും ഇപ്പോൾ നൽകി വരുന്ന കൂലി നിരത്തുകൾ: പുരയിടങ്ങളിലെ ജോലിക്ക് പുരുഷതൊഴിലാളിക്ക് 100 രൂപാ, സ്ത്രീ തൊഴിലാളിക്ക് 60 രൂപ പാടങ്ങളിൽ കളപറിയ്ക്കലിന് സ്ത്രീകൾക്ക് 50 രൂപ കൊയ്ത്ത്, മെതി ഇവയ്ക്ക് 1/6 പതം തേങ്ങ ഇടുന്നതിന് തെങ്ങ് 1-ന് 3 രൂപ റബ്ബർ ടാപ്പിംഗിന് റബ്ബർ 1-ന് 25 പൈസ. കീടനാശിനി തളിയ്ക്കുന്നതിന് 1 കുറ്റി ലായനിയ്ക്ക് 7 രൂപ.

പുതുപ്പള്ളി കൃഷി ഭവനിലൂടെ നടപ്പിലാക്കുന്ന വികസന പദ്ധതികൾ

1. ദേശീയ നീർമറി വികസന പദ്ധതി:-

ഈ പദ്ധതിയിൽ പ്രകാരം പുതുപ്പള്ളി പഞ്ചായത്തിലെ 1,2 വാർഡുകളും 8,9 വാരിഡിലെ 450 കുടുംബങ്ങളും ഉൾപ്പെട്ട 510 ഹെക്ടർ സ്ഥലത്ത് സമഗ്ര വികസന പരിപാടി 1991-92 മുതൽ നടപ്പിലാക്കി വരുന്നു. മൃഗസംരക്ഷണം, ക്ഷീര വികസനം, വനം, മത്സ്യബന്ധനം എന്നീ വകുപ്പുകൾ ചേർന്ന് നടപ്പിലാക്കുന്ന ഒരു സമഗ്ര പദ്ധതിയാണിത് 14.85 ലക്ഷം രൂപ ഈ പദ്ധതി പ്രദേശത്തിന്റെ വികസനത്തിനായി ചെലവഴിക്കുന്നു. 1310 ഗുണഭോക്താക്കളാണ് പദ്ധതിയിലുള്ളത്.

2. സമഗ്ര നാളികേര വികസന പദ്ധതി

1994-95 മുതൽ നടപ്പിലാക്കി വരുന്നു. തെങ്ങിന് ജലസേചനത്തിനായി കിണർകുഴിക്കുന്നതിന് പമ്പ് സെറ്റ് വാങ്ങുന്നതിന് 2.1 ലക്ഷം രൂപ സബ്സിഡി നൽകിയിട്ടുണ്ട്. ഈ വർഷവും പദ്ധതി തുടരുന്നു. തെങ്ങുകയറ്റ യന്ത്രം, സ്പ്രെയർ എന്നിവയ്ക്കും ധനസഹായം നൽകുന്നുണ്ട്. കണിക ജലസേചനം നടത്തുന്നതിനും ധനസഹായം ലഭിക്കും. 61000 തെങ്ങിന് 4,88,000 രൂപ സബ്സിഡിയോടു കൂടി വളം നൽകിയിട്ടുണ്ട്. കൂടാതെ കുറ്റ്യാടി റ്റി ആൻറ് ഡി. ഡി. ആൻറ് റ്റി ഇനത്തിൽപ്പെട്ട തെങ്ങിൻ തൈകൾ എല്ലാവർഷവും വിതരണം നടത്തുന്നുണ്ട്.

3. സമഗ്ര പച്ചക്കറി വികസന പദ്ധതി

ഈ പദ്ധതി പ്രകാരം എല്ലാ വർഷവും യു. പി., ഹൈസ്ക്കൂൾ വിഭാഗങ്ങളിലെ കുട്ടികൾക്ക് ആയിരത്തിലധികം പായ്ക്കറ്റ് സൗജന്യമായി നൽകി വരുന്നു. ഏറ്റവും നന്നായി കൃഷി ചെയ്യുന്ന കുട്ടികൾക്ക് പഞ്ചായത്തു തലത്തിലും ബ്ലോക്ക് തലത്തിലും ക്യാഷ് അവാർഡുകൾ നൽകുന്നതുമാണ്.

4. ഫലവർഗ്ഗ വികസന പദ്ധതിയനുസരിച്ച് ഫല വൃക്ഷ തൈകൾ, വാഴവിത്ത് എന്നിവ വിതരണം ചെയ്തു.

5. കിഴങ്ങു വർഗ്ഗ വികസന പദ്ധതിപ്രകാരം ചേന വിത്ത്, കാച്ചിൽ, കപ്പത്തണ്ട് എന്നിവ വിതരണം ചെയ്യുന്നുണ്ട്.

6. കുരുമുളകു പദ്ധതി, കൊക്കോകൃഷി വികസന പദ്ധതി എന്നിവയും നടപ്പിലാക്കി വരുന്നു.

8. കാർഷിക മേള, വിളമത്സരം, സെമിനാറുകൾ എന്നിവ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുകയും വിളമത്സര വിജയികൾക്ക് ക്യാഷ്

അവാർഡുകൾ നൽകുകയും ചെയ്യുന്നു.

9. പയറു വർഗ്ഗ വികസന പദ്ധതിപ്രകാരം പയർ വിത്തും കീടനാശിനിയും സബ്സിഡി നിരക്കിൽ കർഷകർക്കു ലഭ്യമാക്കുന്നു.

10. നെൽകർഷകർക്കായി എല്ലാ വിധ കീടനാശിനികളും സബ്സിഡി നിരക്കിൽ നൽകി വരുന്നു.

11. ഗ്രൂപ്പ് ഫാമിംഗ് അടിസ്ഥാനത്തിൽ 10 പാടശേഖരങ്ങൾ പാടശേഖര നെല്ലുല്പാദക സമിതികളായി രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നു. 1991-92, 92-93 കാലയളവിൽ കുമ്മായവും കീടനാശിനിയും സൗജന്യ നിരക്കിൽ നൽകിയിട്ടുണ്ട്. കൂടാതെ ഹെക്ടർ ഒന്നിന് 250 രൂപ വീതം ഉല്പാദന ബോണസും നൽകി വരുന്നു. 1995 പുഞ്ചകൃഷിയുടെ ബോണസ് ഇതുവരെ ലഭിച്ചിട്ടില്ല.

12. പ്രധാന മന്ത്രിയുടെ പ്രത്യേക പദ്ധതി പ്രകാരം എറികാട്, കുഴിത്തടം എന്നീ പാടശേഖരങ്ങൾക്കായി 3.62 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എറികാട് പാടശേഖരത്തിലെ പണി പൂർത്തിയായി.

13. ഒരു ലക്ഷം യുവജനങ്ങൾക്ക് പ്രത്യേക തൊഴിൽ ദാനപദ്ധതി: ഇതിൻ പ്രകാരം 10 പട്ടികജാതി / പട്ടികവർഗ്ഗത്തിലുള്ള വരെ 100 രൂപ വീതവും 90 പേരെ 1100 രൂപ വീതവും അടപ്പിച്ച് കൃഷി ഭവനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവർക്ക് ആടു വളർത്തൽ, മുയൽ വളർത്തൽ, പന്നി വളർത്തൽ, വെറ്റിലകൃഷി, പച്ചക്കറികൃഷി, തേനീച്ച വളർത്തൽ, റബ്ബർ റോളർ എന്നിങ്ങനെ വിവിധ പദ്ധതികൾക്കായി ധന സഹായം നൽകുന്ന ഈ പദ്ധതി പ്രകാരം 60 വയസ്സിനുശേഷം 1000 രൂപ പെൻഷൻ ലഭിക്കുന്നതുമാണ്.

14. വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 116 കർഷകർ റബ്ബർ, വാഴ, പച്ചക്കറി, തെങ്ങ്, കുരുമുളക് ഇവ ഇൻഷ്വർ ചെയ്തിട്ടുണ്ട്.

കാർഷിക മേഘല പ്രശ്നങ്ങൾ

1. മണ്ണൊലിപ്പും അമിതമായ രാസവള പ്രയോഗവും മൂലം മണ്ണിന്റെ ഫലപുഷ്ടി നഷ്ടപ്പെടുന്നു.

2. നെൽകൃഷി ചെയ്യാവുന്ന 31 ഹെക്ടർ ഭൂമി തരിശ്ശായി കിടക്കുന്നു.

3. ജലസേചന സൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്.

4. നെൽകൃഷി ലാഭകരമല്ലാത്തതിനാലും ഭവന നിർമ്മാണത്തിനു വേണ്ടിയും പാടങ്ങൾ നികത്തപ്പെടുന്നു.

5. ജലസേചന സൗകര്യങ്ങൾ കുറവായതിനാൽ നെൽകൃഷിയിൽ ഇരുപ്പൂ നിലങ്ങൾ എല്ലാം ഒരുപ്പൂ നിലങ്ങളായി മാറുന്നു.

6. ശാസ്ത്രീയമായ കൃഷി രീതികൾ സ്വീകരിക്കുന്നില്ല. തന്മൂലം ഉല്പാദനക്കുറവ്, അതുപോലെ കൃഷി ച്ചെലവ് കൂടുതൽ.

7. കൃഷിയും അനുബന്ധമേഖലകളേയും ബന്ധിപ്പിച്ചു കൊണ്ടുള്ള കൃഷി രീതി പ്രാവർത്തികമാക്കുന്നില്ല.

8. കാർഷിക തൊഴിലാളികളുടെ ലഭ്യതക്കുറവ് - കൂലി കൂടുതൽ.

9. തക്ക സമയത്ത് യന്ത്രോപകരണങ്ങൾ ലഭിക്കുന്നില്ല.

10. കാർഷികോല്പന്നങ്ങളുടെ വിലക്കുറവ് - വിപണന സാദ്ധ്യതയില്ലായ്മ.

11. കാർഷിക വിജ്ഞാന വ്യാപനത്തിനുള്ള അപര്യാപ്തത കൃഷിഭവൻ സബ്സിഡി നൽകാൻ മാത്രമായുള്ള ഒരു ഏജൻസിയായി മാറിയിരിക്കുന്നു.

12. രാസവളങ്ങളുടേയും ജൈവവളങ്ങളുടേയും വില വർദ്ധന.

13. ഉല്പന്ന സംസ്ക്കരണത്തിനുള്ള സൗകര്യക്കുറവ്.

14. കാർഷിക വിളകളെ ബാധിക്കുന്ന രോഗ കീടബാധകൾ 1. തെങ്ങ് :- കാറ്റു വീഴ്ച, കൂമ്പു ചീയൽ, ചെല്ലി.

    2. റബ്ബർ:- പട്ടമരപ്പ്, കുമിൾ രോഗങ്ങൾ

    3. വാഴ:- വെള്ളികുമ്പ്, പിണ്ടി തുരപ്പൻ

    4. പയർ:- കരി വള്ളി

    5. പാവൽ:- മുരടിപ്പ്

    6. കുരുമുളക്:- ദ്രുതവാട്ടം, സാവധാന വാട്ടം

    7. നെല്ല്:- ഇലപ്പേൻ, ഓല മുറിക്കൽ, തണ്ടുതുരപ്പൻ

15. അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളും നടീൽ വസ്തുക്കളും വിശ്വസനീയമായ കേന്ദ്രങ്ങളിൽ നിന്നും ലഭിയ്ക്കായ്മ.

16. കർഷകരെ സഹായിക്കുന്നതിനായി ആവിഷ്കരിച്ചു നടപ്പാക്കുന്ന പദ്ധതി സഹായം യഥാസമയം ലഭിക്കുന്നില്ല.

17. പദ്ധതികൾ നടപ്പിലാക്കിയതിനുശേഷം അതിന്റെ ഫലം വേണ്ട വിധം പ്രയോജനകരമായിരുന്നോ എന്നുള്ള വിലയിരുത്തലില്ല.

18. കൃഷിഭവൻ വഴിയും മറ്റു കൃഷി വികസന ഏജൻസികൾ വഴിയും നടപ്പിലാക്കുന്ന പദ്ധതികളെപ്പറ്റി പഞ്ചായത്തിലെ മുഴുവൻ കർഷകരും ബോധവാന്മാരല്ല.

19. കാർഷിക വിളകളെ സംബന്ധിച്ചോ ഭൂവിനിയോഗത്തിന്റെ വിശദാംശങ്ങളെക്കുറിച്ചോ കൃത്യമായ കണക്കുകൾ പഞ്ചായത്തുതലത്തിൽ ലഭ്യമല്ല. ഇപ്പോഴുള്ളത് വിശ്വസനീയമല്ല.


20. പാടശേഖരങ്ങളിൽ വെള്ളം കെട്ടി കിടക്കുന്നതും നെൽകൃഷി കുറയുന്നതിന് കാരണമായിട്ടുണ്ട്. (4,5,6,7, വാർഡുകളിൽ)

നിർദ്ദേശങ്ങൾ

1. തരിശുഭൂമി കൃഷിയോഗ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

2. മണ്ണു സംരക്ഷണ പദ്ധതികൾ / പ്രവർത്തനങ്ങൾ ആവശ്യമുള്ള സ്ഥലത്ത് ജനപങ്കാളിത്തത്തോടെ നടപ്പാക്കുക.

3. നിലവിലുള്ള ജലസേചന സൗകര്യങ്ങൾ കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.



1. ക്രോസ് ബാറുകളുടെ അറ്റകുറ്റപണികൾ തീർക്കുക.

2. തോടുകളിൽ തടയണകൾ നിർമ്മിച്ച് വർഷകാലത്തു ലഭിക്കുന്ന ജലം തടഞ്ഞു നിർത്തി വേനൽക്കാലത്ത് ജലസേചനത്തിനായി ഉപയോഗിക്കാം.

3. പ്രധാനപുഴകളിൽ നിന്നും പാടശേഖരങ്ങളിലേയ്ക്ക് വെള്ളം എത്തിയ്ക്കുന്നതിനുള്ള ചാലുകൾക്ക് ആഴം കൂട്ടുകയും വശങ്ങൾ കരിങ്കല്ലു കൊണ്ട് കെട്ടി സംരക്ഷിക്കുകയും ചെയ്യുക.

4. വരൾച്ചയനുഭവിക്കുന്ന പാടശേഖരങ്ങളിൽ ജലസേചനത്തിനായി പമ്പുസെറ്റുകൾ സൗജന്യമായി നൽകുക.

5. സ്ഥിരമായ ജലലഭ്യതയ്ക്ക് മൂവാറ്റുപുഴയാറിനേയും മീനച്ചിലാറിനേയും ബന്ധിപ്പിച്ച് ലിഫ്റ്റ് ഇറിഗേഷൻ വഴിയും കനാൽ വഴിയും പുതുപ്പള്ളിയിലേയും സമീപ പഞ്ചായത്തുകളിലേയും ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കാം.

6. അത്യുല്പാദന ശേഷിയുള്ള വിത്തനങ്ങൾ / നടീൽ വസ്തുക്കൾ വിശ്വസനീയമായ കേന്ദ്രങ്ങളിൽ നിന്നും യഥാർത്ഥ കർഷകർക്ക് യഥാസമയം ലഭ്യമാക്കുക.

7. 4,5,6,7 വാർഡുകളിലെ താഴ്ന്ന പ്രദേശങ്ങളിൽ (പാടങ്ങളിൽ) വെള്ളം കെട്ടി കിടക്കുന്നതു പമ്പു ചെയ്ത് നീക്കം ചെയ്യുക. അതിനായി തോടിനോടു ചേർന്ന് നിർമ്മിച്ചിരിക്കുന്ന ബണ്ടുകളുടെ ഉയരം കൂട്ടുകയും തോട്ടിൽ വന്നടിഞ്ഞിട്ടുള്ള മണ്ണ് നീക്കം ചെയ്ത് ആഴം കൂട്ടുകയും ചെയ്യണം. എന്നാൽ നെൽകൃഷി വർദ്ധിപ്പിക്കാൻ സാധിക്കും.

8. കൃഷി വിജ്ഞാന വ്യാപനത്തിനായി പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

9. കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി മറ്റു ഗവ: ഏജൻസികൾ നടത്തുന്ന പദ്ധതികളെപ്പറ്റി അറിയാൻ ഇൻഫർമേഷൻ സെൻററായി കൃഷിഭവൻ മാറണം.

10. കൃഷി ഭവനിലൂടെ നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ചുള്ള വിവരങ്ങൾ എല്ലാ കർഷകരിലും എത്തിക്കുന്നതിനു വേണ്ട സംവിധാനം ഉണ്ടാക്കുക.

12. കൃഷിയാവശ്യങ്ങൾക്കായി ബാങ്കുകൾ നൽകുന്ന വയ്പകൾ യഥാർത്ഥത്തിൽ കൃഷിക്കായി തന്നെ ഉപയോഗിക്കുന്നുണ്ടോയെന്നും പ്രത്യുല്പാദന പരമായി നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടോയെന്നും പരിശോധിക്കേണ്ടതാണ്.

13. ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ദേശീയ നിർമറി വികസന പദ്ധതി മറ്റു വാർഡുകളിലേക്കും വ്യാപിപ്പിക്കുക.

14. മൈനർ ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി തോടുകളുടെ വശങ്ങൾ കരിങ്കല്ലുപയോഗിച്ച് കെട്ടി സംരക്ഷിക്കുക.

15. പാടശേഖരങ്ങളിലേക്കുള്ള ഗതാഗതസൗകര്യം വർദ്ധിപ്പിക്കുക.

16. നിയമ വിരുദ്ധമായി പുഞ്ചപ്പാടങ്ങൾ മണ്ണിട്ടു നികത്തുന്നത് തടയുക.

വായ്പാ സൗകര്യങ്ങൾ

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ പുതുപ്പള്ളി, പരിയാരം ശാഖകൾ, ഫെഡറൽ ബാങ്ക്, കോട്ടയം ജില്ലാ സഹകരണ ബാങ്ക്, വില്ലേജ് സർവ്വീസ് സഹകരണ ബാങ്കിന്റെ പുതുപ്പള്ളി, പയ്യപ്പാടി, തോട്ടയ്ക്കാട്, ഇരവിനെല്ലൂർ ശാഖകളും അദ്ധ്യാപക സഹകരണ ബാങ്കുമാണ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ.

മറ്റു ബാങ്കുകളെ അപേക്ഷിച്ച് വില്ലേജ് സഹകരണ ബാങ്ക് വായ്പയുടെ വിതരണത്തിൽ വളരെ സജീവമാണ്. വിദേശനാണയ നിക്ഷേപത്തിന്റെ ഏറിയ പങ്കും ഫെഡറൽ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ബ്രാഞ്ചുകളിലാണ്. നിക്ഷേപത്തിന് ആനുപാതികമായി വായ്പ നൽകുന്നതിന് ഈ ബാങ്കുകൾ വിമുഖത കാണിക്കുന്നു. കാർഷിക വികസന പ്രവർത്തനങ്ങൾക്ക് വായ്പ നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കേണ്ടതാണ്.

മൃഗസംരക്ഷണം/മത്സ്യപരിപാലനം

മൃഗസംരക്ഷണം കാർഷികമേഖലയുടെ ഒരു ഉപമേഖലയാണ്. ഈ മേഖലയിലെ വികസനം വഴി ജനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്. പാൽ, മുട്ട, മാംസം എന്നിവയുടെ പ്രതിശീർഷ ലഭ്യതയും ഉപഭോഗവും ഉയർത്തുക, ശാസ്ത്രീയ പരിപാലനത്തിലൂടെ മൃഗങ്ങളുടെ ശരാശരി ഉൽപാദനക്ഷമത വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

കന്നുകാലികളുടെ ഗുണപരമായ ഉയർച്ചയാണ് ഉൽപാദനവർദ്ധനവിന് അടിസ്ഥാനം. ഊർജ്ജിത കന്നുകാലി വികസനപദ്ധതി (ഐ.സി.ഡി.പി.)യുടെ ആവിർഭാവത്തോടെ ഉയർന്ന ജനിതകഗുണങ്ങളുള്ള വിദേശയിനം കന്നുകാലികളുടെയും നാടൻ കന്നുകാലികളുടെയും ഗുണങ്ങളുള്ള സങ്കരമൃഗങ്ങളെ കൃത്രിമ ബീജസങ്കലനത്തിലൂടെ ഉണ്ടാക്കിയെടുക്കാൻ തുടങ്ങി. സാങ്കേതികവിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാധാരണ കർഷകർക്കു ലഭ്യമായിട്ടുള്ള സാഹചര്യങ്ങളിൽ പലപ്പോഴും ഉൽപാദന നിലവാരം പരീക്ഷണശാലാ നിലവാരത്തിനൊപ്പം ഉയരുന്നില്ല. ശാസ്ത്രീയ പരിപാലനവും പോഷകസമൃദ്ധമായ തീറ്റയും സങ്കരയിനം കന്നുകാലികൾക്ക് ലഭ്യമാക്കാൻ സാധിക്കാത്തതാണ് ഇതിനു കാരണം. പോഷകസമൃദ്ധമായ കാലിത്തീറ്റ ചെലവേറിയതായതുകൊണ്ടു സാധാരണക്കാരൻ വൈക്കോലും ഭക്ഷ്യവസ്തുക്കളുടെ അവശിഷ്ടങ്ങളുമാണ് പ്രധാനമായും നൽകുന്നത്. അതിനാൽ സാമ്പത്തികമായി താരതമ്യേന മേലേക്കിടയിലുള്ള കർഷകനേ ഉയർന്ന സങ്കരയിനം കന്നുകാലികളെ വളർത്തി ഉൽപാദനം വർദ്ധിപ്പിക്കാൻ സാധിക്കുകയുള്ളൂ. കാലിത്തീറ്റ, ശരിയായ ചികിത്സ, ശാസ്ത്രീയമായ പരിപാലനം എന്നിവ ഉറപ്പുവരുത്തിയാൽ മാത്രമേ ഉൽപാദനക്ഷമതയുള്ള മൃഗങ്ങളിൽനിന്നും യഥാർത്ഥ ഉൽപാദനം ലഭ്യമാകൂ.

പാൽ ഉൽപാദനത്തിനുവേണ്ടി മാത്രമല്ല മാംസാവശ്യങ്ങൾക്കുവേണ്ടിയും കൂടുതൽ മൃഗങ്ങളെ ആവശ്യമായിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന കന്നുകാലികളെയാണ് മാംസാവശ്യങ്ങൾക്കുവേണ്ടി ഇപ്പോൾ ഉപയോഗിക്കുന്നത്. മാംസ ഉൽപാദനരംഗത്തു തികഞ്ഞ അശാസ്ത്രീയതയാണ് നടമാടുന്നത്. കശാപ്പുശാലകൾ വൃത്തിഹീനങ്ങളും മൃഗങ്ങൾ പലതും രോഗം പിടിപെട്ടവയുമാണ്.

കോഴിമുട്ടയുടേയും കോഴിയിറച്ചിയുടേയും ആവശ്യം ഗണ്യമായി വർദ്ധിച്ചുവരുന്നുണ്ട്. തുടർച്ചയായി ഉണ്ടാകുന്ന "വസന്ത" രോഗം കോഴികളെയും താറാവുകളെയും ബാധിക്കുന്നതിനാൽ ഇവയുടെ കൃഷിവർദ്ധന തടസ്സപ്പെട്ടിരിക്കുകയാണ്.

ജനങ്ങളെ മൃഗസംരക്ഷണത്തിൽ കൂടുതൽ പങ്കാളികളാക്കാൻ സഹായിക്കുന്ന വികസനപദ്ധതികൾക്കൊപ്പം കന്നുകാലികൾക്കും കോഴികൾക്കും വേണ്ട തീറ്റ ഉൽപാദിപ്പിക്കാനുള്ള പുതിയ സംരംഭങ്ങളുമാണ് ഇപ്പോൾ വേണ്ടത്. അതോടൊപ്പം ഉൽപന്നങ്ങൾക്കു വിപണി ഉണ്ടാക്കിയെടുക്കാനുള്ള ശ്രമവും ഉണ്ടാവണം.

പുതുപ്പള്ളി പഞ്ചായത്തിൽ നിലവിലുള്ള വളർത്തുപക്ഷികൾ (പട്ടിക 1), വളർത്തുമൃഗങ്ങൾ (പട്ടിക 2), മൃഗങ്ങൾക്കും പക്ഷികൾക്കും ഉണ്ടാകുന്ന രോഗങ്ങൾ (പട്ടിക 3), കൃത്രിമ ബീജസങ്കലന വിവരങ്ങൾ (പട്ടിക 4) ഇവ താഴെ ചേർക്കുന്നു.

പട്ടിക 1

പൂവൻകോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
	മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	ആൺ	പെൺ	
3648	8817	9612	192	1339	68

പട്ടിക 2

കാള നാടൻ	കാള സങ്കരം	പശു നാടൻ		പശു സങ്കരം		എരുമ		പോത്ത്	ആട്	പട്ടി	ആന
		കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്				
35	330	190	65	936	1071	22	13	46	1635	1278	11

പട്ടിക 3

രോഗവിവരങ്ങൾ

ക്രമ നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി
1	ദഹനസംബന്ധമായവ	1807	128	833	68	37	4
2.	ശ്വാസകോശ സംബന്ധം	252		161			144
3.	ഉപാപചയ സംബന്ധം	153	1	3			
4.	ത്വക്രോഗങ്ങൾ	194		46		9	
5.	ധാതുലവണങ്ങളുടെ അഭാവം	129		23			
6.	പരാദരോഗങ്ങൾ	1393	28	139	34	25	76
7.	വന്ധ്യത	23					
8.	അകിടുവീക്കം	284		69			
9.	മുടന്തൻ പനി	185					
10.	പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ	451	2	63			

പ്രശ്നങ്ങൾ:

1. അത്യുല്പാദനശേഷിയുള്ള കന്നുകാലികളുടെ ലഭ്യതയില്ലായ്മ.
2. തീറ്റപ്പുല്ല് ആവശ്യാനുസരണം കിട്ടാനില്ല.
3. കാലിത്തീറ്റയുടെ അമിതമായ വിലവർദ്ധനവ്
4. കുളമ്പുരോഗം, അകിടുവീക്കം, പനി തുടങ്ങിയ രോഗങ്ങൾ കന്നുകാലികൾക്കുണ്ടാകുന്നു.
5. മൃഗാശുപത്രികളിൽനിന്നും എല്ലാ വാർഡുകളിലേയും കർഷകർക്ക് സേവനം കാര്യക്ഷമമായി ലഭിക്കുന്നില്ല.
6. ശാസ്ത്രീയമായ മൃഗപരിപാലന പരിശീലനക്കുറവ്
7. ഉൽപാദിപ്പിക്കപ്പെടുന്ന പാൽ വിപണനത്തിനുള്ള സൗകര്യക്കുറവ്
8. ശാസ്ത്രീയമായി നിർമ്മിക്കപ്പെട്ട അറവുശാലകളില്ല.

പട്ടിക 4

കൃത്രിമ ബീജസങ്കലന വിവരങ്ങൾ

വളർത്തു മൃഗം ഇനം	ആകെ എണ്ണം	കൃത്രിമ ബീജ സങ്കലനം നടത്തിയവ	ഗർഭാധരണത്തിന് 2-ലധികം തവണ ബീജ സങ്കലനം വേണ്ടിവന്നവ
പശു	2136	962	162
കിടാരി	763	411	69
എരുമ	35	23	10

സാദ്ധ്യതകൾ

1. അത്യുല്പാദനശേഷിയുള്ള കന്നുകുട്ടികളെ ആവശ്യാനുസരണം വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുക.
2. തീറ്റപ്പുൽ കൃഷിക്കാവശ്യമുള്ള വിത്തും ധനസഹായവും സാങ്കേതിക പരിശീലനവും നൽകുക.
3. കാലിത്തീറ്റ സൗജന്യനിരക്കിൽ ലഭ്യമാക്കുക.
4. വാർഡുകൾതോറും മൃഗാശുപത്രിയുടെ ഉപകേന്ദ്രങ്ങൾ ആരംഭിക്കുക.
5. നിലവിലുള്ള മൃഗാശുപത്രിയിൽ
   (എ) ആവശ്യത്തിനുള്ള മരുന്ന് ലഭ്യമാക്കുക
   (ബി) പ്രവർത്തനസമയം ദീർഘിപ്പിക്കുക.
   (സി) വാഹനം ലഭ്യമാക്കുക
   (ഡി) ഡോക്ടർമാർക്ക് ഭവനങ്ങൾ നിർമ്മിച്ചുകൊടുക്കുക.
   (ഇ) കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ ഉടൻ ചെയ്തു തീർക്കുക.
   (എഫ്) ചുറ്റുമതിൽ നിർമ്മിക്കുക.
   (ജി) ശുദ്ധജല ലഭ്യതയ്ക്ക് ടാങ്ക് നിർമ്മിച്ചു പമ്പുസെറ്റ് സ്ഥാപിക്കുക
   (എച്ച്) ഉദ്യോഗസ്ഥന്മാരുടെ അഴിമതി അവസാനിപ്പിക്കുക
6. മൃഗപരിപാലനത്തിന് ആവശ്യമായ സാങ്കേതിക പരിശീലന പരിപാടികൾ എല്ലാ വാർഡുകളിലും നടത്തുക.
7. പാൽ വിപണനത്തിനു വാർഡുകൾതോറും ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ ആരംഭി

ക്കുക.

8. ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ വഴി കാലിത്തീറ്റയും കോഴിത്തീറ്റയും സൗജന്യനിരക്കിൽ വിതരണം ചെയ്യുക.
9. കോഴി, താറാവ്, കാട എന്നിവയുടെ കുഞ്ഞുങ്ങളെ ആവശ്യാനുസരണം സൗജന്യമായി വിതരണം ചെയ്യുക.
10. വളർത്തുമൃഗങ്ങൾക്കും പക്ഷികൾക്കും ഉണ്ടാകാവുന്ന രോഗങ്ങൾക്കെതിരെ പ്രതിരോധ കുത്തിവയ്പുകൾ നൽകുക.
11. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ആടുമാടുകളെ വളർത്തുന്നതിനാവശ്യമായ ധനസഹായം നൽകുക.
12. വളർത്തുനായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കുക. ലൈസൻസ് ഇല്ലാത്ത നായ്ക്കളെ കൊല്ലുക.
13. വളർത്തുമൃഗങ്ങൾക്കുള്ള ഇൻഷുറൻസ് വ്യാപകമായി ഏർപ്പെടുത്തുക.
14. ശാസ്ത്രീയ രീതിയിലുള്ള കാലിത്തൊഴുത്തുകൾ നിർമ്മിക്കുന്നതിനു ധനസഹായം നൽകുക.
15. സംയോജിത കൃഷി പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പ്രചരിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കുക.
16. മാംസാവശ്യത്തിനുള്ള ആട്, പന്നി, മുയൽ എന്നിവയുടെ വികസന സാദ്ധ്യത കൂടുതലുള്ളതിനാൽ പ്രസ്തുത കൃഷി പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ട പദ്ധതികൾ തയ്യാറാക്കുക.

മത്സ്യബന്ധനം

വർഷകാലം ആരംഭിച്ച് തോടുകളിലും പാടങ്ങളിലും കലങ്ങിയ വെള്ളം കയറാൻ തുടങ്ങുമ്പോൾ കൂടുകളും വലകളും ചൂണ്ടകളും ഉപയോഗിച്ചു പുഴമത്സ്യങ്ങളെ പിടിക്കുന്ന പതിവ് പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ കാണാം. സ്ഥിരമായി മീൻപിടിച്ച് വില്പന നടത്തി ജീവിക്കുന്ന കുടുംബങ്ങൾ ഇല്ല. എന്നാൽ മത്സ്യവില്പനകൊണ്ട് ഉപജീവനം നടത്തുന്ന അനേക കുടുംബങ്ങളുണ്ട്. കടൽമത്സ്യങ്ങൾ ലോറിയിൽ പുതുപ്പള്ളി കവലയിലുള്ള മത്സ്യചന്തയിൽ എത്തിക്കുന്നു. അവിടെനിന്നും തലച്ചുമടായും സൈക്കിളുകളിലായും വീടുകൾതോറും വില്പന നടത്തുന്ന സംവിധാനമാണു നിലവിലുള്ളത്. പണ്ടുകാലത്തെ അപേക്ഷിച്ചു മത്സ്യം ഉപയോഗിക്കുന്നവരുടെ എണ്ണം കൂടിയതിനാലും ആവശ്യാനുസരണം മൽസ്യം ലഭിക്കാത്തതുകൊണ്ടും മത്സ്യവിപണിയിൽ ഇടനില കച്ചവടക്കാരുടെ എണ്ണം കൂടിയതിനാലും മത്സ്യത്തിന്റെ വില വളരെ കൂടുതലാണ്.

പഞ്ചായത്തിന്റെ താഴ്ന്ന പ്രദേശങ്ങളിൽ ശുദ്ധജല മത്സ്യകൃഷിക്കു വളരെ സാദ്ധ്യതയുണ്ട്. ജലലഭ്യതയനുസരിച്ചു കുളങ്ങൾ നിർമ്മിച്ചും ചെറിയ ടാങ്കുകൾ നിർമ്മിച്ചും ശുദ്ധജല മത്സ്യകൃഷി പ്രോൽസാഹിപ്പിക്കാം. ഇതിനാവശ്യമായ പരിശീലന പരിപാടികളും ആവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ ലഭിക്കാനുള്ള സംവിധാനവും ഉണ്ടാകണം.



വിദ്യാഭ്യാസം

സ്വാതന്ത്ര്യം നേടുന്നതിനു വളരെ മുമ്പുതന്നെ സാക്ഷരതയിലും വിദ്യാഭ്യാസ സൗകര്യങ്ങളുടെ കാര്യത്തിലും നമുക്കു മുന്നേറാൻ കഴിഞ്ഞിരുന്നു. ഇക്കാര്യത്തിൽ സഹായകരമായ ഒട്ടേറെ ഘടകങ്ങൾ ഉണ്ടായിരുന്നു. ഇവയിൽ മുഖ്യമായിരുന്നതു മിഷനറി പ്രവർത്തനമായിരുന്നു. പുതുപ്പള്ളിയിലും വിദ്യാഭ്യാസരംഗത്തെ പ്രവർത്തനങ്ങൾ വളരെ നേരത്തെതന്നെ ആരംഭിച്ചിരുന്നു. 1916-ൽ പുതുപ്പള്ളിയിൽ ആരംഭിച്ച സ്കൂളാണ് സെൻറ് ജോർജ്സ് ഗവ. ഹൈസ്കൂൾ. സ്വകാര്യമേഖലയിൽ ആരംഭിക്കുകയും പിന്നീട് സർക്കാർ ഏറ്റെടുക്കുകയും ചെയ്തിട്ടുള്ള ഒരു സ്കൂളാണിത്. പുതുപ്പള്ളിയിലെ വിദ്യാഭ്യാസ, സാംസ്കാരിക മണ്ഡലങ്ങളിൽ ഏറെ സ്വാധീനം ചെലുത്താൻ കഴിഞ്ഞിട്ടുള്ള ഈ സ്കൂൾ പ്രതിഭാധനന്മാരായ ഒട്ടേറെ വ്യക്തികളെ സംഭാവന ചെയ്തിട്ടുണ്ട്. അന്യ പ്രദേശങ്ങളിൽനിന്നും ഒട്ടേറെ വിദ്യാർത്ഥികൾ വളരെ ദൂരം നടന്ന് ഇവിടെയെത്തി പഠനം നടത്തിയിരുന്നു. ഇരവിനല്ലൂരിൽ ഒരു സംസ്കൃത വിദ്യാലയം പ്രവർത്തിച്ചിരുന്നു. പിൽക്കാത്ത് പ്രവർത്തനം നിലച്ചുപോയ ഇവിടെയും ധാരാളം വിദ്യാർത്ഥികൾ വളരെ ദൂരെദിക്കിൽനിന്നും വന്നു പഠിച്ചിരുന്നു. കൂടാതെ സമീപസ്ഥലമായ കോട്ടയത്ത് ഉപരിപഠനത്തിനു സൗകര്യങ്ങളുണ്ടായിരുന്നു എന്നതും വിദ്യാഭ്യാസത്തെ പരിപോഷിപ്പിക്കുവാൻ സഹായിച്ചിരുന്നു.

പുതുപ്പള്ളി പഞ്ചായത്തിൽ സ്കൂൾ വിദ്യാഭ്യാസരംഗത്തു 15 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. സാങ്കേതിക വിദ്യാഭ്യാസരംഗത്തും നല്ല വളർച്ചയുണ്ടായിട്ടുണ്ട്.

പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

	സർക്കാർ	എയ്ഡഡ്	അൺ എയ്ഡഡ്	ആകെ
നഴ്സറി സ്കൂൾ/ ബാലവാടി	3	–	12	15
ലോവർ പ്രൈമറി - സ്കൂൾ	2	5	–	7
അപ്പർ പ്രൈമറി - സ്കൂൾ	2	2	–	4
ഹൈസ്കൂൾ	2	1	1	4
ഹയർ സെക്കണ്ടറി - സ്കൂൾ	2•	–	–	2
ആകെ	11	8	13	32

• ഒരു ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂൾ ഐ. എച്ച്. ആർ. ഡി. ഇ.യുടെ കീഴിലുള്ളതാണ്.

ഏഴ് ലോവർ പ്രൈമറി സ്കൂളുകളാണുള്ളത്. രണ്ട് യു. പി. സ്കൂളുകളിൽ 1 മുതൽ 7 വരെ ക്ലാസുകളുണ്ട്. ആകെ 1297 കുട്ടികളാണ് ഒന്നുമുതൽ നാലുവരെയുള്ള ക്ലാസുകളിൽ പഠിക്കുന്നത്. ഇതെല്ലാം മലയാളം മീഡിയം സ്കൂളുകളാണ്. (ആകെയുള്ള ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളിലെ ഒന്നുമുതൽ നാലുവരെയുള്ള ക്ലാസുകളിൽ 519 കുട്ടികൾ പഠിക്കുന്നു). എല്ലാ സ്കൂളുകളിലും പി. ടി. എ.കളും മാതൃസംഗമങ്ങളും ഉണ്ടെങ്കിലും കൂടുതൽ സജീവമായിട്ടുള്ളതു മാതൃസംഗമങ്ങളാണ്. വെള്ളുക്കുട്ട എൽ. പി. സ്കൂളിലും കൊച്ചുമറ്റം എൽ. പി. സ്കൂളിലും ഒഴികെ എല്ലാ സ്കൂളുകളിലും കക്കൂസുണ്ട്. ഇരവിനല്ലൂർ എൽ. പി. എസ്.-ൽ ഉള്ള മൂത്രപ്പുര ഉപയോഗയോഗ്യമല്ല. പാചകമുറികൾ എല്ലായിടത്തും ഉണ്ട്. വൈദ്യുതി മിക്ക സ്കൂളുകളിലും എത്തിയിട്ടില്ല.

കളിസ്ഥലങ്ങളും ലാബറട്ടറികളും ഇല്ലാത്ത സ്കൂളുകളുമുണ്ട്. കുടിവെള്ളത്തിനു കിണറുകൾ എല്ലായിടത്തും ഉണ്ട്. കുട്ടികളുടെ എണ്ണം തീരെ കുറവുള്ള ഒരു സ്കൂളാണു പുതുപ്പള്ളി എം. ഡി. എൽ.പി. സ്കൂൾ. പഞ്ചായത്തിലും സമീപപ്രദേശങ്ങളിലും പ്രവർത്തിക്കുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ മറ്റു സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തെ സാരമായി കുറച്ചിട്ടുണ്ട്. ദൃശ്യ ശ്രാവ്യ ഉപകരണങ്ങളും മറ്റും ഈ സ്കൂളുകളിൽ തീരെയില്ല. ഉള്ളവതന്നെ പ്രവർത്തിക്കുന്നില്ല. ആവശ്യത്തിനു പഠനോപകരണങ്ങളില്ലാത്ത സ്കൂളുകളാണു കൂടുതൽ. ഇവിടങ്ങളിലെ പഠനനിലവാരം മെച്ചപ്പെട്ടിട്ടുണ്ടെന്നു പറയുക വയ്യ. സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും പഠന നിലവാരം ഉയർത്താനാവശ്യമായ ശ്രമങ്ങൾ ഉണ്ടാവുകയും വേണം.

യു. പി. വിഭാഗത്തിലാവട്ടെ 4 സ്കൂളുകളാണുള്ളത്. ഹൈസ്കൂളിലെ യു.പി. വിഭാഗം കുട്ടികളെയും കൂടി ചേർത്ത് ആകെ 836 കുട്ടികളാണു യു. പി. ക്ളാസുകളിൽ പഠിക്കുന്നത്. മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഇവയ്ക്കൊന്നിനും തന്നെയില്ല. ഓരോ സ്കൂളുകൾക്കും വ്യത്യസ്തങ്ങളായ ആവശ്യങ്ങളാണുള്ളത്. പി. ടി. എ.കളും മാതൃസംഗമങ്ങളും

പുതുപ്പള്ളി പഞ്ചായത്തിലെ സ്കൂളുകൾ
വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും എണ്ണം

സ്കൂളിന്റെ പേര്	ആൺ കുട്ടികൾ	പെൺ കുട്ടികൾ	ആകെ	ആൺ	പെൺ	ആകെ	അദ്ധ്യാപകരുടെ എണ്ണം
1. വെള്ളുക്കുട്ട എൽ.പി.എസ്.	99	103	202	7	7	14	6
2. തലപ്പാടി എൽ.പി.എസ്.	61	66	127	3	2	5	4
3. കൊച്ചുമറ്റം എൽ.പി.എസ്.	67	56	123	4	2	6	5
4. എം.ഡി. എൽ.പി.എസ്. പുതുപ്പള്ളി	23	33	56	1	3	4	4
5. ഗവ. എൽ.പി.എസ്. ഇരവിനല്ലൂർ	91	65	156	4	7	11	5
6. സി.എം.എസ്. എൽ.പി.എസ്. മച്ചുകാട്	89	89	178	4	3	7	5
7. ഗവ. എൽ.പി.എസ്. പുതുപ്പള്ളി	90	84	174	10	6	16	6
8. C. M.S. L.P.S. തോട്ടക്കാട്	45	42	87	2	2	4	3
ആകെ	565	538	1103	35	32	67	38
യു. പി. സ്കൂളുകൾ							
1. സെൻറ് തോമസ് യു.പി.എസ്. ഇരവിനല്ലൂർ	88	73	161	8	6	14	10
2. വി.ജെ.ഒ.എം. യു.പി.എസ്. പുതുപ്പള്ളി	115	70	185	9	5	14	9
3. ഗവ. യു.പി.എസ്. എറികാട്	179	147	326	6	4	10	13
4. ഗവ. യു.പി.എസ്. പരിയാരം	113	84	197	9	8	17	9
ആകെ	495	374	869	32	23	55	41
ഹൈസ്കൂളുകൾ							
1. ഗവ. ബോയ്സ് എച്ച്.എസ്. പുതുപ്പള്ളി	327	–	327	39	–	39	12
2. സെൻറ് ജോർജ്സ് ഗവ. ഹൈസ്കൂൾ പുതുപ്പള്ളി	–	448	448	–	47	4720	
3. സെൻറ് തോമസ് ഹൈസ്കൂൾ തോട്ടയ്ക്കാട്	403	292	695	48	36	84	25
ആകെ	730	740	1470	87	83	170	57
ഇംഗ്ലീഷ് മീഡിയം സ്കൂൾ							
1. സെൻറ് ജോർജ് ഇംഗ്ലീഷ് മീഡിയം സ്കൂൾ ആൻറ് ഡോൺ ബോസ്കോ ഹൈസ്കൂൾ ക്ലാസ് 1 മുതൽ 9 വരെ	416	337	753	–	–	–	
വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ							
സെൻറ് ജോർജ് ഗവ. വി.എച്ച്.എസ്. പുതുപ്പള്ളി (ഗേൾസ്)	–	94	–	1	1	–	10

പഠനോപകരണങ്ങളും തീർത്തും ഇല്ല. ലബോറട്ടറികളും പ്രവർത്തിക്കുന്നില്ല. ലൈബ്രറികൾ ഉള്ളയിടങ്ങളിലാവട്ടെ അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. കുടിവെള്ളം, വൈദ്യുതി മുതലായവ എല്ലാ സ്കൂളുകളിലുമുണ്ട്. എറികാട് യു. പി. എസ്.-ൽ ഒഴികെ കളിസ്ഥലങ്ങൾ എല്ലായിടത്തുമുണ്ട്. ഇവിടെയും കാര്യമായ ശ്രദ്ധ കൊടുത്തുകൊണ്ടു വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും വിദ്യാഭ്യാസ നിലവാരം ഉയർത്തുകയും വേണം.

ഹൈസ്കൂൾ വിദ്യാഭ്യാസരംഗത്തു രണ്ടു സർക്കാർ സ്കൂളുകളും ഒരു എയ്ഡഡ് സ്കൂളും ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളുമാണുള്ളത്. ഇതിൽതന്നെ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ 9-ാം ക്ലാസുവരെ മാത്രമേ ഇപ്പോഴുള്ളൂ. തോട്ടയ്ക്കാട്ട് ഉള്ള സെൻറ് തോമസ് ഹൈസ്കൂൾ എസ്. എസ്. എൽ. സി. വിജയശതമാനത്തിൻെറ കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്നു. ഗവ. ബോയ്സ് ഹൈസ്കൂളിലാകട്ടെ ഓരോ വർഷവും വിജയശതമാനം കുറഞ്ഞുവരികയാണ്. ബോയ്സ് ഹൈസ്കൂളിൽ മൂത്രപ്പുര ഇല്ല. ഇവിടെ രണ്ട് അദ്ധ്യാപകരുടെ ഒഴിവുമുണ്ട്. സാമാന്യം തൃപ്തികരമായ നിലയിലുള്ള പശ്ചാത്തല സൗകര്യങ്ങൾ എല്ലാ ഹൈസ്കൂളുകൾക്കുമുണ്ട്.

ഉന്നത വിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങളുണ്ട്. ഒരു വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ പെൺകുട്ടികൾക്കു മാത്രമായി ഉണ്ട്. കേന്ദ്ര മാനവശേഷി വിഭവ വികസനവകുപ്പിൻെറ കീഴിലുള്ള ഐ. എച്ച്. ആർ. ഡി. ഇ.യിൽ ഒരു ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളും ബി. എസ്.സി. കംപ്യൂട്ടർ സയൻസ്, ബി. എസ്.സി. ഇലക്ട്രോണിക്സ്, പി.ജി.ഡി.സി.എ. എന്നീ കോഴ്സുകളും നടന്നുവരുന്നു. സ്ഥാപനപരമായ ചില പ്രശ്നങ്ങൾ ഇവിടെയും അനുഭവപ്പെടുന്നുണ്ട്.

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ എന്ന സ്ഥാപനം ഇവിടെയുണ്ട്. ബി.ഫാം, ബി. എസ്.സി. നേഴ്സിംഗ്, ബി. എസ്.സി. എം.എൽ.ടി. എന്നീ കോഴ്സുകളിലായി 522 വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു. സ്വന്തമായി 14 ഏക്കർ സ്ഥലവും ഏതാനും കെട്ടിടങ്ങളും ഉണ്ടെന്നുള്ളതല്ലാതെ ഇത്തരത്തിലുള്ള കോഴ്സുകൾ നടത്തുന്നതിനാവശ്യമായിട്ടുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒന്നും തന്നെയില്ലാതെയാണ് ഈ സ്ഥാപനം ഇവിടെ പ്രവർത്തിക്കുന്നത്. കനത്ത ഫീസ് നൽകിയാണു വിദ്യാർത്ഥികൾ ഇവിടെ പ്രവേശനം നേടുന്നത്.

എസ്.എസ്.എൽ.സി. വിജയശതമാനം

സ്കൂളിൻെറ പേര്	91-92	92-93	93-94	94-95	95-96
ഗവ. ബോയ്സ് എച്ച്.എസ്. പുതുപ്പള്ളി	–	–	36	25	23
സെൻറ് ജോർജ്സ് എച്ച്.എസ്. പുതുപ്പള്ളി	50	40	40	48	52
സെൻറ് തോമസ് എച്ച്.എസ്. തോട്ടയ്ക്കാട്	79	72.9	63	66	66
ഡോൺബോസ്കോ എച്ച്.എസ്. സെൻറ് ജോർജ് ഇ.എം.	എസ്.എസ്. എസ്. എൽ. സി. ക്ലാസ്സുകൾ തുടങ്ങിയിട്ടില്ല				

പ്രീപ്രൈമറി വിദ്യാഭ്യാസത്തിൽ ശ്രദ്ധ കൊടുക്കുന്ന 3 ബാലവാടികളും 12 സ്വകാര്യ നേഴ്സറി സ്കൂളുകളുമുണ്ട്. നിലത്തെഴുത്താശാൻ കളരികളും പ്രവർത്തിക്കുന്നുണ്ട്. നഴ്സറി സ്കൂളുകളിൽ ഭൂരിപക്ഷവും ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കുള്ള റിക്രൂട്ടിംഗ് സെൻററുകളായിട്ടാണു പ്രവർത്തിക്കുന്നത്.

രണ്ട് പാരലൽ കോളേജുകളും ഹിന്ദി പ്രത്യേകമായി പഠിപ്പിക്കുന്ന ഒരു സ്ഥാപനവും ഇവിടുണ്ട്. ഏതാനും ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും പ്രവർത്തിച്ചുവരുന്നു.

ഇങ്ങനെ നോക്കുമ്പോൾ പ്രൈമറിതലം മുതൽ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇവിടെയുണ്ടെന്നു കാണാം. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വർദ്ധനയും വൈവിധ്യവും ഈ മേഖലയിൽ എന്തു ഗുണപരമായ മാറ്റമാണ് ഉണ്ടാക്കിയിട്ടുള്ളതെന്ന് ഇനിയും പഠിക്കേണ്ടിയിരിക്കുന്നു.

പാഠ്യേതര വിഷയങ്ങളിലും മറ്റും മികവു കാട്ടുന്ന സ്കൂളുകളും വിദ്യാർത്ഥികളും ഇവിടെയുണ്ട്. എന്നാൽ ഇവർക്ക് അർഹിക്കുന്ന അംഗീകാരവും പ്രോൽസാഹനവും കിട്ടുന്നില്ല എന്നുള്ളത് ഒരു വലിയ ന്യൂനതയാണ്.


കലാ കായികരംഗങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന നിരവധി വിദ്യാർത്ഥികൾ ഈ പഞ്ചായത്തിലുണ്ട്. ദേശീയതലത്തിൽ അംഗീകാരം നേടിയ കബഡി ടീമിൽ സെൻറ് ജോർജ്ജ്സ് ഗേൾസ് ഹൈസ്കൂളിലെ അഞ്ച് വിദ്യാർത്ഥിനികൾ ഉണ്ടായിരുന്നു. കൂടാതെ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും അംഗീകാരം നേടിയിട്ടുള്ള നിരവധി വിദ്യാർത്ഥികൾ പഞ്ചായത്തിലെ സ്കൂളുകളിലുണ്ട്.

വിദ്യാഭ്യാസമേഖലയിലെ പ്രധാന പ്രശ്നങ്ങൾ

- സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു
- മിക്ക വിദ്യാലയങ്ങളിലും ആവശ്യമായ ഭൗതിക സാഹചര്യങ്ങളില്ല.
- അയൽപക്ക വിദ്യാലയ സമ്പ്രദായം പ്രാവർത്തകമാകുന്നില്ല. പഞ്ചായത്തിലുള്ള വിദ്യാലയങ്ങളിൽ പോകുന്നതിനോടൊപ്പമോ അതിൽ കൂടുതലോ വിദ്യാർത്ഥികൾ പട്ടണ സ്കൂളുകളിൽ പോകുന്നു.
- പൊതുവിദ്യാലയങ്ങളിലെ പഠനനിലവാരം മെച്ചപ്പെടുന്നില്ല.
- അദ്ധ്യാപനത്തിൽ ഉത്തരവാദിത്വം കാണിക്കാത്ത അദ്ധ്യാപകരുടെ എണ്ണം കൂടുന്നു.

സാധ്യതകൾ

- സ്കൂൾ കോംപ്ലക്സുകൾ ആരംഭിക്കുക
- പി. ടി. എ.കൾ ശക്തിപ്പെടുത്തുക
- സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക
- കലാ-കായിക രംഗങ്ങളിൽ പ്രോൽസാഹനം കൊടുക്കുന്നതിനു പരിപാടികൾ ആവിഷ്കരിക്കണം.
- സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളും മറ്റും കാലാകാലങ്ങളിൽ നടത്താൻ കഴിയുക.
- സെൻറ് തോമസ് ഹൈസ്കൂൾ തോട്ടയ്ക്കാട് - പ്രീഡിഗ്രി ക്ലാസുകൾ ആരംഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം.
- സ്കൂളുകളിൽ നിന്ന് വിദ്യാർത്ഥി രാഷ്ട്രീയം ഒഴിവാക്കണം.
- നിയമ വിദ്യാഭ്യാസ കേന്ദ്രം സ്ഥാപിക്കുക.
- സ്കൂൾ ഓഫ് എൻജിനിയറിംഗ് സ്ഥാപിക്കുക.
- എല്ലാ എൽ. പി. സ്കൂളുകൾക്കും ചുറ്റുമതിൽ നിർമ്മിക്കുക.





4 കുടിവെള്ളം/പൊതുജനാരോഗ്യം

കുടിവെള്ളം

പുതുപ്പള്ളി ഗ്രാമ പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിലും ചില ചെരിവു പ്രദേശങ്ങളിലും മറ്റും കുടിവെള്ളക്ഷാമം വളരെ രൂക്ഷമാണ്. 13 പൊതുക്കിണറുകളും, 3340 സ്വകാര്യ കിണറുകളും 7 ശുദ്ധജല വിതരണ പദ്ധതികളിലായി 43.08 കി. മീ. വിതരണ പൈപ്പിലൂടെ 360 ഹൗസ് കണക്ഷനുകളും 285 പൊതു ടാപ്പുകളും ഉള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു. മൊത്തമുള്ള സ്വകാര്യ കിണറുകളിൽ 1769 എണ്ണത്തിൽ മാത്രമേ വർഷം മുഴുവൻ ജല ലഭ്യതയുള്ളൂ. ബാക്കിയുള്ള 1571 എണ്ണത്തിൽ വേനൽക്കാലത്ത് വെള്ളമുണ്ടാകാറില്ല.

കുടിവെള്ളക്ഷാമമുണ്ടാകാറുള്ള പ്രദേശങ്ങളാണു വെന്നിമല, വള്ളിമല, പുതുവൽ കുമരകംകോട്, പെരുങ്കാവ്, തലപ്പാടി, തച്ചകുന്ന്, വാഴേക്കുന്ന്, മലകുന്ന്, കുന്നേപ്പറമ്പ്, കീഴാറ്റിൻകുന്ന്, അമ്മകുന്ന്, അങ്ങാടിക്കുന്ന്, കാളിമലക്കുന്ന്, പൊങ്ങൻപാറ, കമ്പകംതട്ട്, ഉദിക്കാമലക്കുന്ന്, പാറയ്ക്കാമല എന്നിവ. സാമൂഹ്യമായും സാമ്പത്തികമായും വളരെ പിന്നോക്കാവസ്ഥയിലുള്ള ഹരിജനങ്ങളും ഗിരിജനങ്ങളും നിർധനരായ ഇതര വിഭാഗം ജനങ്ങളും ഈ പ്രദേശങ്ങളിലാണു താമസിക്കുന്നത്.

ചരിത്രപ്രസിദ്ധമായ വെന്നിമലയുടെ പടിഞ്ഞാറു ഭാഗത്തുനിന്നാരംഭിക്കുന്ന ആറാട്ടുചിറ തോട് (തറയിൽ തോട്) കൈതളാവിൽ പാലം - ഇട്ടിമാണി കടവുതോട്, കൈതേപ്പാലം - ചേരുംമൂട്ടിൽ കടവ് ഭാഗത്തുകൂടി കൊടൂരാറ്റിൽ ചേരുന്നു. ഈ തോടുകളിൽ വേനൽകാലത്ത് ആവശ്യാനുസരണം വെള്ളം ഉണ്ടാകാറില്ല.

വീടുകളുടെ വർദ്ധനവിനു ആനുപാതികമായി ജല ലഭ്യതയുള്ള കുളങ്ങളോ കിണറുകളോ ഉണ്ടാകാത്തതിനാൽ കുടിവെള്ളക്ഷാമം പഞ്ചായത്തിൽ രൂപക്ഷമായിക്കൊണ്ടിരിക്കുന്നു. വളരെ ഉയർന്ന പ്രദേശങ്ങളിലെ കിണറുകൾ വേനൽക്കാലത്തു വളരെവേഗം വറ്റുന്നു. ഈ പ്രദേശങ്ങളിൽ ആവശ്യമായ ശുദ്ധജലം എത്തിക്കാൻ കഴിയുന്ന തരത്തിൽ ക്രമീകരിച്ചിട്ടുള്ള ഹൈലെവൽ ടാങ്കുകളുടെ കുറവും നിലവിലുള്ള പദ്ധതികളുടെ ശേഷിക്കുറവും പ്രവർത്തനക്ഷമത നഷ്ടപ്പെട്ട പമ്പുകൾ, മോട്ടോറുകൾ, പൊട്ടിപ്പൊളിഞ്ഞ പൈപ്പുകൾ, വാട്ടർ ടാങ്കുകൾ എന്നിവയും കുടിവെള്ളക്ഷാമത്തിന് ആക്കം കൂട്ടുന്ന ഘടകങ്ങളാണ്.

ഹരിജന, ഗിരിജന, പിന്നോക്ക വിഭാഗങ്ങളും സാധാരണക്കാരും കൂട്ടമായി താമസിക്കുന്ന ലക്ഷംവീടു

പുതുപ്പള്ളി പഞ്ചായത്തിൽ നിലവിലുള്ള ശുദ്ധജല വിതരണപദ്ധതികൾ

ക്രമ നമ്പ.	പദ്ധതിയുടെ പേര്	ആരംഭിച്ച വർഷം	സംഭരണ ശേഷി ലിറ്റർ	പൈപ്പിന്റെ നീളം കി.മീ.	പൈപ്പ് എച്ച്.പി.	പൊതു ടാപ്പുകൾ	വീട്ടു കണക്ഷനുകൾ	
1	കാവാലച്ചിറ ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി	1966	23,000	3.3		32	47	
2.	വെന്നിമല ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി	1983	23,000	3.63	7.5	22	35	
3.	തോട്ടയ്ക്കാട് ഗ്രാമീണ ശുദ്ധജല	1966	30,000	10.405	25	63	65	
4.	വിതരണ പദ്ധതികൾ	1987	23,000		25 25			
5.	പരിയാരം ശുദ്ധജല വിതരണപദ്ധതി	1975	23,000	7.278	30	72	71	52 ടാപ്പുകൾ മാത്രമേ നിലവിലുള്ളൂ.
6.	എറികാട് ശുദ്ധജല വിതരണപദ്ധതി	1992	15,000	–	20, 12.5	20	10	
7.	പുതുപ്പള്ളി ശുദ്ധജലവിതരണപദ്ധതി	1969	23,000	11.63	30	76	132	

കോളനികൾ (5 എണ്ണം) സെറ്റിൽമെൻറ് കോളനികൾ എന്നിവയിൽ പലതിലും ഫലപ്രദമായ ശുദ്ധജല വിതരണ സംവിധാനങ്ങൾ ഒന്നുംതന്നെയില്ല.

നിർദ്ദേശങ്ങൾ/സാദ്ധ്യതകൾ

1. ആറാട്ടുചിറ പടിക്കൽ നിർമ്മിച്ചിട്ടുള്ള കുളത്തിലെ വെള്ളം ശുദ്ധീകരിച്ചു തച്ചകുന്നിൻെറ മുകളിൽ ടാങ്കുകെട്ടി വിതരണം ചെയ്യുക.
2. കെ. കെ. ലൂക്കോസ് കന്നുകുഴിയുടെ കുളത്തിലെയും ഇടിപിടി ഓലിക്കലുള്ള കുളത്തിലെയും വെള്ളം വെന്നിമല കുന്നിൽ ടാങ്കു കെട്ടി ശേഖരിച്ചു വിതരണം ചെയ്യുക.
3. നിലവിലുള്ള ടാങ്കുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുക.
4. പെരുമറ്റപ്പാടം കുളത്തിലെ വെള്ളം ശുദ്ധീകരിച്ച് ഉയർന്ന പ്രദേശത്തു ടാങ്കു കെട്ടി ശേഖരിച്ചു വിതരണം ചെയ്യുക.
5. കന്നുകുഴി തോടിൻെറ ഭാഗത്തു കുളം നിർമ്മിച്ചു സിയോൻകുന്നിൽ ടാങ്ക് കെട്ടി ജലം ശേഖരിച്ചു വിതരണം ചെയ്യുക.
6. അങ്ങാടി കുന്നുംപുറം, മറ്റം, ഉമ്മൻ മെമ്മോറിയൽ സ്കൂൾ ഭാഗങ്ങളിലുള്ള പൈപ്പുകൾ പ്രവർത്തനക്ഷമമാക്കുക.
7. കൊച്ചക്കാല താഴത്ത് ഒരു മിനി ശുദ്ധജലവിതരണപദ്ധതി ആരംഭിക്കുക.
8. ഉദിക്കാമലയിൽ ടാങ്ക് നിർമ്മിച്ച് പട്ടകുളത്തിൽനിന്നും ജലം ശേഖരിച്ചു ശുദ്ധീകരിച്ച് വിതരണം ചെയ്യുക.
9. കാളിമല കുന്നിൽ ഒരു ടാങ്ക് സ്ഥാപിച്ച് കണ്ണകുളങ്ങര ഭാഗത്തുനിന്നും വെള്ളം ശേഖരിച്ചു വിതരണം നടത്തുക.
10. ശുദ്ധജലവിതരണത്തിനായി സ്ഥാപിച്ചിട്ടുള്ള ടാപ്പുകൾ പൊതുജനങ്ങൾക്കു പ്രയോജനകരമായ വിധത്തിൽ മാറ്റി സ്ഥാപിക്കുക.
11. പുതുപ്പള്ളി പഞ്ചായത്താഫീസിനു സമീപമുള്ള ശുദ്ധജല വിതരണപദ്ധതിക്കായി സ്ഥാപിച്ചിട്ടുള്ള പമ്പുസെറ്റു മാറ്റി 30 എച്ച്.പി. സ്ഥാപിക്കുക. ഇഞ്ചക്കാട്ടുകുന്നിലെ ജി. എൽ. ടാങ്കിൻെറ അറ്റകുറ്റപ്പണി തീർക്കുക.
12. കിണറുകൾ പുതുതായി നിർമ്മിക്കുന്നതിനും നിലവിലുള്ള കിണറുകൾക്ക് ആഴം കൂട്ടി ജലം ലഭ്യമാക്കുന്നതിനും ധനസഹായം നൽകുക.
13. ചിറയിൽകുളത്തിൽനിന്നും അടിയന്തിരമായി പാറയ്ക്കാമല ഭാഗത്തേക്കു വെള്ളം പമ്പു ചെയ്താൽ വേനൽകാലത്തുണ്ടാകുന്ന ശുദ്ധജലക്ഷാമത്തിനു താൽക്കാലിക പരിഹാരമാകും.
14. ഇട്ടിമാണി കടവു ഭാഗത്തുള്ള കുളം അറ്റകുറ്റപ്പണി നടത്തി ടാങ്കുകെട്ടി വെള്ളം ശേഖരിച്ചാൽ ലക്ഷംകോളനി ഭാഗത്തും കൈതേപ്പാലം ഭാഗത്തും ടാപ്പുകൾ വഴി ശുദ്ധജലം എത്തിക്കാം.
15. പൊതുകിണറുകൾ ആഴംകൂട്ടി വൃത്തിയാക്കുക.
16. തെക്കനാട്ടു പാലത്തിനു സമീപമുള്ള കുളത്തിൽ നിന്നും പമ്പുചെയ്യുന്ന വെള്ളം പലപ്പോഴും കലങ്ങി മലിനമായി വരുന്നു. ആയതിനുള്ള പരിഹാരം ഉടൻ ഉണ്ടാകണം.
17. ശുദ്ധജല വിതരണത്തിനു ജലലഭ്യതയനുസരിച്ചു കുടിവെള്ളക്ഷാമം രൂക്ഷമായിട്ടുള്ള സ്ഥലങ്ങളിൽ കുഴൽക്കിണറുകളും പൊതുകിണറുകളും നിർമ്മിക്കുക.
18. പത്താം വാർഡിലെ പാറയ്ക്കാമലയിലുള്ള ടാങ്ക് പൊളിച്ച് പുതിയ ടാങ്ക് ഉണ്ടാക്കണം.

പൊതുജനാരോഗ്യം

ആരോഗ്യരംഗത്തു നാം കൈവരിച്ച നേട്ടങ്ങൾക്കു പ്രധാനപ്പെട്ട കാരണം നമ്മുടെ ഉയർന്ന സാക്ഷരതയാണ്. പ്രത്യേകിച്ചും ഉയർന്ന സ്ത്രീ സാക്ഷരത. കൂടുതൽ നീതിപൂർണ്ണമായ സമ്പത്തിൻെറ വിതരണം, കാർഷിക പരിഷ്കരണങ്ങൾ തുടങ്ങിയവയാണ്. ഇത്രയും നേട്ടങ്ങൾ അവകാശപ്പെടുമ്പോൾ തന്നെ കോളറയടക്കമുള്ള വയറിളക്ക രോഗങ്ങൾമൂലമുള്ള മരണങ്ങൾ സൂചിപ്പിക്കുന്നത് ഈ രംഗത്ത് ഇനിയും കൂടുതൽ ശ്രദ്ധിക്കേണ്ടതായിട്ടുണ്ടെന്നാണ്. പ്രാഥമികാരോഗ്യകേന്ദ്രങ്ങളും അവയുടെ ഉപകേന്ദ്രങ്ങളും ഇന്ന് വേണ്ടവിധത്തിലല്ല പ്രവർത്തിക്കുന്നത്. രോഗപ്രതിരോധ കേന്ദ്രങ്ങളായി പ്രവർത്തിക്കേണ്ട ഈ സ്ഥാപനങ്ങൾ ഇന്ന് കുടുംബാസൂത്രണ പരിപാടികൾ മാത്രം നടത്തുന്ന സ്ഥാപനങ്ങളായിരിക്കുന്നു. ഇന്നുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയാണെങ്കിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ സാധിക്കും.

കുടിവെള്ള വിതരണത്തിലൂടെ പലപ്പോഴും പകർച്ചവ്യാധികൾ വളരെ വേഗത്തിൽ പടർന്നു പിടിക്കാനുള്ള സാധ്യതകളുണ്ട്. വെള്ളത്തിൻെറ സാമ്പിളുകൾ കൃത്യമായി എടുത്തു പരിശോധിക്കുകയും ആവശ്യമായ ക്ലോറിനേഷനും മറ്റും നടത്തി ശുദ്ധമാണെന്നു ഉറപ്പുവരുത്തേണ്ടതുമാണ്.

പുതുപ്പള്ളി പഞ്ചായത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഇല്ല. പനച്ചിക്കാട് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ 7 കുടുംബക്ഷേമകേന്ദ്രങ്ങളാണ് ഇവിടെയുള്ളത്. പഞ്ചായത്തിൽ ഈ കേന്ദ്രങ്ങൾ കൂടാതെ സർക്കാർ ആശുപത്രികളായ അലോപ്പതി ആശുപത്രിയും ആയുർവേദ ആശുപത്രിയും ഹോമിയോ ആശുപത്രിയും മൂന്നു സ്വകാര്യ അലോപ്പതി ആശുപത്രികളുമുണ്ട്.

ഗവ. ആശുപത്രി തോട്ടയ്ക്കാട്

തിരുവല്ലാ മെഡിക്കൽ മിഷ്യന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച ആതുരാലയം പിന്നീട് സർക്കാർ ഏറ്റെടുക്കുകയുണ്ടായി. 3 മെഡിക്കൽ ഓഫീസർമാർ ഉൾപ്പെടെ 33 ജീവനക്കാർ ഈ സ്ഥാപനത്തിൽ ജോലിചെയ്യുന്നു. പഞ്ചായത്തിലെ ഏക സർക്കാർ അലോപ്പതി ആശുപത്രിയാണിത്. സാധാരണക്കാരായ വളരെയധികം ജനങ്ങൾക്കു ആശ്വാസകേന്ദ്രമാണെങ്കിലും ഒട്ടനവധി പോരായ്മകൾ ഇതിന്റെ സുഗമമായ നടത്തിപ്പിനു തടസ്സമായിട്ടുണ്ട്. 71 കിടക്കകൾ മൊത്തമായിട്ടുണ്ടെങ്കിലും 30 എണ്ണം മാത്രമേ ഉപയോഗിക്കാവുന്നതായിട്ടുള്ളൂ. ഉള്ളവതന്നെ തുരുമ്പിച്ചവയാണ്. അവ റീ പെയിൻറ് ചെയ്യേണ്ടതാണ്. 2 കക്കൂസുകൾ ഉണ്ടെങ്കിലും അവയുടെ പൈപ്പുകൾ പൊട്ടിയവയാണെന്നുള്ള പരാതിയുമുണ്ട്. കൂടാതെ സ്ത്രീകൾക്കും പുരുഷന്മാർക്കുമായി 4 കക്കൂസുകൾകൂടി ആവശ്യമായിട്ടുണ്ട്. സ്ഥാപനത്തിനു ചുറ്റുമതിൽ ഇല്ലാത്തതിനാൽ രാത്രികാലങ്ങളിൽ സാമൂഹ്യവിരുദ്ധരുടെ അഴിഞ്ഞാട്ടം കൂടുതലാണ്. കാലാകാലങ്ങളിൽ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നില്ല. ഒരു വീൽ ചെയർ, 2 എമർജൻസി സെറ്റുകൾ ഇവയും ആവശ്യമാണ്. 1995-96 വർഷം 1085 ആളുകൾക്ക് ത്വക്രോഗവും 2605 വാതരോഗവും 5459 പകർച്ചവ്യാധികളും 44132 മറ്റു രോഗമുള്ളവരും ഈ ആശുപത്രിയിൽ ചികിൽസയ്ക്കായി എത്തിയതായി കണക്കുകൾ സൂചിപ്പിക്കുന്നു. പകർച്ചവ്യാധികളിൽ 2000 ജലജന്യ രോഗങ്ങളും 1455 വായുജന്യരോഗങ്ങളും 4 പ്രാണിജന്യരോഗങ്ങളും 2000 മറ്റുള്ള രോഗങ്ങളും ഉള്ളവരായിരുന്നുവെന്നാണു സൂചന. ഹോസ്പിറ്റലിൽ അത്യാഹിത വിഭാഗം ആരംഭിക്കേണ്ടതും ഓപ്പറേഷൻ തിയറ്റർ, എക്സ്റേ, ലാബ്രറട്ടറി സൗകര്യവും ഉണ്ടാകേണ്ടതുമാണ്. കൂടാതെ ആശുപത്രിയിലേക്ക് ആവശ്യമായിട്ടുള്ള മരുന്നുകൾ ലഭ്യമാക്കുകയും പരിസര ശുചീകരണം കാര്യക്ഷമമാക്കുകയും ചെയ്യുക.

ഗവ. ആയുർവേദ ആശുപത്രി, പരിയാരം

പ്രാരംഭത്തിൽ പുതുപ്പള്ളിയിൽ സിദ്ധവൈദ്യശാലയായി ആരംഭിച്ചുവെങ്കിലും ആയുർവേദ ഡിസ്പെൻസറിയായി ഉയർത്തി പഞ്ചായത്തു സ്ഥലത്തു കെട്ടിടം പണിതു പ്രവർത്തനം നടത്തുന്നു. രോഗികളെ കിടത്തി ചികിൽസിക്കുന്നതിനായിട്ടുള്ള കെട്ടിടം പണി പുരോഗമിക്കുന്നു. ആശുപത്രിയിൽ ഒരു ഡോക്ടറും മറ്റു രണ്ടു ജോലിക്കാരുമുണ്ട്. അനേകം നിർധനരും നിരാലംബരുമായ രോഗികൾക്കു വളരെ സഹായകരമായ ഒരു സ്ഥാപനമാണിത്. ആവശ്യമായിട്ടുള്ള മരുന്നുകൾ ലഭ്യമാകുന്നില്ലയെന്നുള്ള പരാതിയുമുണ്ട്.

ഗവ. ഹോമിയോ ഡിസ്പെൻസറി, പയ്യപ്പാടി

1996-ൽ സ്ഥാപിതമായ ഈ സ്ഥാപനത്തിൽ എല്ലാ ദിവസങ്ങളിലും ഡോക്ടറുടെ സേവനം ലഭ്യമാകുന്നുണ്ട്. ഹോമിയോ ആശുപത്രി പണിയുന്നതിനുവേണ്ടി പയ്യപ്പാടിയിൽ 10 സെൻറ് സ്ഥലം വാഴേപ്പറമ്പിൽ കുടുംബം സൗജന്യമായി തന്നു. ഈ സ്ഥലത്ത് ആശുപത്രി കെട്ടിടം പണിയണം.

സ്വകാര്യ ആശുപത്രികൾ

പുതുപ്പള്ളി അങ്ങാടിയിൽ പ്രവർത്തിക്കുന്ന പാറേട്ട് മാർ ഈവാനിയോസ് ആശുപത്രിയും വെട്ടത്തുകവലയിലുള്ള സഞ്ജീവനി നേഴ്സിംഗ് ഹോമുമാണ് സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന അലോപ്പതി ആശുപത്രികൾ. ഇവ കൂടാതെ രണ്ട് അലോപ്പതി ക്ലിനിക്കുകളും ഹോമിയോ ക്ലിനിക്കുകളുമുണ്ട്.

വിഷചികിൽസയ്ക്കായി നാലാം വാർഡിൽ സ്വകാര്യമേഖലയിൽ ഒരു സ്ഥാപനമുണ്ട്.

പഞ്ചായത്തിലുള്ള 7 കുടുംബക്ഷേമ കേന്ദ്രങ്ങളിൽ 2 എണ്ണത്തിനു മാത്രമേ സ്വന്തമായി കെട്ടിടമുള്ളൂ. കേന്ദ്രങ്ങളിൽ വൈദ്യുതിയോ ആവശ്യമായ ഫർണിച്ചറുകളോ ഇല്ലെന്നുള്ള പരാതിയുണ്ട്.

ക്ഷയം, ചിക്കൻ പോക്സ്, മഞ്ഞപ്പിത്തം, കണ്ണിൽ അസുഖം, പനി, വയറുകടി, വിരശല്യം, വിളർച്ച, ടൈഫോയിഡ്, ത്വക്രോഗം തുടങ്ങിയ രോഗങ്ങളാണു സാധാരണയായി ഉണ്ടാകാറുള്ളത്.

പഞ്ചായത്തിൽ ആകെയുള്ള വീടുകളിൽ 740 കുടുംബങ്ങൾക്കു വാസയോഗ്യമായ വീടുണ്ടായിട്ടും കക്കൂസില്ലാത്തവരാണ്. ഇവരാണെങ്കിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരും. ഇവർള്ള് കക്കൂസുകൾ നിർമ്മിക്കുന്നതിനാവശ്യമായ ധനസഹായം ലഭ്യമാക്കണം.

പ്രശ്നങ്ങൾ:

1. പരിസര ശുചീകരണത്തിന് ആവശ്യമായ

ബോധവത്ക്കരണത്തിന്റെ അഭാവം, പ്രത്യേകിച്ച് കോളനി പ്രദേശങ്ങളിൽ.

2. റബ്ബർ കമ്പനികളിൽനിന്നും മലിനജലം തോടുകളിലേക്ക് ഒഴുകുന്നു.
3. കൊതുകുശല്യം കൂടുതൽ.
4. ആരോഗ്യ സേവനരംഗങ്ങളിൽ പ്രവർത്തിക്കുന്നവരുടെ പ്രവർത്തനക്ഷമത കുറവ്.
5. ആരോഗ്യ ക്ലാസുകൾ നല്ലരീതിയിൽ നടത്താറില്ല.

നിർദ്ദേശങ്ങൾ:

1. കൊതുകുശല്യത്തിനെതിരെ എല്ലാ കക്കൂസ് പൈപ്പുകളുടെയും മുകളിൽ കൊതുകുവലകൾ കെട്ടുക.
2. കക്കൂസില്ലാത്ത വീടുകൾക്ക് കക്കൂസ് നിർമ്മിക്കുക.
3. മലിനജലം വീടുകളിൽനിന്നും റോഡിലേക്ക് ഒഴുക്കുന്നതു തടയുക.
4. ആരോഗ്യ ക്ലാസുകൾ എല്ലാ ഗ്രാമീണർക്കും പ്രയോജനകരമാംവിധം നടത്തുക.
5. പയ്യപ്പാടി ഗവ. ഡിസ്പെൻസറി കിടക്കകളുള്ള ആശുപത്രിയായി വികസിപ്പിക്കുക.
6. കീച്ചാലിൽ ഒരു ആയുർവേദ ആശുപത്രി വേണം.
7. പ്രതിരോധ കുത്തിവയ്പുകൾ എല്ലാ കുട്ടികൾക്കും നലകുക.
8. പൊതുസ്ഥലങ്ങളിലുള്ള ഓടകൾ വൃത്തിയാക്കാൻ വേണ്ട നടപടി സ്വീകരിക്കുക.
9. പുതുപ്പള്ളി കേന്ദ്രമാക്കി ഒരു പ്രാഥമിക ആരോഗ്യകേന്ദ്രം സ്ഥാപിച്ച് എല്ലാ വാർഡുകളിലും പ്രവർത്തനം കാര്യക്ഷമമാക്കുക.
10. റബ്ബർ ബോർഡിന്റെ ക്രംമ്പ് റബർ ഫാക്ടറിയിൽ നിന്നും ഒഴുകിവരുന്ന മലിനജലം തടയണം.
11. പുതുപ്പള്ളി ഹൈസ്കൂളിന്റെ ഗ്രൗണ്ടിൽ ചപ്പുചവറുകൾ കൂട്ടിയിടുന്നതു തടയുക.
12. പന്നിവളർത്തൽ, ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങളിൽനിന്നുമുള്ള മലിനീകരണം തടയുക.
13. കോളനികളിൽ അഴുക്കുചാലുകൾ നിർമ്മിക്കുക.
14. പൊതുസ്ഥലങ്ങളിലും കവലകളിലും പാഴ് വസ്തുക്കൾ നിക്ഷേപിക്കുന്നതിനുള്ള തൊട്ടികൾ സ്ഥാപിക്കുക. എല്ലാ ദിവസവും പഞ്ചായത്തിന്റെ നേതൃത്വത്തിൽ അവ ലോറികളിൽ ശേഖരിച്ച് നശിപ്പിക്കാനുള്ള സംവിധാനം ഉണ്ടാകണം.
15. ഒരു പ്രകൃതി ചികിൽസാ കേന്ദ്രം വേണം.
16. ഇരവിനല്ലൂരിൽ ഫോൺ സബ് സെൻററിന് വേണ്ടി കിട്ടിയിട്ടുള്ള സ്ഥലത്ത് ആയത് അടിയന്തിരമായി പണിയുക.
17. കൊടൂരാറിന്റെ തീരത്ത് ഇരവിനല്ലൂർ ഭാഗത്ത് മലേക്കരി, തൈക്കാട്ടു താഴെ, ചന്ദനത്തിൽ കടവ് എന്നിവിടങ്ങളിൽ കുളികടവുകൾ നിർമ്മിക്കുക.
18. പരിയാരം ആയുർവ്വേദാശുപത്രിയ്ക്ക് ചുറ്റുമതിൽ നിർമ്മിക്കുക.
19. തലപ്പാടിയിലുള്ള മെഡിക്കൽ എഡ്യൂക്കേഷൻ സെൻററിനോടു ചേർന്ന് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ സ്ഥാപിക്കുക.
20. ഹോമിയോ ഡിസ്പെൻസറിയ്ക്കും ലഭ്യമായിട്ടുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കുക.
21. തോട്ടയ്ക്കാട് ഗവ. ആശുപത്രിക്കു പുതുതായി സ്ഥലം വാങ്ങി ആവശ്യമായ വാർഡുകൾ പണിത് സൗകര്യം വർദ്ധിപ്പിക്കുക. ● ഡെൻറൽ വിഭാഗവും കുട്ടികളുടെ വിഭാഗവും ആരംഭിച്ച് ആവശ്യമായ ഡോക്ടറന്മാരെ നിയമിക്കുക.

4.5 വ്യവസായം

പുതുപ്പള്ളി പഞ്ചായത്തിന്റെ സമ്പദ്ഘടന പ്രധാനമായും ആശ്രയിച്ചിരിക്കുന്നത് കാർഷിക മേഖലയെ ആണ്. പരമ്പരാഗത വ്യവസായങ്ങൾ എന്നു പറയാവുന്നവയും കുടിൽ വ്യവസായങ്ങൾ എന്നു പറയാവുന്നവയുമായ ഏതാനും ചെറുസംരംഭങ്ങളാണ് ഇവിടെ നിലനിൽക്കുന്നത്. പപ്പട നിർമ്മാണം ഇരുമ്പ് പണി ആയുധങ്ങളുടെ നിർമ്മാണം, പായ്, കുട്ട എന്നിവയുടെ നെയ്ത്ത് മുതലായവ. കക്ക നീറ്റുന്ന രണ്ട് സ്ഥാപനങ്ങൾ വളരെ നല്ല നിലയിൽ പ്രവർത്തച്ചിരുന്നെങ്കിലും പിന്നാട് നിന്നുപോകുകയാണുണ്ടായത്. തേങ്ങയുടെ ഉൽപാദനത്തിലുണ്ടായ വൻ തകർച്ച കൊപ്രാ വിപണിയിൽനിന്നും പിന്തിരിയാൻ കച്ചവടക്കാരെ പ്രേരിപ്പിച്ചു. തന്മൂലം "തേങ്ങാ വെട്ടു"ന്ന ക്രൊപ്രാ സംസ്കരണം ഇല്ലാതെയായി. കരിമ്പ് കൃഷി ഉപേക്ഷിക്കപ്പെട്ടതോടെ കരിമ്പാട്ടുന്ന ചക്കുകളും അപ്രത്യക്ഷമായി. ആധുനിക എണ്ണമില്ലുകൾ വന്നതോടെ പരമ്പരാഗത രീതിയിലുള്ള എണ്ണയുൽപ്പാദനം നിലച്ചു. ഇങ്ങനെ നോക്കിയാൽ സ്വാതന്ത്ര്യാനന്തരം 30-40 വർഷക്കാലത്തോളം ഈ പഞ്ചായത്തിൽ വ്യാവസായിക രംഗത്തം വളർച്ചയേ ഉണ്ടായിട്ടില്ല എന്ന് കാണാൻ കഴിയും. നേരത്തെ ഉണ്ടായിരുന്ന ഏതാനും പരമ്പരാഗത വ്യവസായങ്ങൾ കൂടി ഇല്ലാതാകുകയാണുണ്ടായത്. കുടിൽ വ്യവസായങ്ങൾ വർദ്ധക്കുകയോ പുരോഗതി പ്രാപിക്കുകയോ ചെയ്തില്ല. അതേ സമയം ആധുനിക ചെറുകിട വ്യവസായങ്ങൾ ഉണ്ടായിട്ടുമില്ല.

കഴിഞ്ഞ രണ്ട് ദശകങ്ങളായി പഞ്ചായത്തിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ വർദ്ധിച്ചു വരുന്നുണ്ട്. ഇപ്പോൾ 60-ൽ പരം യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഇതിൽ 22 എണ്ണം റബ്ബർ അധിഷ്ടിത വ്യവസായ യൂണിറ്റുകളാണ്. ഫർണിച്ചർ, അച്ചാർ, കറിപൗഡർ, കാപ്പിപ്പൊടി, എണ്ണ, ബിസ്ക്കറ്റ്, സിമൻറിഷ്ടിക, മൊസൈക്, റെഡിമെയിഡ്, ബേക്കറി ഉല്പന്നങ്ങൾ, തടിമില്ലും മുതലായ രംഗങ്ങളിലും വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. വൻകിട വ്യവസായങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിലില്ല.

1991-ലെ സെൻസസ് പ്രകാരം 97 പേർ കുടിൽ വ്യവസായവുമായി ബന്ധപ്പെട്ട് പണിയെടുക്കുന്നു. സമീപ സ്ഥലങ്ങളിൽ ഉള്ള വൻകിട ഫാക്ടറികളിൽ പണിയെടുക്കുന്ന ധാരാളം വ്യവസായ തൊഴിലാളികൾ ഈ പഞ്ചായത്തിൽ ഉണ്ട്. ഏകദേശം 500 തൊഴിലാളികൾ പഞ്ചായത്തിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകളിൽ ജോലി ചെയ്യുന്നുണ്ട്.

ഖാദി ബോർഡിന്റെ കീഴിൽ ഇരവിനല്ലൂരിൽ പ്രവർത്തിക്കുന്ന നൂൽനൂൽപ്പു കേന്ദ്രത്തിൽ ആദ്യകാലത്തം 100-ലധികം സ്ത്രീകൾ ജോലി ചെയ്തിരുന്നു. എന്നാൽ തുചരമായ വരുമാനവും അധ്വാനക്കൂടുതലും കൊണ്ട് ഈ രംഗത്ത് അധികംനാൾ തുടരാൻ പലർക്കും കഴിഞ്ഞില്ല.

പഞ്ചായത്തിൽ വ്യവസായ എസ്റ്റേറ്റില്ല. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന 4 വ്യവസായ സംരംഭങ്ങളുണ്ട്. ഇതിൽ ക്ഷീര വ്യവസായ സഹകരണ സംഘം ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. അയൺ & ടിംബർ സഹകരണസംഘം പ്രവർത്തനം കാര്യക്ഷമമല്ല. ഒരു DWCRA യൂണിറ്റ് റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം നടത്തുന്നു. ഇവിടെ 10 സ്ത്രീകൾ തൊഴിൽ ചെയ്യുന്നു. ഇതിന്റെ പ്രവർത്തനം ലാഭത്തിലേക്കെത്തിയിട്ടില്ല.

വ്യവസായ വളർച്ചയ്ക്കു ഉതകുന്ന നിരവധി പശ്ചാത്തല സൗകര്യങ്ങൾ (റോഡ്, വൈദ്യുതി, വെള്ളം) പുതുപ്പള്ളിയിൽ ഉണ്ടെങ്കിലും പുതിയ വ്യവസായ സംരംഭങ്ങൾ ഉണ്ടാകുന്നില്ലയെന്നത് പ്രത്യേകം പഠനാർഹമാണ്. കാർഷിക വൃത്തിയോടുള്ള ആഭിമുഖ്യം കുറഞ്ഞപ്പോഴും വ്യവസായിക രംഗത്തേയ്ക്ക് കടക്കാതെ കൂടുതൽ സുരക്ഷിതത്വം തേടി സേവന മേഖലകളിലേക്ക് തിരിയുന്നതിനാണ് ആളുകൾക്ക് താല്പര്യം. എന്നാൽ അടുത്ത കാലത്തായി നൂതന ചെറുകിട വ്യവസായ രംഗത്തേയ്ക്ക് കടന്നു വരുന്നതിന് അഭ്യസ്തവിദ്യരായ യുവജനങ്ങൾ താല്പര്യം കാണിച്ചു വരുന്നുണ്ട്.

ഇൻഡ്യൻ റബ്ബർ ഗവേഷണകേന്ദ്രം പുതുപ്പള്ളിയിലാണ് പ്രവർത്തിക്കുന്നതെങ്കിലും ഈ സ്ഥാപനത്തിൽ നിന്നുള്ള സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് ഇവിടെയുള്ളവർക്ക് കഴിഞ്ഞിട്ടില്ല. വ്യവസായങ്ങളുമായി ബന്ധപ്പെട്ട മലിനീകരണം പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. റബ്ബർ ബാൻഡ് യൂണിറ്റുകളിൽ നിന്നും പുറന്തള്ളുന്ന ജലം സമീപവാസികൾക്ക് ദോഷകരമായിത്തീരുന്നതായുള്ള പരാതികൾ നിലവിലുണ്ട്.

വിജയപുരം പഞ്ചായത്തിലെ ഒരു ഒരു റബ്ബർ അധിഷ്ഠിത വ്യവസായ കേന്ദ്രത്തിൽ നിന്നും പുറത്തുവരുന്ന മാലിന്യങ്ങൾ പുതുപ്പള്ളി പഞ്ചായത്തിലെ 2-ാം വാർഡിലുള്ള കുറെ കുടുംബങ്ങൾക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അതുപോലെ തന്നെ പാമ്പാടി പഞ്ചായത്തിലെ ആലമ്പള്ളിയിലുള്ള ഒരു സഹകാര്യ ഫാക്ടറിയിൽ നിന്നും പുറത്തുവിടുന്ന മലിനജലം കിലോമീറ്ററുകൾ താണ്ടിയുള്ള കൊടൂരാറ് വരെ ഒഴുകിയെത്തുന്നു. ഈ വെള്ളത്തിൽ കുളിക്കുന്നവർക്ക് ചൊറിച്ചിൽ തുടങ്ങിയ രോഗങ്ങൾ ഉണ്ടാകുന്നതായും ഇതിൽ നിന്നുള്ള വെള്ളം ജലസേചനത്തിനായി ഉപയോഗിക്കുമ്പോൾ കൃഷിനാശം സംഭവിക്കുന്നതായും പരാതികൾ ശക്തമായി നിലനിൽക്കുന്നുണ്ട്.

വ്യവസായ വളർച്ചയ്ക്ക് തടസ്സമായി നിൽക്കുന്ന പ്രധാന പ്രശ്നങ്ങൾ താഴെ കൊടുക്കുന്നു.

1. വ്യവസായ സംരംഭങ്ങളെപ്പറ്റിയും, അതിന്റെ സാങ്കേതിക, ഉല്പാദന, വിപണന രംഗങ്ങളെപ്പറ്റിയുള്ള ശരിയായ വിവരങ്ങളുടെ അഭാവം.
2. സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും വായ്പകൾ നേടിയെടുക്കുന്നതിലുള്ള ബുദ്ധിമുട്ടുകൾ.
3. സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകേണ്ടുന്ന ലൈസൻസുകൾ മുതലായവ കിട്ടുന്നതിന് ഉള്ള താമസം.
4. വൈദ്യുതി കണക്ഷൻ കിട്ടുന്നതിനുള്ള താമസം.
5. വൈദഗ്ധ്യമുള്ള തൊഴിലാളികളെ കിട്ടാനില്ല.
6. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം.

വ്യവസായികമായി പിന്നോക്കമാണെങ്കിലും വളരെപ്പെട്ടന്നു തന്നെ ഒരു കുതിച്ചുചാട്ടം ഈ രംഗത്ത് നടത്തുന്നതിന് ഉള്ള സാധ്യതകൾ പുതുപ്പള്ളി പഞ്ചായത്തിലുണ്ട്. അനുകൂല സാഹചര്യങ്ങളെ ഒത്തൊരുമിച്ച് പ്രയോജനപ്പെടുത്താൻ കഴിയണമെന്നു മാത്രം. മുഖ്യമായും ഇവിടെ ലഭ്യമാകുന്ന അസംസ്കൃതവസ്തു റബ്ബർ ആകയാൽ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് ഏറെ സാധ്യതയുണ്ട്. വൈവിധ്യമാർന്ന റബ്ബർ ഉല്പന്നങ്ങൾ നിർമ്മിക്കാൻ കഴിയണം.

റബ്ബർതടി ഉപയോഗിച്ചുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായ യൂണിറ്റുകൾക്കും നല്ല സാദ്ധ്യതയുണ്ട്. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നതും വൈദ്യുതി കുറച്ച് ഉപയോഗിക്കേണ്ടതുമായ ചെറുകിട വ്യവസായ യൂണിറ്റുകളുടെ ഒരു നിരതന്നെ പടുത്തുയർത്താനുള്ള ശ്രമം ഉണ്ടാകണം. ഇതിനായി എല്ലാ പശ്ചാത്തലസൗകര്യങ്ങളും ഒത്തുചേരുന്ന സ്ഥലം തെരഞ്ഞെടുത്ത് ഒരു വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കണം. വ്യവസായ സംരംഭകരെ കണ്ടെത്തി അവർക്ക് മതിയായ പരിശീലനം നൽകണം. ഒപ്പം വായ്പ ലഭിക്കുന്നതിനുള്ള നടപടികൾ ഉദാരമാക്കുകയും വേണം. ലൈസൻസ് ലഭിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസവും മറ്റു തടസ്സങ്ങളും ഒഴിവാക്കണം.

കുടിൽ വ്യവസായങ്ങളിലെ ഉല്പാദനക്ഷമതയും ഗുണമേന്മയും വർദ്ധിക്കുന്ന തരത്തിലുള്ള നവീകരണം നടപ്പാക്കണം. ഈ മേഖലയിലുള്ളവരുടെ തൊഴിൽ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികളുണ്ടാകണം. വിപണനരംഗത്ത് ഉണ്ടാകുന്ന പ്രശ്നങ്ങൾ സഹകരണാടിസ്ഥാനത്തിൽ നേരിടാനുള്ള ശ്രമങ്ങൾ ഉണ്ടാവണം.

സഹകരണാടിസ്ഥാനത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകുന്നത് നന്നായിരിക്കും. പ്രത്യേകിച്ച് വനിതാ സംഘങ്ങൾ ബേക്കറി, അച്ചാർ, കറി പൗഡർ, റെഡിമെയ്ഡ് തുടങ്ങി നിരവധി മേഖലകളിൽ ഇനിയും സാദ്ധ്യതകളേറെ.

പഞ്ചായത്തിലെ വ്യവസായ വികസനം ത്വരിതപ്പെടുത്തുവാൻ വിവിധ സർക്കാർ ഏജൻസികൾ നടത്തുന്ന സേവന പരിപാടികൾ പരിശീലന പരിപാടികൾ, അവർ നൽകുന്ന ആനുകൂല്യങ്ങൾ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സഹായം കിട്ടുന്നതിനുള്ള മാർഗ്ഗങ്ങൾ ഇവയെപ്പറ്റി വ്യവസായ സംരംഭകർക്ക് അറിവു പകർന്നുകൊടുക്കുവാൻ ഉള്ള സംവിധാനം ഉണ്ടാക്കണം.

വ്യവസായ വികസനത്തിനായി സമഗ്രമായ പഠനം നടത്തി പഞ്ചായത്തുതല മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.

4.6 റോഡുകൾ/ഊർജ്ജം

സുഗമമായ ഗതാഗത സൗകര്യങ്ങൾ ഒരു പ്രദേശത്തിന്റെ വികസനത്തിന് കൂടിയേ കഴിയൂ. വ്യാവസായിക വളർച്ചക്കും ചരക്ക് ഗതാഗതത്തിനും ഇത് അത്യന്താപേക്ഷിതമാണ്. മുൻകാലങ്ങളിൽ ജലമാർഗ്ഗങ്ങളായിരുന്നു യാത്രക്കും കടത്തിനും കൂടുതൽ സ്വീകരിച്ചിരുന്നത് ഇതിനുണ്ടായിരുന്ന പ്രധാന ന്യൂനത യാത്രക്കെടുക്കുന്ന സമയദൈർഘ്യംതന്നെയായിരുന്നു. മോട്ടോർ വാഹനങ്ങളുടെ വരവോടെയാണ് റോഡുഗതാഗതത്തിന് കൂടുതൽ പ്രാധാന്യം കൈവരിക്കുന്നത്.

പുതുപ്പള്ളി പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ജലഗതാഗതം ആകാലത്ത് വളരെയേറെ പ്രാധാന്യമർഹിച്ചിരുന്നു. ആലപ്പുഴയിലേക്കും മറ്റും കൊടുരാറിലൂടെ സഞ്ചരിച്ച് വ്യാപാര ബന്ധങ്ങളിലേർപ്പെടുന്ന രീതിയാണ് കൂടുതൽ പ്രധാനപ്പെട്ടത്. സഞ്ചാരയോഗ്യമായ റോഡുകളുടെ വരവോടെ വളരെ വേഗത്തിൽ സമീപപട്ടണങ്ങളുമായി ബന്ധപ്പെടാമെന്നായി. കാളവണ്ടികളിലായിരുന്നു ചരക്കുകൾ കൊണ്ടുപോവുകയും കൊണ്ടുവരികയും ചെയ്തിരുന്നത്. ആറുകളും തോടുകളും ജലഗതാഗതം ഇല്ലാതായി എന്നു പറയാം. പാടശേഖരങ്ങളിൽ നിന്ന് നെല്ലും മറ്റും കൊണ്ടുവരുന്നതിനായി ജല മാർഗ്ഗം ഉപയോഗപ്പെടുന്നുവെന്നല്ലാതെ ഇന്ന് ഒട്ടും പ്രാധാന്യം ജലഗതാഗതത്തിനില്ല.

അതേസമയം റോഡുഗതാഗതത്തിന്റെ പ്രാധാന്യം ദിനം പ്രതി വർദ്ധിച്ചു വരികയാണുണ്ടായത് എന്നാൽ അശാസ്ത്രീയമായ റോഡ് വികസന പ്രവർത്തനങ്ങൾ ഒരു തുടർക്കഥയായി ഇന്നും മാറിയിരിക്കുന്നു. ഇതുതന്നെയാണ് ഈ രംഗത്തുള്ള ഏറ്റവും വലിയ പ്രതിബന്ധവും

കോട്ടയം-കറുകച്ചാൽ റോഡും, തെങ്ങണ-മണർകാട് റോഡും ആണ് പഞ്ചായത്തിലൂടെ കടന്നുപോകുന്ന പ്രധാനപ്പെട്ട റോഡുകൾ. ഏറ്റവും കൂടുതൽ തിരക്കനുഭവപ്പെടുന്ന കറുകച്ചാൽ റോഡിൽ ശബരിമല മണ്ഡലക്കാലത്ത് വാഹനപ്പെരുപ്പം നന്നായി അനുഭവപ്പെടുന്നുണ്ട്. മണർകാട്-തെങ്ങണാ റോഡും വളരെ പ്രാധാന്യം അർഹിക്കുന്ന റോഡാണ്. പുതുപ്പള്ളി പള്ളിയിലേയും മണർകാട് പള്ളിയിലേയും പെരുന്നാൾ കാലങ്ങളിൽ ഈ റോഡിലൂടെയുള്ള ഗതാഗതം വളരെ കൂടുതലാണ്. ചങ്ങനാശ്ശേരിയിൽ നിന്നും തെങ്ങണ പുതുപ്പള്ളി മണർകാട് വഴി ഏറ്റുമാനൂരേക്ക് എം.സി. റോഡിന്റെ ഒരു ബൈപ്പാസ് നിർമ്മിക്കുന്നതിനുള്ള ശ്രമം ഊർജ്ജിതപ്പെട്ടിട്ടുണ്ട്. പുതുപ്പള്ളി പഞ്ചായത്തിൽ വരുന്ന ഈ റോഡിന്റെ ഭാഗങ്ങൾ ഇനിയും വീതി വർദ്ധിപ്പിച്ചിട്ടില്ല. ഈ പറഞ്ഞ രണ്ട് റോഡുകളും പി.ഡബ്ലു.ഡി യുടെ ഉടമസ്ഥതയിൽ ഉള്ളതാണ്. ഇവ രണ്ടിന്റെയും ചില ഭാഗങ്ങളിൽ ഇനിയും കലുങ്കുകൾ നിർമ്മിക്കേണ്ടതും ഓടകൾ ഉണ്ടാക്കേണ്ടതും ഉണ്ട്. അറ്റകുറ്റപ്പണികൾ ഇടക്കിടെ നടക്കാറുണ്ട്.

മേൽ പറഞ്ഞവകൂടാതെ വെട്ടത്തുകവല-മീനടം റോഡ്, പാറക്കൽ കടവ്-ഇരവിനല്ലൂർ റോഡ്, കാഞ്ഞിരത്തുംമൂട് പയ്യപ്പാടി റോഡ്, തോട്ടക്കാട് കവല-കുറ്റിക്കൽ റോഡ് എന്നിവ ഉൾപ്പെടെ 20 കി.മി ദൂരം പി.ഡബ്ലു.ഡി റോഡുകളാണ്. ഇരവിനല്ലൂർ കവലയിൽ നിന്നും അമ്പാട്ടു കടവിലേക്കുള്ള റോഡ് പി.ഡബ്ലു.ഡി ഏറ്റെടുത്തു കഴിഞ്ഞെങ്കിലും പാടശേഖരത്തിലൂടെയുള്ള ഭാഗം പണികൾ ആരംഭിച്ചിട്ടില്ല. പനച്ചിക്കാട് പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന ഈ റോഡിന്റെ പണി പൂർത്തിയായാൽ എം.സി.റോഡിൽ ചിങ്ങവനത്ത് എത്തുന്നതിന് വളരെ വേഗം സാധിക്കും. അതുപോലെ ഇരവിനല്ലൂർ തുരുത്തി റോഡ് 1/2 കി. മീ. നീളം വർദ്ധിപ്പിച്ച് മാങ്ങാനം ചെമ്മരപള്ളിയിലേക്ക് അപ്രോച്ച് റോഡ് നിർമ്മിച്ചാൽ ആയിരക്കണക്കിന് ആളുകൾക്ക് അത് ഗുണം ചെയ്യും.

പഞ്ചായത്ത് റോഡുകളുടെ ആകെ നീളം പഞ്ചായത്താഫീസിലുള്ള റിക്കാർഡുകൾ പ്രകാരം 70 കി.മീറ്റർ ആണ്. ഇതിൽ 10 കി.മി ഭാഗം ടാർ ചെയ്തിട്ടുള്ളതാണ്. 5 കി.മി ദൂരം മെറ്റൽ ചെയ്തിട്ടുമുണ്ട്. ബാക്കി ഭാഗങ്ങൾ മൺ റോഡാണ്. ടാർ ചെയ്ത റോഡുകളിൽ തന്നെ കലുങ്കുകളും ഓടകളും ആവശ്യമായ സ്ഥലങ്ങളിൽ നിർമ്മിക്കുന്നതിന് സാധിച്ചിട്ടില്ലാത്തതിനാലും അറ്റകുറ്റപ്പണികൾ യഥാസമയം നടത്താത്തതിനാലും മിക്കവയും തകർന്നു കിടക്കുകയാണ്. മൺ റോഡുകളാകട്ടെ ഓരോ വർഷകാലവും കഴിയുന്നതോടെ മിക്കഭാഗങ്ങളും കുത്തിയൊലിച്ച് പോവുകയും യാത്രായോഗ്യമല്ലാതായിത്തീരുകയും ചെയ്യുന്നു. തന്മൂലം ഉൾനാടുകളിലേക്ക് ചെറുവാഹനങ്ങൾ പോലും

കടന്നു ചെല്ലാത്ത ഒരവസ്ഥ സംജാതമാകുകയാണ്. മഴക്കാലത്ത് വെള്ളം കയറി മുങ്ങിപ്പോകുന്ന റോഡുകളും ഉണ്ട്. പഞ്ചായത്തിൽ നിന്നും പി.ഡബ്ലു.ഡിയിൽ നിന്നും അറ്റകുറ്റപ്പണികൾ നടത്തുന്നതിൽ വീഴ്ച വരുത്തുന്നുണ്ട്.

(പഞ്ചായത്തിലെ റോഡുകളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്)

വിജയപുരം പഞ്ചായത്തിലെ പേഴുവേലിക്കടവിൽ നിന്നും അങ്ങാടി വഴി കൊട്ടാരത്തിൽ കടവിലേക്ക് ഒരു പുതിയ റോഡ് നിർമ്മിക്കേണ്ടതുണ്ട്. ഇങ്ങനെ ഒരു റോഡ് പൂർത്തിയായാൽ അങ്ങാടിയിൽ നിന്നും കോട്ടയത്തേക്കുള്ള ദൂരം 3 കി.മി കുറക്കുവാൻ കഴിയും.

4-ാം വാർഡിലെ തുരുത്തേൽപ്പടി പഞ്ചായത്തു റോഡ് വീതികൂട്ടി എള്ളുകാലാവഴി അങ്ങാടിയിൽ എത്തിക്കുക (പാടത്തിന് കുറുകെ).

ഇപ്പോൾ നിലവിലുള്ള വീതി കുറഞ്ഞ പല നടപ്പാതകളും വീതി വർദ്ധിപ്പിച്ച് സഞ്ചാരയോഗ്യമാക്കേണ്ടതുണ്ട്. ഇതിനായി സന്നദ്ധ പ്രവർത്തനം ഉപയോഗിക്കുവാനുള്ള സാധ്യത ധാരാളമുണ്ട്.

ഗതാഗത രംഗത്തെ മുഖ്യപ്രശ്നങ്ങൾ

- റോഡു സൗകര്യമില്ലാത്ത പ്രദേശങ്ങൾ എല്ലാ വാർഡുകളിലുമുണ്ട്.
- നിലവിലുള്ള റോഡുകളുടെ പൊതു സ്ഥിതി വളരെ മോശമാണ്.
- മിക്ക റോഡുകൾക്കും ഓടകളില്ല, കലുങ്കുകളും ആവശ്യത്തിനില്ല.
- വീതി കുറവുള്ളതും ഗതാഗതം കൂടുതലുള്ളതുമായ നിരവധി റോഡുകൾ ഉണ്ട്.
- അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നില്ല.
- മഴക്കാലത്ത് ചില റോഡുകൾ വെള്ളത്തിലാകുന്നു. ഇതര ഡിപ്പാർട്ടുമെൻറുകൾ വിവിധാവശ്യങ്ങൾക്കായി റോഡുകൾ കുഴിക്കുന്നു. വീണ്ടും ശരിയാക്കി കിട്ടുന്നതിന് കാലതാമസം നേരിടുന്നു.
- റോഡ് പുറമ്പോക്കുകളിൽ കുടിലുകൾ കെട്ടി താമസിക്കുന്നതുമൂലം സുഗമമായ ഗതാഗതം അസാദ്ധ്യമാകുന്നു. പുറമ്പോക്കുകൾ സമീപഭൂവുടമകൾ കയ്യേറി കൃഷിചെയ്തും സ്ഥലം കൈവശത്തിലാക്കുകയും ചെയ്യുന്നു.

സാധ്യതകൾ

- സന്നദ്ധസംഘടനകളുടെ സഹകരണത്തോടെ റോഡ് സംരക്ഷണം പ്രാദേശികമായി നടത്തുന്നതിന് പരിപാടികൾ ഉണ്ടാവണം.
- ബഹുജന പങ്കാളിത്തത്തോടെ പുതിയ റോഡുകൾ നിർമ്മിക്കുന്നതിനും വീതി കൂട്ടുന്നതിനും സാധ്യതയുണ്ട്.
- പുതിയ റോഡുകൾ ടാർ ചെയ്യുന്നതോടൊപ്പം തകരാറിലായ ടാർ റോഡുകൾ റീടാർ ചെയ്യുന്നതിനും പരിപാടി ഉണ്ടാകണം.
- വെള്ളപ്പൊക്കത്തിൽ മുങ്ങിപ്പോകുന്ന റോഡുകൾ മണ്ണിട്ടുയർത്തണം.
- സംരക്ഷണഭിത്തികൾ, ചപ്പാത്തുകൾ, കലുങ്കുകൾ ഇവ ആവശ്യമായിട്ടുള്ള ഭാഗങ്ങളിൽ ഉടനെ തന്നെ അവ നിർമ്മിക്കുവാൻ കഴിയണം.
- റോഡ് ഗുണഭോക്തൃ സമിതികൾ ആയിരിക്കണം ഇത്തരം വേലകൾ ചെയ്യേണ്ടത്.
- റോഡിലെ ഗതാഗതത്തിന്റെ തീവ്രത, റോഡിന്റെ നീളം, വീതി ഇവ കണക്കിലെടുത്ത് മുൻഗണനാക്രമം നിശ്ചയിച്ച് ചിട്ടപ്പെടുത്തണം
- പ്രധാന ബസ്സ്റ്റോപ്പുകളിൽ വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കണം.
- തിരക്കുകൂടിയ പുതുപ്പള്ളിക്കവലയിൽ ടാക്സി കാറുകളും ഓട്ടോറിക്ഷകളും പാർക്ക് ചെയ്യുന്നത് ഒഴിവാക്കണം സൗകര്യപ്രദമായ മറ്റൊരു സ്ഥലം കണ്ടെത്തി പാർക്കിംഗ് അവിടേക്ക് മാറ്റേണ്ടതാണ്.
- റോഡ് പുറമ്പോക്കിൽ താമസിക്കുന്നവരുടെ പുനരധിവാസം നടത്താൻ കഴിയണം
- റോഡ് പുറമ്പോക്ക് അനധികൃതമായി കൈവശപ്പെടുത്തുന്നത് കർശനമായി തടയണം.
- റോഡുകളിൽ ഗതാഗതത്തിനു തടസ്സമായി നിൽക്കുന്ന വൈദ്യുത കാലുകൾ വശങ്ങളിലേക്കു മാറ്റി സ്ഥാപിക്കുക.
- പഞ്ചായത്തു റോഡുകൾക്ക് ആവശ്യമായ ഓടകൾ നിർമ്മിക്കുക.
- മൂന്നു മീറ്ററിൽ താഴെ വീതിയുള്ള വഴികൾ (തൊണ്ടുകൾ ഗതാഗതയോഗ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

ഊർജ്ജം

ഊർജ്ജാസൂത്രണം എന്നു പറഞ്ഞാൽ വൈദ്യുതോർജത്തിന്റെ ഉല്പാദനത്തെയും വിതരണത്തെയും മാത്രമല്ല ഗാർഹിക ഇന്ധന ലഭ്യതയുടെയും ഉപഭോഗത്തിന്റെയും കൂടി ആസൂത്രണമാണ്. എല്ലാ തരത്തിലുമുള്ള ഊർജ്ജ ഉപയോഗങ്ങളും കണക്കിലെടുക്കുന്ന അവയുടെ ഉപയോഗം മെച്ചപ്പെടുത്തുന്നതിനും ലാഭകരമാക്കുവാനും ജീവിത നിലവാരം ഉയർത്താനും ഉതകുന്ന ആസൂത്രണമാണ് സമഗ്ര ഊർജ്ജാസൂത്രണം.

താപരൂപത്തിലുള്ള ഊർജമാണ് നാം ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത്. ഇതിനായിട്ടുള്ള മുഖ്യ ഉറവിടം വിറകാണ്. മണ്ണെണ്ണ വൈദ്യുതി, ഗ്യാസ് എന്നിവയാണ് മറ്റ് ഉറവിടങ്ങൾ.

ഈ പഞ്ചായത്തിലെ 5766 വീടുകളും വൈദ്യുതീകരിച്ചിട്ടുണ്ട്. ഇതിൽ 735 എണ്ണം സൗജന്യ കണക്ഷനുകളാണ്. വ്യാപാര ആവശ്യങ്ങൾക്കായി 687 ഉം വ്യാവസായികാവശ്യങ്ങൾക്കായി 138 ഉം കാർഷികാവശ്യങ്ങൾക്കായി 81 ഉം കണക്ഷനുകളാണ് നൽകിയിട്ടുള്ളത്. ഇനിയും കണക്ഷൻ നൽകാനുള്ള അപേക്ഷകളുണ്ട്. പഞ്ചായത്തിൽ ആകെ 800 ബൾബുകളും 271 ട്യൂബുകളും 2 സോഡിയം വേപ്പർ ലാമ്പുകളം വഴിവിളക്കുകളായി സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇവയിൽ പകുതിയിലധികവും പ്രവർത്തിക്കുന്നവയില്ല. പഞ്ചായത്തിൽ വൈദ്യുതി ക്ഷാമം അതിരൂക്ഷമായി അനുഭവപ്പെടുന്നുണ്ട്. ഇനിയും വൈദ്യുതി എത്താത്ത പ്രദേശങ്ങളും ഇവിടെയുണ്ട്. പഞ്ചായത്തിന്റെ വിവധ ഭാഗങ്ങളിലായി 26 ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ ആകെ ആവശ്യമായ തെരുവുവിളക്കുകളുടെ എണ്ണം

വാർഡ്	1	2	3	4	5	6	7	8	9	10	11	ആകെ
ബൾബ്	47	52	100	112	47	75	55	25	25	35	28	
ട്യൂബ്	32	-	34	94	11	15	25	5	10	10	10	

വൈദ്യുതി വ്യാവസായികാവശ്യങ്ങൾക്കായിട്ടാണ് കൂടുതൽ ഉപയോഗിക്കുന്നത്. തന്മൂലം ഗാർഹികാവശ്യങ്ങൾക്കുള്ള വൈദ്യുതിയുടെ ഉപയോഗം കുറയ്ക്കേണ്ടത് ആവശ്യമായിരിക്കുന്നു. ഭക്ഷണം പാകം ചെയ്യുന്നതിനായി കൂടുതലും വിറകിനെയാണ് ആശ്രയിച്ചിരിക്കുന്നത്. ഗ്യാസ് കുറഞ്ഞ അളവിൽ മാത്രമേ ലഭ്യമാകുന്നുള്ളു. ഇപ്പോൾ ഉള്ള ഊർജ്ജ സ്രോതസ്സുകൾ അപര്യാപ്തമായതിനാൽ പുതിയ മേഖലകൾ കണ്ടെത്തേണ്ടതുണ്ട്. സമയം അതിക്രമിച്ചിരിക്കുന്നു. വൈദ്യുതി എത്താത്ത പ്രദേശങ്ങൾ.

- വെന്നിമല ക്ഷേത്രത്തിന്റെ കിഴക്കുഭാഗം, കിഴക്കേക്കുഴിഭാഗം, പുതുവയൽ ഭാഗം.
- മലകുന്നം പാറമട, കൊച്ചുമറ്റം കോളനി മണ്ണാത്തിമറ്റം, ചോളച്ചിറപ്പടി, വല്ലോഴും ഭാഗം
- കുരിശിങ്കൽ - പെരുങ്കാവു റോഡിന്റെ മദ്ധ്യഭാഗം, പെരുങ്കാവു - കുമരം കോട് റോഡിന്റെ മദ്ധ്യഭാഗം, കുറ്റിക്കാട്ട് ജംഗ്ഷൻ, മുള്ളൻകുഴി ഭാഗം, മൂലക്കുളം തലപ്പാടി റോഡ്, ലക്ഷം കോളനിയിലേയ്ക്കുള്ള റോഡ്.
- സിയോൻകുന്ന്
- കൊച്ചക്കാല താഴെ, അങ്ങാടിയിൽ നിന്ന് പുതുപ്പള്ളി പുതിയ പാലം വഴി കലുങ്കുവരെ.
- കോലത്തു ഭാഗം
- പല്ലാത്തറപടി അമ്പലപ്പടി റോഡിന്റെ മദ്ധ്യഭാഗത്ത്
- ഇഞ്ചക്കാട്ടുകുന്നു ഭാഗം

പ്രശ്നങ്ങൾ

1. വിറക്, ഗ്യാസ്, മണ്ണെണ്ണ മുതലായവയുടെ ലഭ്യതക്കുറവ് വിലവർദ്ധനവും
2. വോൾട്ടേജ് കുറവ്, തുടരെയുള്ള പ്രഖ്യാപിതവും അപ്രഖ്യാപിതവുമായ പവ്വർ കട്ടുകൾ
3. തെരുവുവിളക്കുകൾ കൂടുതലും കത്തുന്നില്ല.
4. മറ്റ് ഊർജ്ജ സ്രോതസ്സുകളെക്കുറിച്ചുള്ള അജ്ഞത.
5. വൈദ്യുതിയുടെ ഉപഭോഗം കൂടുതലുള്ള ഉപകരണങ്ങൾ ധാരാളമായി ഉപയോഗിക്കുന്നു.
6. വൈദ്യുതിയുടെ അനാവശ്യമായ ഉപഭോഗം
7. വൈദ്യുതി വിതരണശൃംഘലയിലെ അശാസ്ത്രീയത

8. സ്റ്റെപ് അപ് ട്രാൻസ്ഫോർറിന്റെ ഉപയോഗം വോൾട്ടേജ് പ്രതിസന്ധി ഉണ്ടാക്കുന്നു.

9. പഞ്ചായത്തിൽ ആവശ്യമായ റോഡുകളിൽ പുതിക്ഷയ ലൈൻ വലിച്ച് തെരുവു വിളക്കുകൾ സ്ഥാപിക്കുക.

സാധ്യതകൾ

1. വൈദ്യുതി ലൈനുകളിൽ തട്ടുന്ന വൃക്ഷശാഖകൾ മുറിച്ചുമാറ്റുന്നതിനുള്ള സന്നദ്ധ പ്രവർത്തനം

2. ഊർജ്ജ ലാഭമുള്ള വൈദ്യുത ദീപങ്ങൾ പ്രചരിപ്പിക്കൽ

3. കാറ്റ് സൗരോർജം എന്നിവ വഴി പ്രവർത്തിക്കുന്ന ഉപകരണങ്ങൾ പ്രചരിപ്പിക്കൽ.

4. ഭക്ഷണ കൂടുതലുള്ള വിറകടുപ്പുകൾ പ്രചരിപ്പിക്കാനുള്ള നടപടികൾ.

5. വിറകുല്പാദനം വർദ്ധിപ്പിക്കുക.

6. പാചക വാതകം ലഭ്യമാക്കുന്നതിന് ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

7. ആവശ്യാനുസരണം മണ്ണെണ്ണ റേഷൻ കടകൾ വഴിയോ മറ്റു സംവിധാനത്തിലോ ലഭ്യമാക്കുക.


8. വോൾട്ടേജ്ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

മാർക്കറ്റ്

കാർഷികമേഖലക്ക് അനുപേക്ഷണീയമായ ഒരു ഘടകമാണ് വിപണി. ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് കർഷകന് മാർക്കറ്റ് കൂടിയേ കഴിയൂ. എന്നാൽ മാർക്കറ്റുകളുണ്ടെങ്കിലും ഇടനിലക്കാരന്റെ ചൂഷണത്തിനും കർഷകനും ഉപഭോക്താവും ഒരു പോലെ വിധേയമാകുന്ന ഒരവസ്ഥയാണ് പലപ്പോഴും കാണപ്പെടുന്നത്. പുതുപ്പള്ളി കവലക്ക് സമീപം സാമാന്യം തൃപ്തികരമായ നിലയിൽ ഒരു മാർക്കറ്റ് പ്രവർത്തിച്ചിരുന്നതാണ്. മേൽപറഞ്ഞ ചൂഷണം ഇവിടെയും ഉണ്ടായിരുന്നെങ്കിലും ആഴ്ചയിൽ രണ്ട് ദിവസം പ്രവർത്തിച്ചിരുന്ന ഈ മാർക്കറ്റ് നാട്ടുകാർക്ക് ഗുണകരമായിരുന്നു.

കോട്ടയത്തോ ചങ്ങനാശ്ശേരിയിലോ കൊണ്ടുപോയി കാർഷികോൽപന്നങ്ങൾ വിറ്റഴിക്കേണ്ട ഗതികേടിലാണ് കർഷകൻ. ഇത് വലിയ ചെലവും ബുദ്ധിമുട്ടുകളും സൃഷ്ടിക്കുന്നുണ്ട്. ശരിയായി പ്രവർത്തിക്കുന്ന ഒരു മാർക്കറ്റ് പുതുപ്പള്ളിക്ക് വളരെ അത്യാവശ്യമാണ്. വഴി, വെള്ളം, വെളിച്ചം, ശുചീകരണത്തിനുള്ള സംവിധാനങ്ങൾ ഇവയൊക്കെയും ഇതോടൊപ്പം ഉണ്ടാകണം. മേൽപറഞ്ഞ സൗകര്യങ്ങൾ ലഭ്യമാകത്തക്കവിധത്തിൽ ഒരു സ്ഥലം കണ്ടെത്തി മാർക്കറ്റ് സ്ഥാപിക്കേണ്ടത് വളരെ അത്യാവശ്യമായിരിക്കുന്നു. മാത്രവുമല്ല പഞ്ചായത്തിന് ഇത് ഒരു വരുമാനമാർഗ്ഗവുമായിരിക്കുമെന്നതിൽ ഒട്ടും സംശയിക്കേണ്ടതില്ല.

സസ്യമാർക്കറ്റ് മാത്രല്ല മത്സ്യമാർക്കറ്റും ശാസ്ത്രീയമായി ക്രമീകരിക്കേണ്ടതുണ്ട്. വഴിവക്കിൽ നടക്കുന്ന ഇന്നത്തെ മത്സ്യവ്യാപാരം ഒട്ടേറെ പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. എല്ലാ ഗ്രാമസഭകളിൽ നിന്നും അതാത് വാർഡുകളിൽ ചന്തകളാരംഭിക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. ഇതിന് പ്രായോഗികതയുടെയും സാധ്യതകളുടെയും പ്രശ്നങ്ങളുണ്ടെങ്കിലു കേന്ദ്രീകൃതമായ രീതിയിൽ ഒരു സ്ഥലത്ത് മാർക്കറ്റ് തുറക്കുന്നതിന് അടിയന്തിരമായി ശ്രദ്ധിക്കേണ്ടതുണ്ട്. ഇതിന്റെ ഉപ മാർക്കറ്റുകളായി ഏതാനും കേന്ദ്രങ്ങൾ കൂടി തുറക്കുവാൻ കഴിഞ്ഞേക്കും.




4.1 പാർപ്പിടം/സാമൂഹ്യക്ഷേമം

പാർപ്പിടം

'കയറിക്കിടക്കാനൊരു വീട്' ഏതൊരു മനുഷ്യന്റെയും സ്വപ്നമാണ്. പക്ഷെ ആ സ്വപ്നം സാക്ഷാൽകരിക്കപ്പെടണമെങ്കിൽ ഇന്നൊരു സാധാരണക്കാരൻ തന്റെ ജീവിതത്തിലെ അധ്വാനിക്കുവാൻ പറ്റിയ പ്രായം മുഴുവനും അതിന് വേണ്ടി മാത്രം ഹോമിക്കേണ്ടിവരുന്നു. പാർപ്പിടത്തിനുവേണ്ടി ഒരു തുണ്ട് ഭൂമി സ്വന്തമാക്കുവാൻ നെട്ടോട്ടമോടണം മാത്രമോ തൊട്ടാൽ കൈപൊള്ളുന്ന വിലയും. നമ്മെ ഇന്നത്തെ ഈ നിലയിലേക്കെത്തിക്കുവാൻ നിരവധി കാരണങ്ങളുണ്ട്. കൂട്ടുകുടുംബവ്യവസ്ഥിതിയിൽ നിന്നും അണു കുടുംബത്തിലേക്കുള്ള പരിവർത്തനം, ജനപ്പെരുപ്പം മൂലമുള്ള ഭൂമിയുടെ തുണ്ടവൽക്കരണം, പാർപ്പിടത്തേക്കുറിച്ചുള്ള സങ്കല്പത്തിൽ വന്നിട്ടുള്ള വ്യതിയാനം തുടങ്ങിയവ ഏതാനും കാര്യങ്ങൾ മാത്രം.

ജനസംഖ്യയുടെ വർദ്ധനവിനനുസരിച്ച് ഭൂമിയുടെ ലഭ്യത വർദ്ധിക്കുന്നില്ല. ദിനംപ്രതി ഉയർന്നുകൊണ്ടിരിക്കുന്ന കെട്ടിടനിർമ്മാണസാമഗ്രികളുടെ വിലവർദ്ധനയും ദുർലഭ്യവും വർദ്ധിച്ചുവരുന്ന കൂലിച്ചിലവും മറ്റും സ്വന്തമായി ഒരു ചെറിയ വീട്, എന്ന സങ്കല്പത്തെപ്പോലും തകർത്തുകൊണ്ടിരിക്കുന്നു.



വാസയോഗ്യമായ വീട് എല്ലാവർക്കും ഉണ്ടാക്കിയെടുക്കുക എന്ന ലക്ഷ്യം നേടിക എന്നത് വളരെ ക്ലേശകരമായ ഒരു ദൗത്യം തന്നെയാണ്. 1991-ലെ സെൻസസ് പ്രകാരം പുതുപ്പള്ളി ഗ്രാമ പഞ്ചായത്തിൽ 5802 വീടുകളാണുണ്ടായിരുന്നത്. 95-96-ലെ കണക്കനുസരിച്ച് 7595 കെട്ടിടങ്ങൾ ഉണ്ട്. ഇതിൽ 34.6 ശതമാനം കെട്ടിടങ്ങളും കോൺക്രീറ്റ് ചെയ്തവയാണ്. ഓടു മേഞ്ഞ 48.2 ശതമാനം കെട്ടിടങ്ങൾ ഉള്ളപ്പോൾ ശേഷിക്കുന്ന 17.2 ശതമാനം കെട്ടിങ്ങൾ ഓലമേഞ്ഞതോ മറ്റ് വിഭാഗത്തിൽപ്പെടുന്നവയോ ആണ്.

പഞ്ചായത്തിലെ കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ.

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം	മേൽപ്പുരയുടെ സ്വഭാവം			
			ഒരു നിലയുള്ള കെട്ടിടങ്ങൾ			
			കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ
I	775	15	323	404	21	122
II	892	20	276	532	40	24
III	740	23	174	432	63	48
IV	564	7	248	204	66	39
V	550	10	195	209	82	54
VI	961	9	292	473	97	70
VII	619	15	290	210	70	34
VIII	856	21	271	376	101	87
IX	554	21	119	316	79	19
X	539	17	142	201	115	64
XI	545	19	123	304	41	58
ആകെ	**7595**	**177**	**2453**	**3661**	**775**	**529**

IRDP സർവ്വെപ്രകാരം പുതുപ്പള്ളി പഞ്ചായത്തിൽ 3049 കുടുംബങ്ങളാണ് ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്നവർ. ഇതിൽ വാസയോഗ്യമായ വീടില്ലാത്തവരുടെ എണ്ണം 621 ആണ്. എല്ലാ ഭവനരഹിതർക്കും വീട് നിർമ്മിച്ചുകൊടുക്കുക എന്നതായിരിക്കണം ലക്ഷ്യം ഇതിന് മതിയായ വായ്പാ സൗകര്യങ്ങൾ ഏർ കുറഞ്ഞതും ഈടുറ്റതുമായ നിർമ്മാണരീതിക്ക് വേണ്ട ത്ര പ്രചാരം കിട്ടിയിട്ടില്ല. കെട്ടിട നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുകയും വിറ്റഴിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങൾ ഉണ്ടെങ്കിലും സീസണായാൽ ഇവയുടെ ലഭ്യത തീരെ കുറയുന്നു. അടിക്കടിയുള്ള വിലവർദ്ധന,

ദാരിദ്ര്യരേഖക്ക് താഴെയുള്ള ഭവനരഹിതരെ സംബന്ധിച്ച വിവരം.
1996-ലെ സമ്പൂർണ്ണ ഭവന-ശുചിത്യ സർവ്വെയിൽനിന്ന്

വാർഡ് നമ്പർ	സ്ഥലമുണ്ടായിട്ടും വീടില്ലാത്ത കുടുംബങ്ങൾ			വീട് വയ്ക്കുവാൻ സ്വന്തമായി സ്ഥലമില്ലാത്തവരും പുറമ്പോക്കിൽ താമസിക്കുന്നവരുമായ കുടുംബങ്ങൾ			ആകെ വീട് വേണ്ടവർ		
	SC/ST	മറ്റുള്ളവർ	ആകെ	SC/ST	മറ്റുള്ളവർ	ആകെ	SC/ST	മറ്റുള്ളവർ	ആകെ
I	-	68	68	-	13	13	-	81	81
II	3	105	108	1	10	11	4	115	119
III	1	69	70	-	3	3	1	72	73
IV	4	30	34	6	10	16	10	40	50
V	5	22	27	-	7	7	5	29	34
VI	5	64	69	-	20	20	5	84	89
VII	5	31	36	-	-	-	5	31	36
VIII	2	27	29	-	1	1	2	28	30
IX	1	43	44	-	9	9	1	52	53
X	-	23	23	1	7	8	1	30	31
XI	2	23	25	-	-	-	2	23	25
ആകെ	**28**	**505**	**533**	**8**	**80**	**88**	**36**	**585**	**621**

പ്പെടുത്താൻ കഴിയണം. വിവിധ ഹൗസിംഗ് സൊസൈറ്റികളും മറ്റു ധനകാര്യ സ്ഥാപനങ്ങളും ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെ സേവനം തീർത്തും അപര്യാപ്തമാണ്. പഞ്ചായത്തിൽ മാത്രം പ്രവർത്തിക്കുന്ന ഭവന നിർമ്മാണ സഹകരണ സംഘങ്ങളെപ്പറ്റി ചിന്തിക്കേണ്ടതുണ്ട്.

പഞ്ചായത്തിൽ ലക്ഷം വീട് കോളനികൾ 5 എണ്ണമുണ്ട്. 2 സെറ്റിൽമെൻറ് കോളനികളും ഉണ്ട്. കൂടാതെ ദുർബ്ബല വിഭാഗക്കാർ തിങ്ങിപ്പാർക്കുന്ന ചില പ്രദേശങ്ങളുമുണ്ട്. അറ്റകുറ്റപ്പണികൾ നടത്തേണ്ടവയും, പുതുതായി നിർമ്മിക്കേണ്ടതുമായ വീടുകൾ ഇവിടെ ധാരാളമുണ്ട്.

വളരെയധികം പണം ദുർവ്യയം ചെയ്തുകൊണ്ടുള്ള കെട്ടിട നിർമ്മാണരീതി അടുത്തകാലത്തായി വ്യാപകമായി ക്കൊണ്ടിരിക്കുകയാണ്. ചെലവ് പരിചയ സമ്പന്നരായ മേസ്തിരിമാരുടെയും മറ്റും അഭാവം എന്നിവയുണ്ട്. കെട്ടിട നിർമ്മാണരംഗത്ത് പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണം മുമ്പുണ്ടായിരുന്നതിലും വർദ്ധിച്ചിട്ടുണ്ട്. കൂടുതലും അന്യസംസ്ഥാനത്ത് നിന്നുള്ളവരാണ്. വിദഗ്ധ തൊഴിലാളിക്ക് 150 രൂപ വരെയും അവിദഗ്ധ തൊഴിലാളിക്ക്100 രൂപയുമാണ് സാധാരണ ലഭിക്കുന്ന വേതനം. ചുമട് മുതലായ പണികളിൽ ഏർപ്പെടുന്ന സ്ത്രീ തൊഴിലാളിക്ക് 80 രൂപയാണ് പ്രതിദിന കൂലി. കരാർ വ്യവസ്ഥയിൽ വീടുകൾ നിർമ്മിക്കുന്നവരുടെയെണ്ണം വർദ്ധിച്ചുവരികയാണ്.

ദുർബ്ബല വിഭാഗങ്ങളിൽപ്പെട്ടവർക്കും സൗജന്യമായി വീട് വച്ചു കൊടുക്കുന്ന വിവിധ സർക്കാർ പദ്ധതികളിലായി ഇതുവരെ 128 വീടുകൾ നിർമ്മിച്ചു കൊടുത്തിട്ടുണ്ട്.

പാർപ്പിട നിർമ്മാണ രംഗത്തുള്ള പ്രധാന പ്രശ്നങ്ങൾ താഴെപ്പറയുന്നവയാണ്.

- പഞ്ചായത്തിൽ വാസയോഗ്യമായ വീടുകളില്ലാത്തവർ ധാരാളമുണ്ട്. ഇവരിൽ തന്നെ ദുർബ്ബലവരുമാനക്കാരും പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവരുമുണ്ട്.
- റോഡ് പുറമ്പോക്കിലും മറ്റും അധിവസിക്കുന്നവരും സ്വന്തമായി സ്ഥലം ഇല്ലാത്തവരുമായ കുടുംബങ്ങളുമുണ്ട്. ഇവർക്ക് വീടുകളുണ്ടാവണം.
- ചെലവ് കുറഞ്ഞ ഭവനനിർമ്മാണ സങ്കേതങ്ങളെപ്പറ്റിയുള്ള അജ്ഞതയും ഇത് വ്യാപകമാക്കുന്നതിനുള്ള സംവിധാനങ്ങളുടെ ഇല്ലായ്മയും
- വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ കുറവ്
- നിലവിലുള്ള കേളനികളുടെ ശോച്യാവസ്ഥ
- ചെലവം കുറഞ്ഞ ഭവന നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം.
- ഭവന നിർമ്മാണ വായ്പകൾ ലഭിക്കുന്നതിന് നിരവധി ബദ്ധിമുട്ടുകൾ നേരിടുന്നു.

ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന പ്രധാന നിർദ്ദേശങ്ങളും സാധ്യതകളും.

- പുറമ്പോക്ക് വാസികളെയും സ്വന്തമായി സ്ഥലമില്ലാത്ത മറ്റുള്ളവരെയും പുനരധിവസിപ്പിക്കുന്നതിന് ഒന്നോരണ്ടോ കോളനികൾ സ്ഥാപക്കുക. ഇവിടെ ദുർബ്ബലവിഭാഗക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതിപ്രകാരം സൗജന്യമായി വീട് നിർമ്മിക്കുവാനും ഇതര പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുവാനും പദ്ധതി തയ്യാറാക്കണം. ഒമ്പതാം വാർഡിൽ കോളനി സ്ഥാപിക്കുന്നതിനുള്ള സ്ഥലം ലഭ്യമാണ്.
- പഞ്ചായത്തിൽ ഒരു ഭവന നിർമ്മാണ സൊസൈറ്റി രൂപീകരിക്കുക. സ്വന്തമായി ഭൂമിയിള്ളവർക്ക് ഭവന നിർമ്മാണത്തിന് ലളിതമായ വ്യവസ്ഥകളിലൂടെ ദീർഘകാല വായ്പകൾ വേഗത്തിൽ ലഭിക്കുന്നതിന് പരിപാടികൾ ഉണ്ടാകണം.
- ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ രീതികളെപ്പറ്റി വ്യാപകരമായ പ്രചരമവും ബോധവൽക്കരണവും നടത്തുക.
- ഇത്തരം നിർമ്മാണരീതികളെപ്പറ്റി കെട്ടിട നിർമ്മാണത്തൊഴിലാളികൾക്ക് വിദഗ്ധ പരിശീലനം നൽകണം.
- കൂടുതൽ പണം ചെലവ് ചെയ്ത് ആർഭാടകരമായി കെട്ടിടം നിർമ്മിക്കുന്നത് നിരുത്സാഹപ്പെടുത്തുവാൻ പ്രത്യക്ഷമായും പരോക്ഷമായും ഉള്ള നടപടികൾ ഉണ്ടാകണം.
- ജീർണ്ണാവസ്ഥയിലുള്ള വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സാമ്പത്തികസഹായം ഉൾപ്പെടെയുള്ള വായ്പാ പദ്ധതികൾ.
- കെട്ടിട നിർമ്മാണസാമഗ്രികളുടെ ഉൽപാദനത്തിനും വിതരണത്തിനും ഉള്ള സംവിധാനങ്ങൾ.

സാമൂഹ്യക്ഷേമം

പുതുപ്പള്ളി പഞ്ചായത്തിലെ ആകെയുള്ള കുടുംബങ്ങളിൽ 40%വും ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്നവരാണ്. ഇതിൽ കർഷക തൊഴിലാളി കുടുംബങ്ങൾ 1424 ഉം കാർഷികേതര മേഖലയിൽ വരുന്ന തൊഴിലാളി കുടുംബങ്ങൾ 1217 ഉം ആണ്. ഗ്രാമീണ കൈപ്പണിക്കാരായ 215 കുടുംബങ്ങളും 193 ചെറുകിട പരിമിത കർഷ കുടുംബങ്ങളും ദരിദ്രവിഭാഗത്തിൽപ്പെടുന്നു.

ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിന്നും പ്രാദേശികമായി നടത്തിയ ചെറുപഠനങ്ങളിൽ നിന്നും വെളിവാ

ഐ.ആർ.ഡി.പി. സഹായം ലഭിച്ച കുടുംബങ്ങൾ

വർഷം	സഹായം ലഭിച്ച കുടുംബങ്ങൾ	വായ്പ (ലക്ഷം)	സഹായ (ലക്ഷം)	ഇതിൽ പട്ടിക ജാതി/വർഗ്ഗ കുടുംബങ്ങൾ	വനിത	വികലാംഗർ
1992-93	41	0.90	1.34	13	24	-
1993-94	67	1.21	2.56	5	41	1
1994-95	30	1.14	2.96	5	18	2
1995-96	28	1.13	3.49	10	13	-
ആകെ	166	4.38	10.35	33	96	3

കുന്നത് ഈ ദരിദ്ര ജനവിഭാഗങ്ങളുടെ ഇടയിൽ 60 ശതമാനത്തോളവും ഏതെങ്കിലും തരത്തിലുള്ള കട ബാധ്യതകളിൽ കുടുങ്ങിക്കിടക്കുന്നവരാണെന്നാണ്. പ്രാദേശിക പണമിടപാടുകാരിൽ നിന്നും കൊള്ളപ്പലിശക്ക് പമം കടം വാങ്ങി വിവാഹം, ആശുപത്രിച്ചെലവ്, വിദ്യാഭ്യാസം തുടങ്ങിയ ആവശ്യങ്ങൾ നിറവേറ്റുന്നുണ്ട്. ഇത് വരുമാനത്തിന്റെ നല്ല പങ്കം പലിശയിനത്തിൽ നഷ്ടപ്പെടാൻ ഇടയാകുക്കുന്നുണ്ട്. സമ്പാദ്യശീലം ഉള്ളവരുടെ എമ്മം താരതമ്യേന കുറവാണ്.

പ്രധാന ദാരിദ്രനിർമ്മാർജ്ജന പരിപാടിയായ ഐ.ആർ.ഡി.പി.യിൽ 1992 മുതൽ 96 വരെയുള്ള കാലയളവിൽ 166 കുടുംബങ്ങളെ സഹായിച്ചിട്ടുണ്ട്. 4.38 ലക്ഷം രൂപ സഹായധനമായും 10.35 ലക്ഷം രൂപ വായ്പയായും ഈ ഇനത്തിൽ ചെലവഴിച്ചു. പദ്ധതി തെരഞ്ഞെടുക്കുന്നതിലെ അപാകതകളും, മാനേജ്മെൻറിലെ പോരായ്മകളും മതിയായ വായ്പാതുക കിട്ടാത്തതിരിക്കുക തുടങ്ങി നിരവധി കാരണങ്ങളാലും ഐ.ആർ.ഡി.പി. സംരംഭങ്ങൾ പരാജയങ്ങളായി മാറുന്നുണ്ട്.

8-ാം പദ്ധതിക്കാലയളവിൽ ഇതുവരെ 36 പേർക്ക് ട്രൈസം പരിപാടിയിൽ വിവിധ ട്രേഡുകളിലായി പരിശീലനം നൽകിയിട്ടുണ്ട്. ഇതിൽ 7 പേർ സ്വയം തൊഴിൽ കണ്ടെത്തുകയുണ്ടായി. 12 പേർ മറ്റ് തൊഴിലുകളിൽ ഏർപ്പെടുന്നു. ഇനിയും ഒരു തൊഴിലിലും ഏർപ്പെടാത്തവരായി 17 പേർ ഉണ്ട്. ഇവരെ അതാത് മേഖലകളിൽ തൊഴിലിൽ ഏർപ്പെടുത്തേണ്ടതുണ്ട്.

93-94, 94-95 വർഷങ്ങളിലായി 3 DWCRA യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. രണ്ട് പശുവളർത്തൽ യൂണിറ്റുകളും ഒരു റെഡിമെയ്ഡ് യൂണിറ്റും ആണ് പ്രവർത്തിച്ചുവരുന്നത്. 30 വനിതകൾക്ക് ഇതിലൂടെ പ്രയോജനം ലഭിക്കുന്നുണ്ട്. ഈ മൂന്ന് യൂണിറ്റുകളും ഇപ്പോൾ പ്രവർത്തനം നടത്തുന്നുണ്ട് എന്നല്ലാതെ കൂടുതൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

ദുർബ്ബല വിഭാഗങ്ങൾക്ക് അനുവദിക്കുന്ന ക്ഷേമ പദ്ധതികളിൽ പലതും പുതുപ്പള്ളി പഞ്ചായത്തിൽ നടപ്പിലാക്കുന്നുണ്ട്. 95-96 വർഷത്തിലെ കണക്കുകളനുസരിച്ച് 70 പേർക്ക് വിധവാ പെൻഷൻ ലഭിക്കുന്നുണ്ട്. വികലാംഗ പെൻഷൻ 79 പേർക്കും വാർധക്യകാല പെൻഷൻ 51 പേർക്കും 2 പേർക്ക് ക്ഷയരോഗികൾക്കുള്ള പെൻഷനും ലഭിക്കുന്നുണ്ട്. അർഹരായ പലർക്കും ഇനിയും വിവിധ തരത്തിലുള്ള പെൻഷനുകൾ ലഭിക്കേണ്ടതുണ്ട്. പെൻഷനുകൾ സമയാസമയങ്ങളിൽ കിട്ടുന്നില്ല എന്നത് ഒരു വലിയ പോരായ്മയാണ്. വൃദ്ധമന്ദിരം പഞ്ചായത്തിന് നിർമ്മിക്കുക.

ഇവിടെ 3 ബാലവാടികളും 7 മഹിളാ സമാജങ്ങളും പ്രവർത്തിക്കുന്നുണ്ട്. പശ്ചാത്തല സൗകര്യങ്ങളുടെ പോരായ്മകൾ ഇവക്കുണ്ട്. പോഷകാഹാരവിതരണം ഇപ്പോൾ നടക്കുന്നില്ല. മഹിളാസമാജങ്ങളുടെ പ്രവർത്തനം മാതൃകാപരമല്ല. സാമൂഹിക ക്ഷേമ രംഗത്ത് മറ്റു സ്ഥാപനങ്ങൾക്കൊപ്പം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും കുറവല്ല. അസ്സീസി നോമിനേഷ്യേറ്റ് റബ്ബർ ബോർഡ്, സവിനാമം റബ്ബർ ബോർഡ്, സോട്ടേഴ്സ് സെൻറ് കമിലാസ്, മഡോണസ്റ്റഡി ഹൗസ്, ബദേസ്ഥവെന്നിമല എന്നിവ ഈ രംഗത്ത് സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുന്നു.

വികലാംഗരെ സംബന്ധിച്ച വിവരങ്ങൾ

	5വയസ്സിൽ താഴെ	5നും 10നും ഇടയിൽ	10-18	18-25	25-45	45-60	60ന് മേൽ	ആകെ
പു:	1	7	28	18	38	12	8	112
സ്ത്രീ	-	6	16	12	19	11	4	68
ആകെ	1	13	44	30	57	33	12	180

ഈ രംഗത്തുള്ള പ്രധാനപ്രശ്നങ്ങൾ

- ഒരു വർഷം ശരാശരി 30-35 കുടുംബങ്ങൾക്ക് മാത്രമെ ഐ.ആർ.ഡി.പി. പദ്ധതിയിൽ സഹായം ലഭിക്കുന്നുള്ളു. ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ ഒരു ശതമാനം മാത്രമെയുള്ളു ഇത്. പദ്ധതി നടത്തിപ്പിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ഗുണപരമായ മേന്മ നഷ്ടപ്പെടുത്തുന്നു.
- അർഹരായ പലർക്കും പെൻഷൻ മറ്റു ആനുകൂല്യ

ങ്ങൾ ഇവ കിട്ടുന്നില്ല.

- സാമൂഹ്യക്ഷേമ പദ്ധതികളെപ്പറ്റി അതിന് അർഹതയുള്ള ആളുകൾ അറിയുന്നില്ല.
- ആനുകൂല്യങ്ങൾ അനുവദിച്ചുകിട്ടുന്നതിൽ കാലതാമസം ഉണ്ട്.
- സാമൂഹ്യമായ പിന്നോക്കാവസ്ഥയിലുള്ള ആളുകളെ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ ശരിയായി നടപ്പാക്കപ്പെടുന്നില്ല.
- മഹിളാസമാജങ്ങൾ കുറവാണ്. ഉള്ളവ ശരിയായി പ്രവർത്തിക്കുന്നില്ല.

സാധ്യതകൾ

- സാമൂഹ്യ സാമ്പത്തിക സർവ്വെ നടത്തി വിവിധ ക്ഷേമ പദ്ധതികൾക്ക് അർഹരായവരെ കണ്ടെത്തി അവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ജനകീയ പങ്കാളിത്തത്തോടെയുള്ള കർമ്മ പരിപാടി നടപ്പാക്കുക.
- മഹിളാ സമാജങ്ങൾ രൂപീകരിക്കുവാനും ഉള്ളവയെ കൂടുതൽ സജീവമാക്കുകയും ചെയ്യുക.
- DWCRA യൂണിറ്റുകളുടെ രൂപീകരണവും തൊഴിലവസരങ്ങളും സൃഷ്ടിയും. സ്വയം സഹായ ഗ്രൂപ്പുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുക.
- വികലാംഗർക്ക് തൊഴിൽ പരിശീലനവും തൊഴിലവസരങ്ങൾ സൃഷ്ടിക്കലും അംഗവൈകല്യമുള്ളവർക്ക് സഹായകരമായ വിവിധ ഉപകരണങ്ങൾ സൗജന്യമായി കിട്ടുന്നതിന് ഉള്ള പരിപാടികൾ.
- വിവിധ ക്ഷേമ പദ്ധതികളെപ്പറ്റി ബോധവൽകരണ പരിപാടികൾ.
- സമ്പാദ്യശീലം വളർത്തുന്നതിന് പ്രത്യേകം ഊന്നൽ നൽകികൊണ്ടുള്ള പരിപാടികൾ.
- തൊഴിൽ വികസന സാധ്യതയുള്ള മേഖലകൾ കണ്ടെത്തി ആ രംഗങ്ങളിൽ മാത്രമായി ട്രൈസം പരിശീലനം നടത്തുക. പരിശീലനാനന്തരം തൊഴിലിൽ ഏർപ്പെടുന്നത് ഉറപ്പുവരുത്തുക.
- വാർദ്ധക്യകാലത്ത് വിവിധ കാരണങ്ങളാൽ ഒറ്റപ്പെടുന്നവരെ സംരക്ഷിക്കുന്നതിന് വൃദ്ധസദനങ്ങൾ ഉണ്ടാകണം.

4.8 സംസ്കാരം

എന്തുകൊണ്ടും അഭിമാനിക്കത്തക്ക ഒരു സാംസ്കാരിക പാരമ്പര്യം ഉള്ളതാണ് നമ്മുടെ പഞ്ചായത്ത്. ഈ നൂറ്റാണ്ടിന്റെ മധ്യകാലഘട്ടത്തോടുകൂടി സ്ഥാപിതമായ ഗ്രന്ഥശാലകൾ നാടിന്റെ സാംസ്കാരിക ഉന്നതിക്കായി ഗണ്യമായ പങ്ക് വഹിച്ചിട്ടുണ്ട്. ദേശീയ പ്രസ്ഥാനങ്ങളും വിപ്ലവ പ്രസ്ഥാനങ്ങളും സാംസ്കാരിക രംഗത്ത് കാര്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. യുവജന പ്രസ്ഥാനങ്ങളും വിദ്യാർത്ഥി പ്രസ്ഥാനങ്ങളും നിലവിലുള്ള യാഥാസ്ഥിതിക വ്യവസ്ഥിതികൾക്കെതിരെ സങ്കുചിത വിഭാഗീയ ചിന്താഗതികൾക്കെതിരെയും പ്രതികരിക്കുന്നുണ്ട്.

നമ്മുടെ പഞ്ചായത്ത് വിവിധ സാമുദായിക സംഘടനകളുടെ സംഗമഭൂമിയാണ്. ക്രിസ്ത്യൻ മതവിഭാഗങ്ങളും ഹിന്ദു മതവിഭാഗങ്ങളുമാണ് പഞ്ചായത്തിൽ ഉള്ളത്. ആരാധനാലയങ്ങളിൽ പ്രധാനപ്പെട്ടത് ഗിവറുഗീസ് സഹദായുടെ നാമത്തിലുള്ള പുതുപ്പള്ളി വലിയ പള്ളിയും, വെന്നിമല ശ്രീരാമലക്ഷമണ ക്ഷേത്രവും ആണ്. മേടപൂരം, ശിവരാത്രി, പത്താമുദയം, തുടങ്ങിയവ പ്രധാന ഉത്സവങ്ങളും പെരുനാളുകളിൽ പ്രധാനം പുതുപ്പള്ളി വലിയ പള്ളിയിലെ പെരുനാളുമാണ്. പഞ്ചായത്തിൽ 22 ക്രിസ്ത്യൻ ദേവാലയങ്ങളും, 13 ക്ഷേത്രങ്ങളും കൂടാതെ എസ്.എൻ.ഡി.പി, എൻ.എസ്.എസ്, വി.എസ്.എസ് തുടങ്ങിയ സാമുദായിക സംഘടനകളും ഉണ്ട്. ഉത്സവങ്ങളിലും പെരുനാളുകളിലും പഞ്ചായത്തിലെ ജനങ്ങൾ സാമുദായിക ഭേദമന്യേ പങ്കെടുക്കുന്നു.

വിദ്യാഭ്യാസപരമായും സാംസ്കാരികമായും ഉന്നത നിലവാരത്തിൽ എത്തിച്ചേരുവാൻ സാധിച്ചതിനാൽ വർഗ്ഗീയതയെ ചെറുക്കുവാനും സവർണ്ണ മേധാവിത്വം തീണ്ടൽ, തൊടീൽ, തുടങ്ങിയ അനാചാരങ്ങൾ തുടച്ചു നീക്കുവാനും സാധിച്ചു.

കാഞ്ഞിരത്തുംമൂട് വൈ.എം.സി.എ ലൈബ്രറി, തോട്ടയ്ക്കാട് പബ്ലിക് ലൈബ്രറി, പരിയാരം പബ്ലിക് ലൈബ്രറി, എറികാട് നാഷണൽ ലൈബ്രറി, ഇരവിനല്ലൂർ പബ്ലിക് ലൈബ്രറി, തുടങ്ങിയ സ്ഥാപനങ്ങൾ നാടിന്റെ സാംസ്കാരിക രംഗത്ത് നിർണ്ണായക സ്വാധീനം ചെലുത്തുന്നുണ്ട്. ഈ സ്ഥാപനങ്ങൾക്കെല്ലാം സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്. സ്ഥാപനങ്ങൾക്ക് പഞ്ചായത്തിൽ നിന്നും, ഗവർമെൻറിൽ നിന്നും ഗ്രാൻറും ലഭിക്കുന്നുണ്ട്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സാംസ്കാരീക നിലയമാണ് തോട്ടയ്ക്കാട് പബ്ലിക് ലൈബ്രറി. കൂടാതെ സുകൂളുകളോടനുബന്ധിച്ചുള്ള ലൈബ്രറികളും ഉണ്ട്.

പഞ്ചായത്തിന്റെ ചരിത്ര സാംസ്കാരിക പശ്ചാത്തലം വിവരിക്കുന്ന സുവനീറുകൾ ഉണ്ടായിട്ടുണ്ട്. പുതുപ്പള്ളി വെടിവെയ്പ്പിന്റെ 50-ാം വാർഷികത്തോടനുബന്ധിച്ച് 1986-ൽ പഞ്ചായത്ത് പ്രസിദ്ധികരിച്ച സുവനീറും കാഞ്ഞിരത്തിൻ മൂട് വൈ.എം.സി.എ യുടെ 50-ാം വാർഷികത്തോടനുബന്ധിച്ച് 1995-ൽ ഒരു സ്മരണിക പുറത്തിറക്കിയിട്ടുണ്ട്. വിവിധ മതവിഭാഗങ്ങൾ പ്രസിദ്ധീകരിച്ച സുവനീറുകൾ ഒഴിച്ചാൽ മറ്റു പ്രാദേശിക സാംസ്കാരിക പ്രസിദ്ധീകരമങ്ങൾ ഒന്നും തന്നെയില്ല.

പഞ്ചായത്തിൽ 15 ക്ലബുകളും കുറെ വൈ.എം.സി.എകളും പൗരസമിതികളും, മഹിളാ സമാജങ്ങളും സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും പല സംഘടനകളുടെയും പ്രവർത്തനം തൃപ്തികരമല്ല. നമ്മുടെ പഞ്ചായത്തിൽ തനതു കലാരൂപങ്ങൾ ഒന്നുംതന്നെയില്ല. പ്രൊഫഷണൽ നാടക സമിതികൾ ഇല്ല മറ്റു ഇതര കലാസമിതികൾ ഉണ്ടങ്കിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഇത് കലാപരമായ പ്രോത്സാഹനത്തിന്റെ കുറവിനെയാണ് ചൂണ്ടികാണിക്കുന്നത്.

നമ്മുടെ പഞ്ചായത്തിലെ വാർത്താ മാധ്യമങ്ങളിൽ പ്രധാനം പത്രമാണ്. ഏതാണ്ട് 75% ത്തോളം ആളുകൾ പത്രം വായിയ്ക്കുന്നവരാണ്. ദൃശ്യമാധ്യമമായ ടി.വിയുടെ സ്വാധീനം വായനശീലം കുറയ്ക്കുവാൻ പ്രധാന കാരണമായിട്ടുണ്ട്. 20% ത്തോളം കുടുംബങ്ങൾക്ക് സ്വന്തമായി ടി.വി ഉണ്ട്. പഞ്ചായത്തിൽ 5 കേബിൾ ടി.വി യൂണിറ്റുണ്ട്. ദൃശ്യമാധ്യമങ്ങളുടെ വ്യാപനം ഗുണത്തെക്കാളേറെ ദോഷമാണ് ഉണ്ടാക്കുന്നത്. രണ്ടു സിനിമാ ശാലകൾ ഉള്ളതിൽ ഒന്ന് അടഞ്ഞുകിടക്കുയാണ്. അശ്ലീല സിനിമകൾ പോസ്റ്ററുകൾ, പുസ്തകങ്ങൾ, മദ്യം മയക്കുമരുന്ന് തുടങ്ങിയ ഘടകങ്ങൾ യുവതലമുറയെ വഴിതെറ്റിക്കുന്നുണ്ട്.

കായിക വിനോദരംഗത്ത് നാടൻ പന്തുകളിക്ക് പ്രമുഖ സ്ഥാനമാണ് നമ്മുടെ ഇടയിൽ ഉണ്ടായിരുന്നത്. എന്നാൽ ഈ കായിക വിനോദത്തിന് വേണ്ടത്ര പ്രോത്സാഹനം ലഭിക്കാത്തതുകൊണ്ട് നാട്ടിൽ

നിന്നും അപ്രത്യക്ഷമായികൊണ്ടിരിക്കുന്നു. കായികരംഗത്തെ മുരടിപ്പിനു കാരണം പൊതു കളിസ്ഥലങ്ങളുടെ അപര്യാപ്തതയാണ്.

പ്രശ്നങ്ങൾ

1. വേണ്ത്ര സാംസ്കാരിക നിലയങ്ങളുടെ കുറവ്
2. വായനശാലകളുടെയും, ഗ്രന്ഥശാലകളുടെയും കുറവും പ്രവർത്തനക്ഷമത ഇല്ലായ്മയും.
3. സന്നദ്ധ സംഘടന കൾക്കുള്ള അംഗീകാരത്തിന്റേയും സഹായത്തിന്റേയും അപര്യാപ്തത.
4. കളിസ്ഥലങ്ങളുടെ അഭാവം
5. കലാകായിക പരിശീലന കേന്ദ്രത്തിന്റെ അഭാവവും പ്രോത്സാഹന കുറവും.
6. കുറഞ്ഞു വരുന്ന വായനാശീലം.
7. അശ്ലീ സിനിമ, പോസ്റ്റർ, പുസ്കങ്ങൾ എന്നിവയുടെ വ്യാപനം
8. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അധിപ്രസരം
9. സാംസ്കാരിക വേദികളിൽ സ്ത്രീകളുടെ പങ്കാളിത്ത കുറവ്.

സാധ്യതകൾ

1. നിലവിലുള്ള ലൈബ്രറികളുടെ വായന ശാലകളുടേയും പ്രവർത്തനം ഊർജ്ജിതമാക്കാൻ ജനകീയ കമ്മറ്റികൾ രൂപീകരിക്കുക.
2. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സാംസ്കാരിക ബോധം വളർത്തിയെടുക്കുന്നതിനു വേണ്ടി വാർഡുകളിലുള്ള സാംസ്കാരിക സംഘടനകളെ ഏകോപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും പഞ്ചായത്തു തലത്തിൽ ഒരു സാംസ്കാരിക സമിതി രൂപീകരിക്കുക.
3. അശ്ലീല സിനിമ, പോസ്റ്ററുകൾ, പുസ്തകങ്ങൾ എന്നിവയുടെ വ്യാപനം തടയാൻ വാർഡുതലങ്ങളിൽ ജനകീയ കമ്മറ്റികൾ രൂപീകരിക്കുക.
4. മദ്യം, മയക്കുമരുന്ന് തുടങ്ങിയ സാമൂഹ്യ വിപത്തിനെതിരെ ജനമുന്നേറ്റം സംഘടിപ്പിക്കുക.
5. ബോയ്സ് ഹൈസ്കൂൾ മൈതാനം അറ്റകുറ്റ പണികൾ തീർത്ത് സ്റ്റേഡിയമാക്കുക.

4.9 വനിത

ഏതൊരു ജനതയും സാമൂഹികമായും സാമ്പത്തികമായും സാംസ്കാരികമായും ഔന്നത്യത്തിൽ എത്തണമെങ്കിൽ അവിടത്തെ സ്ത്രീകൾക്ക് സമൂഹത്തിൽ മാന്യമായ സ്ഥാനം ഉണ്ടായിരിക്കണം. ഒരു കാലത്ത് ഭാരതത്തിൽ സ്ത്രീകൾ വളരെയധികം ആദരിക്കപ്പെട്ടിരുന്നു. എന്നാൽ കാലം കഴിയുന്തോറും ഈ അവസ്ഥ യ്ക്ക് മാറ്റം ഉണ്ടാവുകയും ഇന്ന് സാമൂഹ്യ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും സ്ത്രീകൾ പിൻതള്ളപ്പെടുകയും ചെയ്യുന്നു. രാജ്യത്തെ ജനസംഖ്യയുടെ പകുതിയോളം വരുന്ന സ്ത്രീയുടെ ഉന്നമനം സാധ്യമാവുന്നില്ലയെങ്കിൽ നമ്മുടെ നാടിന്റെ വികസനം രിക്കലും പൂർണ്ണമാവുകയില്ല. അതുകൊണ്ടുതന്നെ ജനപങ്കാളിത്തത്തോടെ ഒമ്പതാം പദ്ധതിക്ക് രൂപം കൊടുക്കുമ്പോൾ ഇവിടത്തെ സ്ത്രീകളെ സാമൂഹികമായും, സാംസ്കാരികമായും, വിദ്യാഭ്യാസപരമായും ഭരണപരമായും തൊഴിൽ പരമായും ആരോഗ്യപരമായും മുൻപന്തിയിൽ എത്തിക്കുക എന്നുള്ളതായിരിക്കണം നമ്മുടെ ഒരു ലക്ഷ്യം.

പൊതുവെ സ്ത്രീകൾക്ക് ദൈനംദിന ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നങ്ങളെ അടിസ്ഥാനമാക്കി ഗ്രാമസഭകളിൽ നടന്ന ചർച്ചകളെ മൊത്തത്തിൽ താഴെ പറയുന്നതരത്തിൽ സംഗ്രഹിക്കാം.

പുതുപ്പള്ളി പഞ്ചായത്തിന്റെ ആകെ ജനസംഖ്യ 27701 ആണ്. ഇതിൽ 14104 സ്ത്രീകൾ ഉണ്ട്. ഇത് ജനസംഖ്യയുടെ 50.91% ആണ്. 98% പുരുഷന്മാരും 96% സ്ത്രീകളും സാക്ഷരരാണ്. ഔപചാരിക വിദ്യാഭ്യാസരംഗത്ത് എടുത്തു പറയത്തക്ക സ്ത്രീപുരുഷ അന്തരം ഇല്ല.

എല്ലാതൊഴിൽ മേഖലയിലും സ്ത്രീകൾ പണിയെടുക്കുന്നുണ്ടെങ്കിലും പുരുഷന്മാരെ അപേക്ഷിച്ച് അവരുടെ സംഖ്യകുറവാണ്. സ്ത്രീകൾ പ്രധാനമായും കാർഷിക മേഖല, കെട്ടിട നിർമ്മാണ, ചെറുകിട വ്യവസായമേഖല എന്നിവയിലാണ് പമിയെടുക്കുന്നതെങ്കിലും സേവന മേഖലയിലും അവരുടെ സാന്നിദ്ധ്യം പ്രകടമാണ്. കാർഷിക മേഖലയിലും ചെറുകിട വ്യവസായമേഖലയിലും സ്ത്രീകൾക്ക് പുരുന്മാരോടൊപ്പം കൂലി ലഭിക്കുന്നില്ല. വേതനത്തിന്റെ കാര്യത്തിൽ മാത്രമല്ല സാമൂഹ്യജീവിതത്തിന്റെ എല്ലാ തുറകളിലും സ്ത്രീ പുരുഷ വിവേചനം അനുഭവപ്പെടുന്നുണ്ട്.

50% വരുന്ന വീട്ടമ്മമാരും ഗാർഹികവ്യത്തിക്കു പുറമെ ആടുമാടുവളർത്തൽ കോഴിവളർത്തൽ തുടങ്ങിയ പണികളും ചെയ്യുന്നുണ്ട്. പഞ്ചായത്തിലെ ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള 22% കുടുംബങ്ങൾ സ്ത്രീകളാണ് നിയന്ത്രിക്കുന്നത്

ഇവിടെ 3 ഡി ഡബ്ലു സി ആർ എ യുണിറ്റുകൾ ഉണ്ട്. അവയുടെ പ്രവർത്തനം തൃപ്തികരമായി നടക്കുന്നു. ധാരാളം മഹിളാ സമാജങ്ങൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും വേണ്ടരീതിയിലുള്ള ഉപദേശങ്ങളും പ്രോത്സാഹനങ്ങളും കിട്ടാത്തതിനാൽ പലതിന്റെയും പ്രവർത്തനം മന്ദീഭവിച്ചു കിടക്കുന്നു. മൂന്ന് ബാലവാടികൾ ഉണ്ടെങ്കിലും അങ്കനവാടികൾ ഇല്ല.

ചാരായനിരോധനം നടപ്പിലാക്കി കഴിഞ്ഞുവെങ്കിലും മദ്യപാനം മൂലം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ധാരാളം സ്ത്രീകൾ ഇവിടെയുണ്ട്. ഇതിന് പരിഹാരം കാണാണമെങ്കിൽ സമ്പൂർണ്ണ മദ്യനിരോധനം ഉണ്ടായെങ്കിലേ കഴിയൂ. സ്ത്രീകൾ മറ്റു പലതരത്തിലും ശാരീരികമായും മാനസികമായും പീഡിപ്പിക്കപ്പെടുന്നുണ്ട്. സ്ത്രീധന സമ്പ്രദായത്തിന്റെ ദോഷഫലങ്ങൾ പ്രകടമായി അനുഭവപ്പെടുന്നുണ്ട്.

പഞ്ചായത്തിരാജ് നടപ്പിലാക്കിയപ്പോൾ നിയമത്തിന്റെ ആനുകൂല്യം കൊണ്ട് കുറച്ചുപേർക്ക് വിവിധ പഞ്ചായത്തുകളിലേക്ക് തെരഞ്ഞെടുക്കപ്പെടുവാൻ അവസരമുണ്ടായിയെന്നതൊഴിച്ചാൽ പൊതുരംഗത്തേക്ക് കടന്നു വരുന്ന സ്ത്രീകളുടെ എണ്ണം കേരളത്തിലെ മറ്റെല്ലാ സ്ഥലങ്ങളിലേയും പോലെതന്നെ പുതുപ്പള്ളി പഞ്ചായത്തിലും വളരെ കുറവാണ്. ഇവിടെയുള്ള സംഘടനകളിൽ സ്ത്രീകളുടെ നേതൃത്വം ഇല്ലന്നുതന്നെ പറയാം. ബഹുജന സംഘടനകളിലെ സ്ത്രീ പങ്കാളിത്തവും വളരെ കുറവാണ്. പൊതുരംഗത്തേക്ക് സ്ത്രീകൾ കടന്നു വരാതിരിക്കുന്നതിന്റെ പ്രധാന കാരണം നാട്ടിൽ നിലനിൽക്കുന്ന സാമൂഹ്യ പശ്ചാത്തലമാണ്.

പ്രശ്നങ്ങൾ

- തൊഴിലില്ലായ്മ
- പലതരത്തിലുള്ള വിവേചനങ്ങൾ

- സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയ പ്രവർത്തനങ്ങളിലുള്ള് ജ്ഞതയും, പരിചയക്കുറവും, വിമുഖതയും
- സ്ത്രീ പീഡനം
- പൊതുരംഗത്തേക്ക് കടന്നുവരുന്നതിനുള്ള പ്രോത്സാഹനക്കുറവ്
- നേതൃത്വശേഷിക്കുറവ്
- സ്ത്രീസംരക്ഷണ നിയമങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ.
- അപകർഷതാ ബോധവും തന്മൂലമുള്ള ആത്മവിശ്വാസക്കുറവും
- പൊതു സ്ഥലങ്ങളിലും സ്ത്രീകൾ കൂടുതൽ പണിയെടുക്കുന്ന സ്ഥാപനങ്ങളിലും നേരിടുന്ന പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യമില്ലായ്മ.
- സ്ത്രീകൾ നിയന്ത്രിക്കുന്ന കുടുംബങ്ങളിലെ സാമ്പത്തിക ബുദ്ധിമുട്ടുകൾ.
- വിവിധ കാരണങ്ങളാൽ കെട്ടുറപ്പ് നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന കുടുംബങ്ങൾ. അമ്മിതമായ ആഡംബര ഭ്രമം.

സാധ്യതകൾ

- വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
- വനിതകൾക്ക് തൊഴിൽ പരിശീലനം നൽകി അവരെ തൊഴിൽ ചെയ്യാൻ പ്രാപ്തരാക്കുക. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിൽ പെൺകുട്ടികൾക്ക് മുൻഗണന നൽകുക.
- ഡി.ഡബ്ലു.സി.ആർ.എ പോലുള്ള കൂട്ടായ സംഭരണങ്ങൾക്കും അതുപോലെതന്നെ സ്ത്രീകൾക്ക് തനിച്ച് നടത്താൻ പറ്റുന്ന സംരംഭങ്ങൾക്കും പ്രചാരവും പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകുക.
- കാർഷിക മേഖലയിലേയും ചെറുകിയ വ്യവസായ മേഖലയിലേയും വേതന വിവേചനം അവസാനിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.
- സമൂഹത്തിലെ സ്ത്രീപുരുഷ വിവചേനം അവസാനിപ്പിക്കുന്നതിനുവേണ്ടി സ്ത്രീപുരുഷ സമത്വത്തെക്കുറിച്ചുള്ള അവബോധം സ്കൂൾ തലത്തിൽ തന്നെ കുട്ടികളിൽ ഉണ്ടാക്കിയെടുക്കണം.
- പെൺകുട്ടികളോടുള്ള വിവേചനം അവസാനിപ്പിക്കുവാൻ പറ്റുന്ന തരത്തിൽ മാതാപിതാക്കളെ ബോധവൽക്കരിക്കുക.
- നേതൃത്വശേഷി വർദ്ധിപ്പിക്കുന്നതിനു വേണ്ടി നേതൃത്വ പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുക.
- പൊതുരംഗത്തേക്ക് കടന്നുവരുന്ന സ്ത്രീകൾക്ക് പ്രോത്സാഹനം നൽകുക.
- സംഘടനകളിൽ സ്ത്രീകളെ പങ്കാളികളാക്കുകയും അവരെ നേതൃത്വസ്ഥാനത്തേക്ക് ഉയർത്തിക്കൊണ്ടു വരികയും ചെയ്യുക.
- എല്ലാവാർഡുകളിലും മഹിളാ സമാജങ്ങൾ രൂപീകരിക്കുക. അവയുടെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനു വേണ്ട സഹായ സഹകരണങ്ങൾ ചെയ്തുകൊടുക്കുന്നതിനും വേണ്ടി പഞ്ചായത്തു തലത്തിൽ രെു സമിതി രൂപീകരിക്കുക. ബോധവൽക്കരണ ക്ലാസുകൾ, പ്രതിരോധ കുത്തിവെയ്പുകൾ മുതലായവ മഹിളാ സമാജങ്ങളുടെ നേതൃത്വത്തിൽ നടത്തുക.
- സ്ത്രീകൾക്ക് നിയമസഹായം ഉറപ്പുവരുത്തുന്നതിനു വേണ്ടി പഞ്ചായത്തുതലത്തിൽ വനിതാ സെൽ രൂപീകരിക്കുക. സ്ത്രീസംരക്ഷണ നിയമങ്ങളെക്കുറിച്ച് നിയമബോധന ക്ലാസുകൾ നൽകുക.
- പെൻഷനുകൾ അർഹിക്കുന്നവർക്ക് കാലതാമസം വരുത്താതെ നൽകുക.
- അങ്കനവാടി, ഫീഡിംഗ് സെൻറർ ക്രഷ് ഇവ എല്ലാ വാർഡുകളിലും സ്ഥാപിക്കുക.
- പൊതുസ്ഥലങ്ങളിലും മറ്റും സ്ത്രീകൾക്ക് പ്രാഥമിക സൗകര്യങ്ങൾ ഉറപ്പുവരുത്തുക.
- വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ സർവീസുകളിലും നിയമസഭാ ലോക്സഭാ തെരഞ്ഞെടുപ്പുകളിലും 33% സംവരണം ഏർപ്പെടുത്തുക.

4.10 സഹകരണം

സ്വാതന്ത്ര്യലബ്ധിക്കു മുൻപുതന്നെ പുതുപ്പള്ളിയിലും പരിസരപ്രദേശങ്ങളിലും സഹകരണ പ്രസ്ഥാനം വേരൂന്നിയിരുന്നു. 1930-ഓടുകൂടി സഹകരണ പ്രസ്ഥാനം ഉപഭോക്തൃ മണ്ഡലം മുതലായ മേഖലകളിലെല്ലാം ഇവിടെ ഈ പ്രസ്ഥാനം രൂപംകൊള്ളുകയും തുടർന്നു രണ്ടാം ലോകമഹായുദ്ധത്തിന്റെ ഫലമായുണ്ടായ വിഭവ ദാരിദ്ര്യത്തെ ഒരളവുവരെ നേരിടുകയും ചെയ്തു. പരസ്പര സഹായസംഘങ്ങൾ എന്നറിയപ്പെട്ടിരുന്ന സംഘങ്ങൾ മുഖേനയാണ് തിരുവിതാംകൂർ സർക്കാർ ഭക്ഷ്യധാന്യ വിതരണം നടത്തുന്നതിനു മുൻകൈ എടുത്തത്. ഈ സാഹചര്യത്തിൽ ഉപഭോക്തൃ സഹകരണ സംഘങ്ങൾ രൂപംകൊണ്ടപ്പോൾ പുതുപ്പള്ളിയിലും സഹകരണ പ്രസ്ഥാനം ശക്തിപ്പെട്ടു.

ഇക്കാലത്തു രൂപംകൊണ്ട പ്രാഥമിക ഉത്തമർണ്ണ സംഘമാണ് ഇന്നത്തെ വില്ലേജ് സർവ്വീസ് സഹകരണബാങ്കായി വളർന്നു വലുതായത്. 1924-ൽ അദ്ധ്യാപകർ ചേർന്നു രൂപീകരിച്ച അദ്ധ്യാപക പരസ്പര സഹായസംഘം ഇന്നൊരു മഹാപ്രസ്ഥാനമായി മാറിക്കഴിഞ്ഞു. ഇതേ കാലയളവിൽ രൂപംകൊണ്ട വിവിധോദ്ദേശ സഹകരണസംഘം, പുതുപ്പള്ളി ലേബർ കോൺട്രാക്ട് സൊസൈറ്റി, ഫാമിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവ കാലക്രമങ്ങളിൽ ലിക്വിഡേറ്റ് ചെയ്യപ്പെട്ടുപോയ സഹകരണസംഘങ്ങളാണ് സഹകരണ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ പുതുപ്പള്ളിക്കു പ്രത്യേക പാരമ്പര്യം അവകാശപ്പെടുവാനുണ്ട്.

12 സഹകരണസംഘങ്ങൾ ഇന്നു പുതുപ്പള്ളി പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. അവയിൽ രണ്ടെണ്ണം പണം കടം കൊടുക്കുന്ന സ്ഥാപനങ്ങളാണ്. രണ്ട് ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ, ഒരു ഉപഭോക്തൃ സഹകരണസംഘം, രണ്ട് വനിതാ സഹകരണസംഘങ്ങൾ, ഒരു വ്യവസായ സഹകരണ സംഘം, ഒരു ഹരിജൻ സഹകരണസംഘം, മൂന്ന് സ്കൂൾ സഹകരണസംഘങ്ങൾ. എന്നിവയാണു മറ്റു സംഘങ്ങൾ വ്യവസായമേഖലയിലുള്ള അയൺ ആൻഡ് ടിംബർ സഹകരണസംഘം ഒഴികെ മറ്റുള്ളവയെല്ലാം സജീവമായി പ്രവർത്തിക്കുന്നുണ്ട്. അവയിൽ പലതും ലാഭം ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്. ബാങ്കിംഗ് മേഖലയിലുള്ള സംഘങ്ങളായ അദ്ധ്യാപക സഹകരണബാങ്കും പുതുപ്പള്ളി വില്ലേജ് സർവീസ് സഹകരണബാങ്കും പ്രശംസനീയമായ നിലയിൽ പ്രവർത്തിക്കുന്നു.

വില്ലേജ് സർവ്വീസ് സഹകരണബാങ്ക് പഞ്ചായത്തിലെ മുഴുവൻ പ്രദേശവും പ്രവർത്തനപരിധിയായി സ്വീകരിച്ചിട്ടുള്ളതും എല്ലാ ഭാഗത്തുനിന്നും അംഗങ്ങൾ ഉള്ളതുമാണ്. പയ്യപ്പാട്, തോട്ടയ്ക്കാട്, ഇരവിനല്ലൂർ എന്നിവിടങ്ങളിൽ ശാഖകളുമുണ്ട്. 11165 പേർ അംഗങ്ങളായിട്ടുണ്ട്. ഈ ബാങ്കിൽ അദ്ധ്യാപക സഹകരണബാങ്ക് സർക്കാർ ജീവനക്കാർക്കു മാത്രമായി അംഗത്വം നിജപ്പെടുത്തിയിരിക്കുകയാണ്. ഇതിന്റെ പ്രവർത്തനമേഖല പുതുപ്പള്ളി പഞ്ചായത്തു കൂടാതെ സമീപ പഞ്ചായത്തുകളിലേക്കും വ്യാപിച്ചിരിക്കുന്നു. ഇതിനു മറ്റു പഞ്ചായത്തുകളിൽ ശാഖകളുണ്ട്.

പുതുപ്പള്ളി പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങൾ

സംഘത്തിന്റെ പേര്	ആരംഭിച്ച വർഷം	അംഗ സംഖ്യ	ജോലിക്കാരുടെ എണ്ണം	ലാഭമോ നഷ്ടമോ
പുതുപ്പള്ളി വില്ലേജ് സർവീസ് സഹകരണ ബാങ്ക്	1927	11165	24	ലാഭം
പുതുപ്പള്ളി അദ്ധ്യാപക സഹകരണ ബാങ്ക്	1924	6189	28	ലാഭം
പുതുപ്പള്ളി ക്ഷീര വ്യവസായ സഹകരണസംഘം	1959	1177	2	ലാഭം
എറികാട് ക്ഷീരവ്യവസായ സഹകരണസംഘം	1964	327	2	നഷ്ടം
വനിതാ വ്യവസായ സഹകരണസംഘം	1992	11	1	ലാഭം
എറികാട് കൺസ്യൂമർ സഹകരണ സംഘം	1943	490	2	ലാഭം

ഹരിജൻ സഹകരണ സംഘം പുതുപ്പള്ളി	1989	249	–	നഷ്ടം
ഗവ. ഹൈസ്കൂൾ സഹകരണസംഘം	1958	4885	–	ലാഭം
സെൻറ് തോമസ് എച്ച്.എസ്. സഹകരണസംഘം തോട്ടയ്ക്കാട്	–	1837	–	–
പള്ളം എൻ.ഇ.എസ്. ബ്ലോക്ക് വനിതാ സഹകരണസംഘം	1960	275	1	–
അയൺ ആൻഡ് ടിംബർസഹകരണ സംഘം	–	–	–	–
സെൻറ് ജോർജ് എച്ച്.എസ്. സഹകരണസംഘം പുതുപ്പള്ളി	–	–	–	–

രണ്ട് ക്ഷീരവ്യവസായ സഹകരണസംഘങ്ങളാകട്ടെ അവ സ്ഥിതിചെയ്യുന്ന സ്ഥലങ്ങളിൽ മാത്രം ഒതുങ്ങി പ്രവർത്തിക്കുന്നു. പഞ്ചായത്തു മുഴുവൻ വ്യാപിക്കത്തക്കവിധം ക്ഷീരവ്യവസായ സഹകരണസംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തേണ്ടത് വളരെ അത്യാവശ്യമായിത്തീർന്നിരിക്കുന്നു. പയ്യപ്പാടിയിലുള്ള സംഘം ലാഭകരമായി പ്രവർത്തിക്കുന്നു. വനിതകൾക്കു മാത്രമായി തുടങ്ങിയ ഒരു വ്യവസായ സഹകരണസംഘം ലാഭത്തിലാണു പ്രവർത്തിക്കുന്നത്. ഈ സംഘം ഉൽപാദിപ്പിക്കുന്നത് റബ്ബർ ബാൻഡാണ്. ഈ സംഘത്തിനു കൂടുതൽ യന്ത്രസാമഗ്രികളും മറ്റും സ്ഥാപിച്ചുകൊണ്ടു പുരോഗതി കൈവരിക്കാനാകുന്ന ഒന്നാണ്. എല്ലാ അംഗങ്ങൾക്കും പ്രതിദിനം 30 രൂപ വേതനമായി ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്നു. ഇതു വർദ്ധിപ്പിക്കാനും ലാഭം കൂട്ടാനും കഴിയണം.

സഹകരണപ്രസ്ഥാനത്തിന്റെ വ്യാപ്തി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരിലേക്കും വനിതകളിലേക്കും വേണ്ടത്ര കടന്നുചെന്നിട്ടില്ല. അതിനാൽ ഈ രംഗങ്ങളിൽ സഹകരണപ്രസ്ഥാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനു ശ്രമങ്ങൾ ആരംഭിക്കേണ്ടതുണ്ട്.

കാർഷികമേഖലയിൽ സഹകരണസംഘങ്ങളുടെ പ്രവർത്തനം തീരെയില്ല. നെല്ലുൽപാദന സംസ്കരണ സഹകരണ സംഘം രൂപീകരിക്കുന്നതിന് സാധ്യതയുണ്ട്. കാർഷികോൽപന്നങ്ങളുടെ വിപണനം, സംസ്കരണം എന്നീ മേഖലകളിൽ കൂടുതൽ സാധ്യതകളുണ്ട്. വില്ലേജ് സർവീസ് സഹകരണബാങ്ക് കാർഷിക വായ്പകൾ അനുവദിക്കുന്നുണ്ടെങ്കിലും വായ്പ ലഭിക്കുന്നതിനുള്ള വ്യവസ്ഥകളുടെ കാർക്കശ്യംമൂലം കർഷകനു കൂടുതൽ പ്രയോജനം കിട്ടുന്നില്ല. വായ്പകളുടെ ദുർവിനിയോഗവും നടക്കുന്നുണ്ട്.

സഹകരണമേഖലയിൽ ഇന്നനുഭവപ്പെടുന്ന പ്രശ്നങ്ങൾ:

- പ്രവർത്തനം നടത്തിവരുന്ന എല്ലാ സംഘങ്ങളും തൃപ്തികരമായ നിലയിലല്ല.
- രാഷ്ട്രീയാതിപ്രസരവും, അഴിമതി, സ്വജനപക്ഷപാതം എന്നിവയും കൂടുതൽ പേരെ നിരുൽസാഹപ്പെടുത്തുന്നു.
- പുതിയ സാധ്യതകളെക്കുറിച്ചുള്ള അറിവില്ലായ്മ
- ബന്ധപ്പെട്ട അധികാരികളിൽനിന്നുള്ള നിരുൽസാഹപ്പെടുത്തൽ

സാധ്യതകൾ:

- പുതിയ സഹകരണസംഘങ്ങളുടെ രൂപീകരണം, റബ്ബർ അധിഷ്ഠിത വ്യവസായം, കാർഷികോൽപന്നങ്ങളുടെ സംഭരണം, വിതരണം, സംസ്കരണം, വിപണനം എന്നീ മേഖലകളിലും പുതിയ സംരംഭങ്ങൾക്കു സാധ്യതയുണ്ട്.
- ക്ഷീരവ്യവസായ സഹകരണസംഘത്തിന്റെ വ്യാപ്തി എല്ലാ വാർഡുകളിലേക്കും എത്തിക്കാൻ കഴിയണം. കാലിത്തീറ്റ നിർമ്മാണം തുടങ്ങിയ അനുബന്ധ മേഖലകളിലേക്കുള്ള വൈവിധ്യവൽകരണം.
- ലേബർ കോൺട്രാക്ട് സഹകരണസംഘം സ്ഥാപിക്കാൻ കഴിയണം.
- തൊഴിലാളി, മാനേജ്മെൻറ് രംഗങ്ങളിൽ കൂടുതൽ പഠനങ്ങളും മറ്റും നടത്തുക.
- ചെറു ഗ്രൂപ്പുകൾ രൂപവൽക്കരിക്കുകയും അവയെ ബാങ്കിംഗ് സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുകയും ചെയ്യുക.

4.11 പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

പുതുപ്പള്ളി പഞ്ചായത്തിലെ പട്ടികജാതി, പട്ടികർഗ്ഗ വിഭാഗങ്ങളിൽ ഉൾപ്പെടുന്നവരുടെ ആകെ എണ്ണം 1991-ലെ ൻസസ് പ്രകാരം 1393 ആണ്. 689 പുരു ഷന്മാരും ദ സ്ത്രീകളും. ഇതു പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 5 ശതമാനമാണ്. പതി നൊന്നു വാർഡുകളിലായി 258 കുടുംബങ്ങളുണ്ട്. ഐ. ആർ. ഡി. പി. സർവെ പ്രകാരം 36 കുടുംബങ്ങളാണു ദാരിദ്ര്യരേഖയ്ക്കു താഴെ കഴിയുന്നവരെന്നു കണക്കാ ക്കപ്പെട്ടിരിക്കുന്നതെങ്കിലും മുൻകാലങ്ങളിൽ ഈ സഹായത്തിന് അർഹരായിട്ടുള്ളവരെ സർവ്വെയിൽ ഒഴിവാക്കപ്പെട്ടിട്ടുള്ളതിനാൽ യഥാർത്ഥത്തിൽ ദാരിദ്ര്യം അനുഭവിക്കുന്നവരുടെ എണ്ണം വളരെ കൂടുതലാ ണെന്നുമുള്ളതാണ് വസ്തുത. പഞ്ചായത്തിൽ പട്ടി കജാതി പട്ടികവർഗ്ഗ കോളനികളില്ല. എന്നാൽ ലക്ഷം വീട് കോളനികളിലും മറ്റും ഈ വിഭാഗങ്ങളിൽപെടു ന്നവർ വസിക്കുന്നുണ്ട്.

വാസയോഗ്യമായ വീടുണ്ടായിട്ടും കക്കൂസില്ലാത്ത കുടുംബങ്ങളുടെ എണ്ണം 32 ഉണ്ട്. ഇതോടൊപ്പം 28 വീടില്ലാത്തവരും, പുറമ്പോക്കിൽ താമസിക്കുന്ന 8 കുടുംബങ്ങളുമുണ്ട്.

കഴിഞ്ഞ 4 വർഷങ്ങൾക്കുള്ളിൽ 33 കുടും ബങ്ങൾക്ക് ഐ. ആർ. ഡി. പി. പദ്ധതിയിൽ സ്വയം തൊഴിൽ പരിപാടിക്കുള്ള സഹായം കിട്ടിയിട്ടുണ്ട്. ഇവയിൽ ഭൂരിപക്ഷവും പ്രവർത്തനക്ഷമമല്ല. കാർഷി കമേഖലയിൽ പണിയെടുക്കുന്നവരാണ് ഈ വിഭാ ഗത്തിൽപെടുന്നവരിലധികവും. കെട്ടിടനിർമ്മാണം, പെയിൻറിംഗ് തുടങ്ങിയ മേഖലകളിൽ പണിയെടുക്കു ന്നവരും ഉണ്ട്. നിരക്ഷരരുടെ എണ്ണം കുറവാണ്. ഉന്നത വിദ്യാഭ്യാസം നേടിയവരുടെ എണ്ണവും തീരെ കുറവാണ്.

ബഹുജനസംഘടനകളുടെ നേതൃനിരയിലും മറ്റും ഈ വിഭാഗങ്ങളിലുള്ളവരുടെ പങ്ക് തീരെയില്ല. സാമൂഹ്യ സാമ്പത്തികരംഗങ്ങളിൽ ഇന്നും ഇവർ പിന്നോക്കാവസ്ഥയിലാണ്. എന്നാൽ ജാതിയു ടേതായ ഉച്ചനീചത്വം പ്രകടമായി അനുഭവപ്പെടുന്നില്ല. ഇവരുടെ വിവാഹ ചടങ്ങുകളിലും മറ്റും പങ്കെടുക്കു ന്നതിന് ഇതര വിഭാഗത്തിലുള്ളവർ വൈമുഖ്യം കാട്ടു ന്നില്ല. പൊതു ചടങ്ങുകളിൽനിന്നും ഈ വിഭാഗത്തെ ഒഴിവാക്കുന്നില്ല. ജാതി പറഞ്ഞു വിളിക്കുന്ന രീതി നിലവിലില്ല. എങ്കിലും പൊതു സാമൂഹ്യധാരയിൽനി ന്നുമുള്ള ഒരുതരം ഒറ്റപ്പെടൽ ഇന്നുമുണ്ട്.

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ താഴെപ്പറയുന്നവയാണ്.

- ദാരിദ്ര്യവും പട്ടിണിയും ഇപ്പോഴും അലട്ടുന്നു.
- വിദ്യാഭ്യാസരംഗത്തു കൂടുതൽ പുരോഗതി കൈവരിക്കാൻ കഴിയുന്നില്ല. പ്രത്യേകിച്ചു പ്രൊ ഫഷണൽ വിദ്യാഭ്യാസത്തിലും ഉന്നത വിദ്യാഭ്യാ സമേഖലയിലും.
- നിലവിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനു നിരവധി തടസ്സങ്ങൾ ഉണ്ട്. ആനുകൂല്യങ്ങളെപ്പറ്റി യുള്ള അജ്ഞതയുമുണ്ട്.
- പാർപ്പിടം, കക്കൂസ് ഇവയുടെ അഭാവംകൊണ്ടുള്ള ബുദ്ധിമുട്ടുകൾ.
- സാമൂഹ്യ, സാംസ്കാരിക രംഗങ്ങളിലെ പിന്നോ ക്കാവസ്ഥ

ഇനി ചില സാധ്യതകൾ പരിശോധിക്കാം:

- ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളുടെ ശാസ്ത്രീയമായ നടത്തിപ്പ്.
- വിദ്യാഭ്യാസരംഗത്തെ പിന്നോക്കാവസ്ഥ പരിഹരിക്കു ന്നതിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള വ്യക്തിഗത പരിപാടികൾ
- പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള പദ്ധതികൾക്ക് രൂപം കൊടുക്കുക (ഗതാഗതം, വൈദ്യുതി, വെള്ളം)
- ആരോഗ്യ വിദ്യാഭ്യാസവും സേവനവും മെച്ചമാക്കുക.
- ബോധവൽക്കരണ പരിപാടികൾ തുടർച്ചയായി നടത്തുക.
- അനുയോജ്യമായ ക്ഷേമപ്രവർത്തനങ്ങൾക്കു രൂപം നൽകുകയും അവ നടപ്പിലാക്കുകയും ചെയ്യുക. മുൻ ഗണനാക്രമം പാലിക്കപ്പെടുന്നുണ്ടോയെന്നുള്ളതു പരി ശോധിക്കപ്പെടണം.
- പഞ്ചായത്തിലെ മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളെയും പ്രത്യേകമായി സർവെ ചെയ്ത് അവരുടെ സ്ഥിതിവിവരങ്ങൾ പഠനവിധേയമാക്കണം.
- വീട്, കക്കൂസ്, വൈദ്യുതി എന്നിവ ഉണ്ടാക്കിയെടുക്കു ന്നതിനു പദ്ധതികൾ തയ്യാറാക്കുക - കുടിവെള്ള ലഭ്യത ഉറപ്പാക്കണം.
- തൊഴിൽസംരംഭങ്ങളിൽ ഏർപ്പെടുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായുള്ള പരി പാടികൾ സഹകരണാടിസ്ഥാനത്തിലുള്ള പ്രവർ ത്തനസാദ്ധ്യത പരിശോധിക്കപ്പെടണം.
- സമ്പാദ്യശീലം വളർത്തിയെടുക്കുന്നതിനുള്ള ബോ ധപൂർവ്വമായ പ്രവർത്തനങ്ങൾ.

4.12 വിഭവസമാഹരണം

പുതുപ്പള്ളി പഞ്ചായത്തിന്റെ വരുമാനമാർഗ്ഗവും ഓരോയിനത്തിൽ ലഭിക്കുന്ന തുകയും താഴെ ചേർക്കുന്നു.

1995-96 വർഷത്തെ കണക്കുകൾ (വരവ്)

ഇനം	ധനാഭ്യർത്ഥന രൂ.	പിരിച്ചത് രൂ.	ബാക്കി രൂ.
കെട്ടിടനികുതി	5,42,060.50	4,30,641.90	1,11418.60
തൊഴിൽ നികുതി	3,70,762.00	3,38,762.00	32,000.00
വിനോദ നികുതി	18,740.50	18,740.50	00.00
അഡി. വിനോദനികുതി	11,338.50	11,338.50	00.00
പ്രദർശന നികുതി	2354.00	2,354.00	00.00
പ്രദർശനനികുതി യിന്മേലുള്ള സർചാർജ്	663.50	663.50	00.00
ചന്ത വരവ്	9950.00	9950.00	00.00
ലൈസൻസ് ഫീസ്	17,350.00	17,350.00	00.00
വസ്തുകൈമാറ്റ നികുതി 75%	1,60,459.00	1,60,459.00	00.00
വസ്തു കൈമാറ്റ നികുതി 75%	30,000.00	30,000.00	00.00
സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെയുള്ള മററു വരവുകൾ	5,53009.00	5,53009.00	00.00
ഡെപ്പോസിറ്റ്	1,18,600.00	1,18,600.00	00.00
മററുള്ളവ	5,80,287.20	5,80,287.20	00.00
ആകെ	2,41,557.20	22,72155.60	1,43418.60

മേൽപറഞ്ഞവ കൂടാതെ പഞ്ചായത്തിരാജ് നിയമ പ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക യെ സംബന്ധിച്ച വിവരങ്ങൾ.

വകുപ്പ്	പദ്ധതി വിഹിതം
മൃഗസംരക്ഷണം	400/2
കൃഷി	1,34,047/2
പി.ഡബ്ലു.ഡി	14,600/2
ഹരിജനക്ഷേമം	2349/2
ആകെ	1,51,436/2

പഞ്ചായത്തുരാജ് ആക്ട് പുതുയ ചില നികുതി കളും ധനസമ്പാദന മാർഗ്ഗങ്ങളും നിർദ്ദേശിക്കുന്നുണ്ട്. ഇത്തരം സാദ്ധ്യതകൾ ഫലപ്രദമായി ചൂഷണം ചെ യ്യേണ്ടതുണ്ട്. നികുതി യിനത്തിൽ വരുന്ന മുഴുവൻ തുകയും കുടിശ്ശികയില്ലാതെ പിരിച്ചെടുക്കേടതുമുണ്ട്. വരുമാനക്ഷമമായ ആസ്തികൾ നിർമ്മിക്കുന്നതിനോ പ്രവർത്തനങ്ങൾ നടത്തുന്നതിന് ദീർഘകാല, ഹ്യസ്വ കാല വായ്പകൾ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും നേടിയെടുക്കാം. വൻതുക ചെലവഴിച്ച് ആഡംബര പൂർണ്ണമായ ഭവനങ്ങൾ നിർമ്മിക്കുന്നവരിൽ നിന്നും ശരിയായ നികുതി നിർണ്ണയം നടത്തേണ്ടതാണ്. കെട്ടി ടനികുതി നിരണ്ണയം കുറ്റമറ്റതാക്കി പഞ്ചായത്തിനു ലഭിക്കേണ്ട മുഴുവൻ തുകയും പിരിച്ചെടുക്കാൻ കഴി ഞ്ഞാൽ തന്നെ വരുമാനത്തിൽ ഗണ്യമായ വർ ദ്ധനയുണ്ടാകും.

1995-96 ലെ ചെലവ് സംബന്ധിച്ച വിവരങ്ങൾ

ഇനം	തുക
ഭരണം	620820.50
പൊതുമരാമത്ത്	1,347158-
വിദ്യാഭ്യാസം	8450-
ജലവിതരണം ഓടകൾ	
പൊതുജനാരോഗ്യം	9556-
തെരുവുവിളക്കുകൾ	
കത്തിക്കുന്നത്	187500-
മറ്റുള്ളവ	8,62648-25
ആകെ	3036132.75

തൊഴിൽ നികുതി, ലൈസൻസ് ഫീസ് ഇവ ചുമത്താവുന്ന എല്ലാ സ്ഥാപനങ്ങളും രജിസ്ട്രേഷൻ നടത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.

കെട്ടിടനികുതി ഇനത്തിൽ നല്ലൊരുതുക ഏകദേശം (20%ത്തോളം) പിരിച്ചെടുക്കുവാൻ കഴിഞ്ഞിട്ടില്ല. അതേ പോലെതന്നെ തൊഴിൽ നികുതിയും നികുതികൾ പിരിച്ചെടുക്കുന്നതിന് ഉണ്ടായിട്ടുള്ള തടസ്സങ്ങൾ കണ്ടെത്തി അവപരിഹരിച്ച് മുഴുവൻ തുകയും ഈടാക്കുന്നതിനുള്ള നടപടികൾ ഉണ്ടാവണം.

വാർഡുതലത്തിൽ വികസനപ്രവർത്തനങ്ങൾ നടത്തുമ്പോൾ പ്രാദേശികമായി വിഭവസമാഹരണം നടത്താവുന്നതാണ്. ഓരോ പ്രവൃത്തികൾക്കും അത് എത്ര ശതമാനമായിരിക്കണമെന്ന് മുൻകൂട്ടി തീരുമാനിക്കേണ്ടതാണ്. പദ്ധതി നടത്തിപ്പിലും, പണിപൂർത്തീകരിച്ച ശേഷവും ഇത് സംബന്ധിച്ച എല്ലാ വിവരങ്ങളും ജനങ്ങൾക്ക് ബോധ്യപ്പെടുന്ന തരത്തിൽ അവ സംവിധാനം ചെയ്യപ്പെട്ടിരിക്കണമെന്ന് മാത്രം.

5 ഉപസംഹാരം

വികസന സെമിനാറിലെ ചർച്ചകൾക്കും തുടർന്നുള്ള പദ്ധതി രൂപീകരണത്തിനും സഹായകരമായ രീതിയിൽ ഒരു വികസനരേഖ തയ്യാറാക്കുക എന്ന ശ്രമകരമായ ജോലിയാണ് ഇവിടെ പൂർത്തിയായിരിക്കുന്നത്. ലഭ്യമായിട്ടുള്ള സ്ഥിതിവിവര കണക്കുകളുടെയും ഗ്രാമസഭാ റിപ്പോർട്ടുകളുടെയും പിൻബലത്തിലാണ് ഈ രേഖ തയ്യാറാക്കിയത്. നിരവധി സ്ഥാപനങ്ങളിൽ നിന്ന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. സർക്കാർ ഓഫീസുകളിൽനിന്ന് കിട്ടിയിട്ടുള്ള വിവരങ്ങൾ വസ്തുനിഷ്ഠമാണെന്നു പറയുക വയ്യ. 1993-ൽ നിർമ്മിച്ച വിഭവ ഭൂപടങ്ങളും (റിപ്പോർട്ടുകൾ ലഭ്യമായിരുന്നില്ല) സുവനീർ തുടങ്ങിയ പ്രസിദ്ധീകരണങ്ങളും ചില ആധികാരിക രേഖകളും വളരെയേറെ സഹായിച്ചിട്ടുണ്ട്.

പുതുപ്പള്ളിയുടെ വികസനമേഖലകളെ സംബന്ധിച്ചു ലഭ്യമായ എല്ലാ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഒരു രേഖയാണിത്. ഇതിനു പിന്നിൽ നിരവധി പേരുടെ അനവധി നാളുകളിലെ അദ്ധ്വാനവും പ്രവർത്തനവുമുണ്ടായിരുന്നു. ഇത് സമ്പൂർണ്ണമാണെന്ന് അവകാശപ്പെടുന്നില്ല. എന്നിരുന്നാലും വസ്തുതകളുമായി പരമാവധി പൊരുത്തപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. 9-ാം പദ്ധതി തയ്യാറാക്കുന്നതിന് ഈ രേഖ നന്നായി ഉപകരിക്കുമെന്നു തന്നെയാണു വിശ്വസിക്കുന്നത്.

വ്യക്തിഗത വിവരങ്ങളും കുടുംബവിവരങ്ങളും മറ്റും വിശദമായി ശേഖരിക്കുന്നതിനു പഞ്ചായത്തിൽ മുഴുവനായും ഒരു സാമൂഹ്യ സാമ്പത്തിക സർവെ നടത്തണം. കൂടാതെ സ്ഥാപന സർവെയും വേണ്ടിയിരിക്കുന്നു. ഇതിനു കൂടുതൽ പണച്ചെലവും സമയവും പരിശീലനവും ആവശ്യമാണ്. എങ്കിലും വിവിധ കാലങ്ങളിൽ വിവിധ വകുപ്പുകൾ പ്രത്യേകം പ്രത്യേകം ആവശ്യങ്ങൾക്കായി നടത്തുന്ന സർവെകൾ ഒഴിവാക്കുവാൻ കഴിയും. തന്നെയുമല്ല പഞ്ചായത്തിലെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും ശേഖരിച്ചു സൂക്ഷിക്കുന്നതിന് കംപ്യൂട്ടർ സംവിധാനം ഉണ്ടാകുന്നതിനെപ്പറ്റിയും ചിന്തിക്കേണ്ടതുണ്ട്. ഇത് ഭാവി പ്രവർത്തനങ്ങൾക്ക് ഏറെ ഉപകരിക്കും. വിവിധ പദ്ധതികളെപ്പറ്റിയും അതിന്റെ ഗുണഭോക്താക്കളെപ്പറ്റിയും ഉള്ള വിവരങ്ങളും നൽകുവാൻ കഴിയത്തക്കവണ്ണം വിപുലമായ വിജ്ഞാന വ്യാപന കേന്ദ്രത്തെപ്പറ്റിയും ആലോചിക്കേണ്ടതുണ്ട്.

വിശേഷാൽ ഗ്രാമസഭകളിലുണ്ടായ ജനപങ്കാളിത്തം ആളുകൾക്കു വികസനപ്രവർത്തനങ്ങളോടുള്ള ആഭിമുഖ്യം വളരെ കൂടുതലാണെന്നു തെളിയിക്കുന്നു. ഒമ്പതാം പദ്ധതി രൂപവത്ക്കരണത്തിനും അതിന്റെ സുഗമമായ നടത്തിപ്പിനും ഇന്നുള്ളതിൽ കൂടുതൽ ജനപങ്കാളിത്തം ഉണ്ടാകുമെന്നും നല്ല പ്രതീക്ഷയുണ്ട്.

6 അനുബന്ധം

പുതുപ്പള്ളി പഞ്ചായത്തിലെ പ്രധാനറോഡുകൾ

1. കോട്ടയം-കറുകച്ചാൽ റോഡ്
2. മണർകാട്-തെങ്ങണാ റോഡ്

പുതുപ്പള്ളി പഞ്ചായത്തിൽ നിലവിലുള്ള റോഡുകൾ

റോഡുകളുടെ പേരുകൾ	നീളം (മീറ്ററിൽ)	വീതി (മീറ്ററിൽ)
വാർഡ് 1		
1. പുതുപ്പള്ളി-നാരകത്തോട് റോഡ്	2000 മി	8 മി
2. പയ്യപ്പാടി-മീനടം റോഡ്	800 മി	8 മി
3. ആറാട്ട്ചിറ-നാരകത്തോട് റോഡ്	600 മി	6 മി
4. പരകുന്നേൽപ്പടി-തച്ചുകുന്ന്റോഡ്	500 മി	6 മി
5. പയ്യപ്പാടി-ചീരംകുളം റോഡ്	600 മി	5 മി
6. വെന്നിമലക്ഷേത്രം റോഡ്	300 മി	3 മി
7. കന്നുകുഴി-പുളിഞ്ചുവട്റോഡ്	400 മി	4 മി
8. മഠത്തിൽപ്പടി-തച്ചുകുന്ന് റോഡ്	800 മി	4 മി
9. തച്ചുകുന്ന്-പഴയിടത്തുപടി റോഡ്	1000 മി	4 മി
10. പഴയിടത്തുപടി-വാഴേപ്പറമ്പിൽപടി	600 മി	4 മി
11 പയ്യപ്പാടി-കാവാലച്ചിററോഡ്	500 മി	3 മി
12 വെട്ടത്തുപടി-കൊച്ചുപറമ്പിൽപ്പടി	600 മി	3 മി
13 തുടിയിൽപ്പടി-വെട്ടത്തുപടി റോഡ്	400 മി	3 മി
14 പൊയ്കയിൽപ്പടി-ചീരംകുളംറോഡ്	300 മി	4 മി
15 വെന്നിമലക്ഷേത്രം-കമ്പംകുഴിപ്പടിറോഡ്	600 മി	8 മി
16 കാഞ്ഞിരത്തുംമൂട്-മൈലക്കാട്ട്പടി റോഡ്	400 മി	3 മി
17. ചേരാംമ്പേരിൽപടി-പുതവൻ റോഡ്	800 മി	4 മി
18. പയ്യപ്പാടി-ഫാമിലി വെൽഫയർ സെൻറർറോഡ്	200 മി	3 മി
19. വെന്നിമലക്ഷേത്രം-വള്ളിമലറോഡ്	300 മി	3 മി
20. പയ്യപ്പാടി ലക്ഷംവീട്കോളനി-മലകുന്നംറോഡ്	200 മി	3 മി
21. തുടിയിൽപ്പടി-ചീരംകുളം റോഡ് (നടപ്പാത)	100 മി	1.50 മി
22. വെന്നിമലക്ഷേത്രം റോഡ്	2000 മി	5 മി
23. പുതുപ്പള്ളി-വെന്നിമല റോഡിൽ കാഞ്ഞിരത്തുംമൂട് മുതൽ 3-ാംമൈൽവരെ	3000 മി	10 മി

വാർഡ് II

1.	പാലയ്ക്കലോടിപ്പടി-വെണ്ണാശേരി	1725 മി	6 മി
2.	പേരച്ചുവട്-ആക്കാംകുന്ന്	1400 മി	6 മി
3.	കുമരംകോട്-കീച്ചാൽ	400 മി	6 മി
4.	ആക്കാംകുന്ന്-പോളച്ചിറ	300 മി	4 മി
5.	അമ്പാട്ടുപടി-ആക്കാകുന്ന്	500 മി	3.5 മി
6.	മലകുന്നം-പത്താഴക്കുഴി	575 മി	3.5 മി
7.	വല്ല്യഴം-പോളച്ചിറ	545 മി	4 മി
8.	റീത്തുപള്ളി-വെണ്ണാശേരി	680 മി	3.5 മി
9.	പള്ളിപ്പടി-മണ്ണാത്തിമറ്റം	765 മി	3.5 മി
10	ഷാപ്പുപടി-കീച്ചാൽ	585 മി	3.5 മി
11	പട്ടമ്മാപറമ്പിൽ-വെണ്ണാശ്ശേരി	190 മി	4 മി
12	പുല്ലംപ്ലായിൽപ്പടി-മലകുന്നം	80 മി	4 മി
13	കാട്ടിപ്പടി-വെണ്ണാശ്ശേരി	1210 മി	8 മി
14	മലകുന്നം-കൊച്ചുമറ്റം	1200 മി	8 മി

കലുങ്ക്

1.	കുമരംകോട് - കീച്ചാൽ	2 എണ്ണം	
2.	പേരച്ചുവുട്-ആക്കാകുന്ന്	3 എണ്ണം	
3.	പള്ളിപ്പടി-മണ്ണാത്തിമറ്റം	2 എണ്ണം	
4.	അമ്പാട്ടുപടി-ആക്കാകുന്ന്	2 കലുങ്കും ഓടയും	
5.	ആക്കാംകുന്ന്-ഗിരിജൻകോളനി	2 കലുങ്ക്	ഓട
6.	കീച്ചാൽ-കുമരംകോട്	2 കലുങ്ക്	ഓട
7.	ഷാപ്പുപടി-പോളച്ചിറ	2 കലുങ്ക്	
8.	കീച്ചാൽ-വെണ്ണാശേരി	3 കലുങ്ക്	
9.	പാലയ്ക്കലോടിപ്പടി-വെണ്ണാശേരിപ്പടി	2 കലുങ്ക്	

വാർഡ് III

1.	റബർബോർഡ്-പുമ്മറ്റം റോഡ്	800 മി	6 മി
2.	മന്ദിരംകലുങ്ക്-കാഞ്ഞിരത്തുംമൂട് റോഡ്	1000 മി	6 മി
3.	കാഞ്ഞിരത്തുംമൂട്-തലപ്പാടി റോഡ്	1000 മി	6 മി
4.	തലപ്പാടിപൊരുങ്കാവ്-ശവക്കോട്ടറോഡ്	2000 മി	8 മി
5.	പെരുങ്കാവ് ഇലഞ്ഞാത്തടം റബർ ബോർഡ്	1000 മി	3.5 മി
6.	പുമ്മറ്റം കുരിശ്-പെരുങ്കാവ് റോഡ്	800 മി	3.5 മി
7.	തലപ്പാടി മൂലക്കുളം	300 മി	3 മി
8.	തലപ്പാടി പൂട്ടുചിറ കോളനിറോഡ്	200 മി	3 മി
9.	പൂട്ടുചിറകോളനി-ചാത്തമ്പടം പടിറോഡ്	500 മി	3 മി
10	മദർസവീന-മാങ്ങാനംലക്ഷം വീട് കോളനി റോഡ്	500 മി	3 മി
11	പെരുങ്കാവ് ലക്ഷംകോളനി റോഡ്	400 മി	2 മി
12	പുമ്മറ്റം ചൂളക്കുന്ന് റോഡ്	300 മി	3 മി
13	ഇലഞ്ഞാത്തടം പട്ടശ്ശേരിറോഡ്	200 മി	2 മി
14	റബർബോർഡ്-കാലായിൽപ്പടിറോഡ്	200 മി	1.5 മി

വാർഡ് IV

1.	പുതുപ്പള്ളി-എള്ളുകാലാ ടാർ റോഡ്	800 മി	6 മി
2.	മന്ദിരം-കാഞ്ഞിരത്തുംമൂട് ടാർ റോഡ്	1500 മി	6 മി
3.	കുന്നേപ്പറമ്പ്-കാഞ്ഞിരത്തുമൂട് ഭാഗികം ടാർ ചെയ്തത്	2000 മി	6 മി
4.	പുമ്മറ്റം-റബർബോർഡ് റോഡ് ടാർ റോഡ്	500 മി	6 മി
5.	വില്ലേജ് ആഫീസ് എസ്.എൻ.ഡി.പി മൺ റോഡ്	1500 മി	6 മി
6.	എള്ളുകാല-ഓതററോഡ് മൺ റോഡ്	900 മി	6 മി
7.	എള്ളുകാല-എടാട്ട്റോഡ് മൺ റോഡ്	500 മി	6 മി
8.	എള്ളുകാല-അമ്മുകുന്നേൽ റോഡ് മൺ റോഡ്	400 മി	6 മി
9.	പുമ്മറ്റം-പാററോഡ് മൺ റോഡ്	300 മി	6 മി
10.	സീയോൻകുന്ന്-കുന്നേപ്പറമ്പ്റോഡ് മൺ റോഡ്	450 മി	
11.	കുന്നേൽപ്പറമ്പ് മൺ റോഡ്	200 മി	3 മി
12.	കുന്നേപ്പറമ്പ്-പെരുങ്കാവ് മൺ റോഡ്	275 മി	3 മി
13.	കുന്നേപ്പറമ്പ് മൺ റോഡ്	200 മി	3 മി
14.	കൊട്ടാരത്തിൽ റോഡ് മൺ റോഡ്	100 മി	4 മി
15.	എള്ളുകാല-അമ്മുകുന്നേൽ മൺ റോഡ്	200 മി	2 1/2 മി
16.	എള്ളുകാല-പാഠം റോഡ് മൺ റോഡ്	100 മി	1 മി
17.	തുരുത്തൽ പടി റോഡ് മൺ റോഡ്	400 മി	4 മി

വാർഡ് V

1.	ചിറയിൽപ്പടി-കൊച്ചക്കാലപടി റോഡ്	1260 മി	5 മി
2.	കോയിക്കൽപ്പടി-കൊച്ചുപാറേട്ടുപടി	570 മി	4 1/2 മി
3.	പുതുപ്പള്ളിപാലം-കൊട്ടാരത്തിൽകടവ്	960 മി	6 മി
4.	പഴയവില്ലേജ് ആഫീസ്-കാരാപ്പുഴപ്പടി	210 മി	5 മി
5.	അങ്ങാടി-കുന്നുകോട്	400 മി	4 മി
6.	കൊച്ചുവീട്ടിൽപ്പടി-മറ്റംറോഡ്	510 മി	4 1/2 മി
7.	അങ്ങാടി-അഞ്ചൽകുറ്റി	365 മി	6 1/2 മി
8.	വാഴേൽപ്പടി-കുന്നേൽപ്പടി	285 മി	3 1/2 മി
9.	ദൈവമുക്ക്-തെക്കേതുരുത്തേൽപ്പടി	450 മി	3 1/2 മി
10	കിഴക്കേകരപ്പടി-ഒളശ്ശപ്പടി റോഡ്	610 മി	5 മി
11	മഠത്തിൽപ്പടി വി.ജെ.ഒ.എം.ൽ.പി സ്കൂൾറോഡ്	490 മി	3 1/2 മി
12.	അങ്ങാടി-കൊച്ചുചക്കാലപ്പടി റോഡ്	365 മി	3 മി
13.	പൊങ്ങലിൽപ്പടി-പുതുപ്പള്ളിറോഡ്	280 മി	3 മി
14.	കോയിക്കൽപ്പടി-മാമൂട്ടിൽപ്പടി റോഡ്	310 മി	3 1/2 മി
15.	കൊല്ലംപറമ്പിൽപ്പടി-വെട്ടുവള്ളിറോഡ്	200 മി	3 മി
16.	വാഴക്കുളം അമ്പലം-മൂലേപ്പടി റോഡ്	410 മി	2 3/4 മി
17.	പുതുപ്പള്ളികവല-ഇരവിനല്ലൂർപാലം	2010 മി	8 മി

വാർഡ് VI

1.	ഇരവിനല്ലൂർസ്കൂൾപ്പടി-കാരോത്തുകടവ് റോഡ്	840 മി	8 മി
2.	വടശ്ശേരി-നല്ലുക്കുളം റോഡ്	400 മി	3 മി
3.	സെൻറ് തോമസ് യുപി സ്കൂൾ റോഡ്	400 മി	4 മി
4.	പാപ്പാലപ്പടി-മേച്ചേരിപ്പടി റോഡ്	1200 മി	4 മി
5.	ഇരവിനല്ലൂർപാലം-പേടിക്കാട്ടുപടി റോഡ്	540 മി	3 മി

6.	കൊച്ചാലുംമൂട്കുളങ്ങര റോഡ്	1000 മി	4 മി
7.	ആശ്ശാരിപ്പടി-കോളശ്ശേരി	380 മി	3 മി
8.	സംസ്കൃതസ്കൂൾ-കാവിലമ്പലം	450 മി	3 മി
9.	വടശ്ശേരി-തുരുത്തി	400 മി	3.5 മി
10	ഉദിക്കാമല-കൊച്ചാലുംമൂട്	250 മി	3 മി
11	പാലത്തിങ്കൽപ്പടി-കേന്ദ്രമംഗലം	500 മി	3 മി
12	നിരപ്പേൽപ്പടി-ഞായപ്പള്ളി	250 മി	1.5 മി
13	ഇരവിനല്ലൂർപാലം-ദൈവപ്പതി റോഡ്	500 മി	3.5 മി
14.	പട്ടകുളം-ഇദിക്കാമല റോഡ്	250 മി 3.5 മി	

വാർഡ് VII

1.	മുണ്ടാക്കൽപ്പടി-പെരുവേലിപ്പാലം റോഡ്	950 മി	8 മി
2.	വെട്ടത്തുകവല-പഞ്ചായത്തുപടി റോഡ്	2000 മി	6മി
3.	വെട്ടത്തുകവല-ചേരുംമൂട് റോഡ്	885 മി	4 മി
4.	വെട്ടത്തുകവല-താമരവേലിൽപ്പടി	400 മി	3.5 മി
5.	ആറ്റാചേരിപ്പടി-അമ്പലപ്പടി	160 മി	4 മി
6.	പുലാപറമ്പ്-കോഴിമലപ്പള്ളി	400 മി	4 മി
7.	ആറ്റാചേരിപ്പടി-പല്ലാത്തറപ്പടി	600 മി	4 മി
8.	ചാളീപ്പടി-വാഴേക്കുന്നം റോഡ്	300 മി	3.5 മി
9.	തൈപ്പറമ്പിൽപ്പടി-തെക്കേചിറതറേപ്പാലം	400 മി	3.5 മി
10	തടത്തിൽപ്പടി-വെട്ടത്തുകവല	250 മി	4 മി
11	ആശാരിപറമ്പ്-വാക്കേപ്പടി	400 മി	4 മി

വാർഡ് VIII

1.	ചാലുങ്കൽപ്പടി തച്ചുകുന്ന്-മാമ്മൂട്ടിപ്പടി	1250 മി	5.50 മി
2.	നിലക്കൽപ്പള്ളി പുതുമനപ്പടി തേവരടി	1000 മി	5 മി
3.	മടത്തിപ്പടി തച്ചുകുന്ന്	1000 മി	6 മി
4.	പുതുപ്പള്ളി നാരകത്തോട്	1500 മി	8 മി
5.	മഠത്തിൽപ്പടി പുതുപ്പള്ളികവല ചാലുങ്കൽപ്പടി	1500 മി	8 മി
6.	പുതുപ്പള്ളി പഞ്ചായത്ത് മാർക്കറ്റ് റോഡ്	150 മി	6 മി
7.	നിലയ്ക്കൽപ്പള്ളി-കുട്ടഞ്ചിറ റോഡ്	370 മി	6 മി
8.	തോണിപ്പുരയ്ക്കൽ-ചക്കുമൂട്ടിപ്പടി റോഡ്	1250 മി	5 മി
9.	വാഴവേലിപ്പടി പഠത്തിപ്പടി റോഡ്	500 മി	3 മി
10	മുണ്ടാക്കൽപ്പടി തേവരടി-നാരകത്തോട്	800 മി	4 മി
11	നിലയ്ക്കൽപ്പള്ളി ചെങ്ങളക്കാട്ട്പടി തച്ചുകുന്ന്	1000 മി	5 മി
12	മഠത്തിപടി പിണ്ണാക്കുമല റോഡ്	250 മി	3 മി
13	തടത്തിൽപ്പടി-പെരുമ്പുഴപ്പടി റോഡ്	200 മി	2 1/2 മി

വാർഡ് IX

1.	നാരകത്തോട് തെക്കേൽപ്പടി റോഡ്	2000 മി	8 മി
2.	നാരകത്തോട് പാറക്കൽപ്പടി റോഡ്	1800 മി	8 മി
3.	കൊഞ്ചംപടി ആഞ്ഞിലിവളവ് റോഡ്	1250 മി	5 മി
4.	എസ്.എൻ.ഡി.പി പൊങ്ങൻപാറ റോഡ്	1500 മി	3.5 മി
5.	ചക്കുംമൂട്ടിൽപ്പടി-മൂലേപ്പടി റോഡ്	1000 മി	3.5 മി

6.	വട്ടവേലിപ്പടി മഞ്ഞാക്കിപ്പടി	800 മി	3 മി
7.	കാഞ്ഞിരം മുണ്ടാക്കൽപ്പടി റോഡ്	600 മി	3 മി
8.	പുളിന്തറകുന്നേൽപ്പടി പുതിയകാവ് റോഡ്	300 മി	3 മി
9.	ചോരാമ്പേരിപ്പടി-കുഴിപ്പറമ്പ് റോഡ്	400 മി	3 മി
10	ചോരാമ്പേരിപ്പടി-തോപ്പിൽപ്പടി	400 മി	3 മി
11	കുറ്റിക്കൽപ്പടി-പഴയചേരിക്കൽ	500 മി	3 മി
12	എസ്.എൻ.ഡി.പി കാരാറ്റിൽക്കടവ് റോഡ്	400 മി	3 മി
13	ഞണ്ടുകുളം പാറക്കൽപ്പടി	600 മി	3 മി

വാർഡ് 9

	പഞ്ചായത്തുറോഡുകൾ	നീളം	വീതി
1.	നരിമറ്റം – ചാലുംതലയ്ക്കൽ പടി റോഡ്	1000 മീ.	4 മീ.
2.	ഊളക്കപ്പള്ളി – കല്ലടപ്പടി റോഡ്	1000 മീ.	4 മീ.
3.	മുല്ലശ്ശേരിൽ കടവ് റോഡ്	500 മീ.	3 മീ.
4.	കടുപ്പിൽപടി – പാണൂർകടവ് റോഡ്	500 മീ.	4 മീ
5.	പാലത്തുങ്കൽപടി – കളപ്പുരയ്ക്കൽ റോഡ്	1000 മീ.	3 മീ.
6.	പുത്തൻപള്ളി – ചേർക്കോട്ടുപടി റോഡ്	1000 മീ.	5 മീ.
7.	തുമ്പിക്കാനിക്കൽ – മണ്ണാത്തിമാക്കൽ റോഡ്	1000 മീ	6 മീ.
8.	തുമ്പിക്കാനിക്കൽ – ഓലിക്കരകടവ്	1500 മീ.	4 മീ.
9.	തെക്കനൊട്ടുപടി – തകിടിയേൽപറമ്പിൽ റോഡ്	1000 മീ.	4 മീ.
10.	കടുപ്പിൽപടി – മണ്ണുപ്പറമ്പിൽ റോഡ്	1000 മീ.	4 മീ.
11.	കളപ്പുരയ്ക്കൽ പടി – പാറക്കാമല റോഡ്	1000 മീ.	4 മീ.
12.	കാക്കനാട്ടുപടി – തെക്കനൊട്ടുകടവ്	500 മീ.	5 മീ.
13.	കല്ലടപ്പടി – ടി.എം. യു.പി. സ്കൂൾ റോഡ്	1000 മീ.	4 മീ.

കലുങ്ക്

1. ചാലുംതലയ്ക്കൽപടിക്കൽ
2. കാഞ്ഞിരത്തിൻമൂട്ടിൽ പടിക്കൽ
3. നെല്ലിക്കാകുഴിയിൽ
4. മണ്ണാന്തിമാക്കൽ പടിക്കൽ

പാലം

1. തെങ്ങണാക്കുഴി പടി നലപ്പുപാലം
2. പാണൂർകടവ് പടിക്കൽ പാലം

വാർഡ് 10

ആകെ പഞ്ചായത്ത് റോഡിന്റെ നീളം		:	10010 മീ.
ടാർ ചെയ്തത്		:	1100 മീ.
ടാർ ചെയ്യാനുള്ളത്		:	9910 മീ.
ഓട വെട്ടേണ്ടത്		:	11560 മീ.
1	സെൻറ് പീറ്റഴ്സ് ചർച്ച് – കൈതളാവിൽപ്പാലം റോഡ്	600 മീ.	6 മീ.
2.	മീനടം മുക്ക് – കക്കുഴി കലുങ്ക് റോഡ്	500 മീ.	6 മീ.
3.	ഗവ. യു.പി. സ്കൂൾ – ചേരിപ്പടി റോഡ്	300 മീ.	4 മീ.
4.	ബാങ്ക്പടി – നിരവത്തുപടി	600 മീ.	4 മീ.

5.	ബാങ്ക്പടി – കാലായിൽപ്പടി റോഡ്	300 മ.	4 മീ.
6.	മീനടം മുക്ക് – പാണൂർ കടുപ്പിൽപടി റോഡ്	700 മീ.	4 മീ.
7.	നരിമറ്റം കവല – ചാലുംതലയ്ക്കപ്പടി റോഡ്	700 മീ.	4 മീ.
8.	കൈതേപ്പാലം – ചേരുംമൂട്ടിക്കടവ് റോഡ്	600 മീ.	3 മീ.
9.	കൈതേപ്പാലം – ഇട്ടി മാണിക്കടവ് റോഡ്	750 മീ.	3 മീ.
10.	മൂത്തേടത്തുപടി – വാഴേക്കടവ് റോഡ്	600 മീ.	3 മീ.
11.	മൃഗാശുപത്രി – തലപ്പാടിപ്പടി റോഡ്	200 മീ.	3 മീ.
12.	നിരവത്തുപടി – താഴത്തേൽകടവ് റോഡ്	300 മീ.	3 മീ.
13.	കാലായിൽപ്പടി – പുത്തൻപുരയ്ക്കൽ കടവ് റോഡ്	300 മീ.	3 മീ.
14.	ചേരിപ്പടി – കുഴിയാത്ത് കടുപ്പിൽ റോഡ്	300 മീ.	3 മീ.
15.	കാലായിൽപ്പടി – പമ്പ് ഹൗസ് റോഡ്	150 മീ.	3 മീ.
16.	നരിമറ്റം കവല – ടി. എം. മൂവിസ് റോഡ്	1200 മീ.	3 മീ.
17.	പുത്തൻപുരയ്ക്കൽ – പൂതക്കുഴി റോഡ്	350 മീ.	3 മീ.
18.	കല്ലടപ്പടി – കുന്നേൽപടി റോഡ്	250 മീ.	3 മീ.
19.	മൃഗാശുപത്രി – പുറത്തിയാട്ടുപാടം റോഡ്	150 മീ.	2 മീ.
20.	കുന്നക്കാട്ട് – ആലഞ്ചേരിപ്പാടം റോഡ്	150 മീ.	2 മീ.
21.	കുന്നക്കാട്ട് – കൈതളാവിൽപ്പാടം	175 മീ.	2 മീ.
22.	കുഴിയാത്ത് കടുപ്പ് – വടക്കുംപാടത്ത് റോഡ്	300 മീ.	2 മീ.
23.	സെൻറ് പീറ്റേഴ്സ് ചർച്ച് – സി.എസ്.ഐ. ചർച്ച് റോഡ്	75	2 മീ.
24.	പാനൂർപടി , തടത്തിപ്പടി റോഡ്	250 മീ.	2 മീ.

പാലം ആവശ്യമുള്ള വഴി

1. കൈതേപ്പാലം – ഇട്ടിമാണിക്കടവ്
2. കൈതേപ്പാലം – ചേരുംമൂട്ടിക്കടവ്
3. നിരവത്തുപടി – താഴത്തേൽ കടവ്
4. ബാങ്ക് പടി – കാലായിൽക്കടവ്

കലുങ്ക് ആവശ്യമുള്ള വഴി

1. കാലായിൽപ്പടി – പുത്തൻപുരയ്ക്കൽ പടി (2 എണ്ണം)